

SWAMI VIVEKANANDA.

UNIVERSITY LIBRARY
30 JUL 1928
MADRAS

ഓം

# അരുണോദയം

UNIVERSITY LIBRARY
30 JUL 1928
MADRAS

പുസ്തകം 2. } 1103 മിഥുനം { ലക്കം 2.

## കൃഷ്ണവിലാസകഥാസാരം.

(പാന.)

[ഒരു പഴയ കൃതി. പകപ്പ്വകാശം]

---

ശ്രീഗണപതിയും കവിമാതാവും
ശ്രീപതിയും ശിതികണ്ഠദേവനും
ശ്രീഗുരുനാഥൻതാനും മമ ഹൃദി
സാദരം വിളങ്ങീടുക സന്തതം.
വൃഷ്ണിവംശേ പിറന്നു വളൎന്നോരു
കൃഷ്ണനുണ്ണി തുണക്കേണമെപ്പൊഴും.
വ്യാസനാദി മുനിഗണമെന്നുടേ
മാനസേ കുടികൊണ്ടരുളേണമേ.

ബാലകൃഷ്ണൻെറ ലീലാവിലാസങ്ങൾ
ചാലവേ ചുരുക്കിപ്പറഞ്ഞീടുവൻ.

---

എങ്കിലോ പണ്ടസുരഭാരംകൊണ്ടു
സങ്കടത്തോടും മേദിനീദേവിതാൻ
പങ്കജാസനൻതന്നുടേ മുമ്പിൽ ചെ-
ന്നങ്കരിച്ചോരു വേദന ചൊന്നപ്പോൾ
വാനവരോടുമൊന്നിച്ചു നാന്മുഖൻ
നീലലോഹിതൻതന്നോടുണൎത്തിപ്പാൻ
കൈലാസാചലം പ്രാപിച്ചു ദേവനോ-
ടാധിയെല്ലാമുണൎത്തിച്ചനന്തരം
വാരിജാസനനാദികളേവരും
ക്ഷീരവാരിധിതീരം പ്രവേശിച്ചു

കാളമേഘാഭിരാമശരീരനാം
കാരണാത്മാവുതന്നെ സ്തുതിചെയ്തു,
സങ്കടമുണർത്തിച്ചതുനേരത്തു
പങ്കജാക്ഷൻ ചിരിച്ചരുളിച്ചെയ്തു.
"ദുഷ്ടന്മാരാമസുരകളാലുള്ള
പുഷ്ടഖേദമൊഴിപ്പതിന്നായി ഞാൻ
ശ്രീവസുദേവൻതന്നുടേ സൂനുവായ്
ശ്രീമഥുരാപുരിയിൽ പിറക്കുവൻ;
വാനവരെല്ലാമാദരവോടുടൻ
യാദവരിൽ പിറപ്പി"നെന്നിങ്ങിനെ
വിശ്വനായകൻതാനരുൾചെയ്തതു
വിശ്വസിച്ചു വിരിഞ്ചാദികളെല്ലാം
കാശ്യപീതൻെറ ഖേദവും തീർത്തുടൻ
ആശ്വസിച്ചു നിജപദം പ്രാപിച്ചാർ.

---

ശ്രീമഥുരാപുരിയെന്നു നാമമായ്
ശ്രീമതിയാം മഹാരാജധാനിയെ
ശ്രീവസുദേവൻതാൻ പരിപാലിച്ചു
ശ്രീസഹിതനായ് വാഴുന്നതുകാലം,
ദേവകനാകും യാദവൻതന്നുടേ
ദേവകിയായ കന്യകതന്നെയും
ശ്രീവസുദേവക്കമ്പോടു നൽകിനാൻ
ശ്രീപതി മകനായ്പിറന്നീടുവാൻ.
വേട്ടുനിന്നോരു ശ്രീവസുദേവൻതാൻ
വാട്ടമറേറാരു തേരിലേറിക്കൊണ്ട്
ബന്ധുവർഗ്ഗത്തൊടൊന്നിച്ചുകൊണ്ടവൻ
സന്തോഷത്തോടെ പോകുന്നനേരത്ത്
സാദരം തദാ ദേവകിതന്നുടെ
സോദരൻ നരവീരനാം കംസനും
തേരിലേറിഗ്ഗമിക്കുമ്പോൾ കേട്ടുടൻ
ഘോരമായോരശരീരി വാക്കുകൾ
"ദുഷ്ട! കംസ! ധരിക്കയിവളുടെ
എട്ടാം പുത്രൻ ഭവാനെക്കൊലചെയ്യും"
പെട്ടെന്നിങ്ങിനെ കേട്ടോരു കംസനും
ചട്ടററീടിന വാളുമെടുത്തുടൻ
മട്ടലർമിഴിയാകും ഭഗിനിയെ
വെട്ടുവാനണയുന്ന ദശാന്തരെ

ശിഷ്ടമാനസനാനകദുന്ദുഭി-
യിഷ്ടവാക്ക പറഞ്ഞു ശമിപ്പിച്ചു.
സൽപുരം പുക്ക സാനന്ദമാനക-
ദുന്ദുഭിതാനും തന്നുടെ ഭാൎയ്യയും
നന്ദിച്ചമ്പോടു വാണാരിരുവരും
ഇന്ദിരാപതിഭക്തിരസത്തോടേ.

ഗൎഭമുണ്ടായി ദേവകിക്കക്കാലം
അൎഭകനെ പ്രസവിക്കയും ചെയ്തു.
അപ്പൊഴേ വസുദേവനെടുത്തങ്ങു
കെല്പേറീടിന കംസനു നൽകിനാൻ.
"കഷ്ടമെങ്ങിനേ കൊല്ലേണ്ടു ഞാനെടൊ!
പുഷ്ടകാന്തി കലൎന്ന കിടാവിനെ
എട്ടാം പുത്രനെക്കൊന്നോളാ"മെന്നവൻ
വിട്ടാനീവണ്ണമാറു ശിശുക്കളെ.
നാരദൻെറയരുൾകേട്ടനന്തരം
ഘോരഭാവം കലൎന്നോരു മാതുലൻ
ദാരകന്മാരെയൊക്കെക്കൊലചെയ്താൻ;
ദാരുണന്മാൎക്കു ചെയ്യരുതാത്തുണ്ടൊ?
ദേവകീജഠരത്തെ പ്രവേശിച്ചു
കേവലാനന്ദരൂപനനന്തനും
മോഹനീയശരീരം മനോഹരം
രോഹിണീഗൎഭംതന്നിലകംപുക്കു,
രോഹിണീപുത്രൻ താലാങ്കനുമായി.
ദേവദേവൻ മുകുന്ദൻ മുരാന്തകൻ
ദേവകീഗൎഭംതന്നിലകംപുക്കു.
ശംഖചക്രഗദാദി ധരിച്ചോരു
പങ്കജേക്ഷണൻ വന്നു പിറന്നപ്പോൾ
സങ്കടങ്ങളകന്നു സമസ്തവും.
മങ്കമാരുടെ ഭാഗ്യമിതെത്രയും.
ശങ്കരൻ, വിധി, ചന്ദ്രനു, മിന്ദ്രനും,
പങ്കജപ്രിയബന്ധുവും, സിന്ധുവും,
സിദ്ധചാരണ ഗന്ധൎവ്വവൃന്ദവും,
വൃദ്ധതാപസദേവസമൂഹവും,
കിന്നരന്മാരും, കിംപുരുഷന്മാരും,
പന്നഗന്മാരും, മററുള്ള ഭൂതവും
ഉന്നതാനന്ദം നൃത്തം തുടങ്ങിനാർ.

അച്ഛനോടും ജനനിയോടുംകൂടി
അച്യുതൻതാനരുൾചെയ്തു മെല്ലവേ.
"ഇച്ഛയോടെന്നെസ്സേവിക്കകാരണാൽ
ഇച്ചരിത്രമിവിടെത്തുടങ്ങി ഞാൻ;
അമ്പാടിതന്നിലുണ്ടൊരു കന്യകാ
ഇമ്പമോടേ ജനിച്ചു ശയിക്കുന്നു;
എന്നെയത്ര ശയിപ്പിച്ചു മെല്ലവേ
കന്യയേയുംകൊണ്ടിങ്ങു പോന്നീടണം."
എന്നരുൾചെയ്തു ദേവകീനന്ദനൻ
പിന്നെ നല്ലോരു മാനുഷബാലനായ്.
കയ്യും കാലും കുടഞ്ഞു കരഞ്ഞുടൻ
ശയ്യതന്നിൽ കിടക്കും കിടാവിനെ
കൈത്തലംകൊണ്ടെടുത്തു വസുദേവൻ
ചിത്തമോദേന യാത്ര തുടങ്ങിനാൻ.

(തുടരും.)

ദ്രോണവധത്തിൽ

## * ശ്രീകൃഷ്ണയുധിഷ്ഠിരന്മാരുടെ

### വഞ്ചന (അസത്യവാദം) പ്രക്ഷിപ്തമാണ്.

സുപ്രസിദ്ധമായ മഹാഭാരതത്തിൽ ദ്രോണവധത്തെ വർണ്ണിച്ചിരിക്കുന്നതു് ഇപ്രകാരമാണ്. (ക) ദുര്യോധനൻ ദ്രോണാചാര്യരെ അടിക്കടി അവമാനിക്കയാൽ അദ്ദേഹം പാണ്ഡവസൈന്യത്തിൽ പ്രവേശിച്ചു് പ്രാണത്യാഗം ചെയ്വാൻ നിശ്ചയിച്ചു. ഇപ്രകാരം നിശ്ചയിച്ചതിന്റെ പിറേറദിവസം അദ്ദേഹം ശത്രുസൈന്യത്തിൽ പ്രവേശിക്കുവാൻ തയ്യാറായി. അപ്പോൾ അർജ്ജുനൻ സ്വന്തം പരാക്രമത്തെ പ്രദർശിപ്പിച്ചു് ദ്രോണരുടെ സമീപത്തുനിന്നും കൌരവസേനയെ നിശ്ശേഷം ദൂരെയാക്കി. ആരുംതന്നെ ദ്രോണരെ അനുഗമിക്കാൻ ശക്തരായില്ല. അദ്ദേഹമാകട്ടെ, ഒന്നുകിൽ ശത്രുക്കളെ കൊല്ലുക, അല്ലെങ്കിൽ ശത്രുക്കൾ തന്നെക്കൊല്ലുക, എന്നുള്ള നിശ്ചയത്തോടുകൂടി ശത്രുസംഹാരം ചെയ്തുകൊണ്ടു് പാണ്ഡവസേനയുടെ മദ്ധ്യത്തിൽ പ്രവേശിച്ചു. ഇപ്രകാരം വിരാമരഹിതമായി പോരാടിക്കൊണ്ടുനിന്ന അദ്ദേഹത്തിന്, പകൽ മൂന്നാംയാമമായപ്പോൾ അസ്ത്രശസ്ത്രങ്ങളൊന്നുംകൈവശമില്ലാതെയായി.

മഹാഭാരതമഞ്ജരീലേഖകൻ
(ശ്രീയുക്ത. ബങ്കിമചന്ദ്രലാഹിരിയുടെ ലേഖനത്തിന്റെ തർജ്ജിമ.)

മററുപായങ്ങളൊന്നും കാണായ്കയാൽ ഉടൻ അദ്ദേഹം കയ്യിലുണ്ടായിരുന്ന ധനുസ്സിനെ ഉപേക്ഷിക്കയാണുണ്ടായതു്. അതത്രെ അദ്ദേഹത്തിൻെറ വധത്തിനുള്ള കാരണം. (ഖ) ദ്രോണർ ബ്രഹ്മാസ്ത്രം പ്രയോഗിച്ചു് സൈന്യത്തെ സംഖ്യാതീതമായി സംഹരിക്കുന്നതു് കണ്ടപ്പോൾ അദ്ദേഹത്തിൻെറ പിതാവും മററു മഹർഷികളും ആ ഭയങ്കരയുദ്ധസ്ഥലത്തുവന്നു് അദ്ദേഹത്തെ പലവിധം ഭത്സിക്കയും ശസ്ത്രത്യാഗംചെയ്തു് സ്വർല്ലോകത്തേക്കു പോകാൻ നിർബ്ബന്ധിക്കയും ചെയ്തു. അതുമാത്രമല്ല (ഗ) ശ്രീകൃഷ്ണൻെറ പ്രേരണയാൽ, "അശ്വത്ഥാമാവു് കൊല്ലപ്പെട്ടു" എന്നു് യുധിഷ്ഠിരൻ അസത്യം പറഞ്ഞു. തന്മൂലം ദ്രോണർ ദുഃഖാകുലനായിട്ടു് ആയുധമുപേക്ഷിച്ചു. ഇതുതന്നെയാകുന്നു അദ്ദേഹത്തിൻെറ വധത്തിനുള്ള കാരണം.

ഈ ചെറിയ വിമർശനത്തിൽ, ദ്രോണവധത്തിനുള്ള യഥാർത്ഥകാരണം എന്തെന്നുള്ളതാണു് ആദ്യമായി വിവേചനാർഹമായിരിക്കുന്നതു്. ഇതിനെ പ്രമാണസഹിതം മഹാഭാരതമഞ്ജരിയിൽ വർണ്ണിച്ചിട്ടുണ്ടു്. ഒടുവിൽ പറഞ്ഞ രണ്ടുസംഗതികളും "പ്രക്ഷിപ്ത"മാണെന്നാണു് ഇപ്പോൾ കാണിക്കാൻ തുനിയുന്നതു്. അസാമാന്യപ്രതിഭാശാലിയായ ബങ്കിംചന്ദ്രചാറററർജി, അസത്യം പറയുന്നതിന്നായിട്ടുള്ള ശ്രീകൃഷ്ണൻെറപ്രേരണയും, ഭീമയുധിഷ്ഠിരന്മാരുടെ മിഥ്യാവാദവും, നിശ്ശേഷം പ്രക്ഷിപ്തമെന്നു തൻെറ നിസ്തുല്യമായ "കൃഷ്ണചരിത്ര"ത്തിൽ, അനേകകാരണങ്ങൾ കാണിച്ചു് പ്രദർശിപ്പിച്ചിരിക്കുന്നു. ഇതുസംബന്ധമായി പല പ്രമാണങ്ങളുള്ളതിൽ ചിലതിനെമാത്രമെടുത്തു് അതിനെത്തന്നെ പ്രതിപാദിക്കാം.

ദ്രോണപർവ്വം 189-ാം അദ്ധ്യായത്തിൽ ഇപ്രകാരം കാണുന്നു. ദ്രോണാചാര്യർ പാഞ്ചാലസേനയെ അതിവേഗത്തിൽ സംഹരിച്ചുതുടങ്ങിയപ്പോൾ പാണ്ഡവന്മാർ ഈവിധം വിചാരിച്ചു. "അർജ്ജുനൻ യുദ്ധംചെയ്യാൻ സന്നദ്ധനായാൽ ദ്രോണർ ഒന്നിനും ശക്തനാകയില്ല. എന്നാൽ, അർജ്ജുനൻ ധർമ്മജ്ഞനാണു്. അതുകൊണ്ടു് ഒരിക്കലും അദ്ദേഹത്തിൻെറ ഗുരുദേവനോടു യുദ്ധംചെയ്കയില്ല" ഇതുനിമിത്തം, കൃഷ്ണൻ പാണ്ഡവന്മാരേ, അസത്യം പറയുന്നതിന്നു് പ്രേരിപ്പിച്ചു. അതനുസരിച്ചു് ആദ്യം, ഭീമൻ "അശ്വത്ഥാമാവു് ഹതനായി' എന്നു് അസത്യം പറഞ്ഞു.

ഇപ്രകാരം ഭീമൻ അസത്യം പറഞ്ഞുവെങ്കിലും, ആചാര്യൻ "സ്വപുത്രൻെറ ബലവീര്യപരാക്രമങ്ങളെ വിചാരിച്ചു് ഭീമൻെറ വാക്കിനെ വിശ്വസിച്ചില്ല" പിന്നെയും ധൃഷ്ടദ്യുമ്നനോടെതിർത്തു ഭയങ്കരമായി യുദ്ധംചെയ്തു. ബ്രഹ്മാസ്ത്രം പ്രയോഗിച്ചു് അനവധി പാഞ്ചാലസേനയെ സംഹരിച്ചു. അസ്ത്രാനഭിജ്ഞരായ സാധാരണജനങ്ങളെ ബ്രഹ്മാ

സ്ത്രദ്വാരാ സംഹരിക്കുന്നതു് അധമ്മവും പാപവുമാകകൊണ്ടു് ദ്രോണരുടെ അച്ഛനും മററനേകമഹഷികളും ആ യുദ്ധരംഗത്തിൽവന്നു് ദ്രോണരെ പലവിധം ഭത്സനംചെയ്കയും ആയുധമുപേക്ഷിച്ചു് സ്വഗ്ഗലോകത്തേക്കുപോകാൻ ആജ്ഞാപിക്കയുംചെയ്തു. എങ്കിലും ദ്രോണാചാൎയ്യർ അസ്ത്രത്യാഗംചെയ്തില്ല, അതിനുശേഷം 190–ാം അദ്ധ്യായത്തിലും കാണുന്നു:—"ശ്രീകൃഷ്ണന്റെ പ്രേരണയാൽ യുധിഷ്ഠിരനും അതേ അസത്യവാക്യത്തെ പറഞ്ഞു. പിന്നെയും ദ്രോണാചാൎയ്യർ വളരെനേരം ധൃഷ്ടദ്യുമ്നനോടു പോർചെയ്തു. ഉത്സാഹപൂൎവ്വം പിന്നെയും പിന്നെയും ബ്രഹ്മാസ്ത്രം പ്രയോഗിച്ചു് അനവധി പാഞ്ചാലസൈന്യത്തെ ധ്വംസനംചെയ്കയും ചെയ്തു." ഋഷികളുടെ ഭത്സനമോ ഭീമയുധിഷ്ഠിരന്മാരുടെ അസത്യഭാഷണമോ ദ്രോണരുടെ അസ്ത്രത്യാഗത്തിനു കാരണമല്ല. അതു് അദ്ദേഹത്തിന്റെ നിധനത്തിനു് ഹേതുഭൂതവുമല്ല.

189–ാം അദ്ധ്യായത്തിൽ പ്രക്ഷിപ്തമായ ഭാഗത്തു് കാണുന്നതു്, കൃഷ്ണനും പാണ്ഡവന്മാരും സ്ഥിരമായി വിശ്വസിച്ചിരുന്നതു് "അൎജ്ജുനൻ വലിയ ധാൎമ്മികനാണു് അദ്ദേഹം ഒരിക്കലും തന്റെ ഗുരുദേവനോടു് എതിൎക്കുകയില്ല" എന്നായിരുന്നു. എന്നാൽ, അതിനുമുമ്പു് 187–ാം അദ്ധ്യായത്തിൽ, "അൎജ്ജുനൻ തന്റെ ഗുരുദേവനോടു ഭയങ്കരമായി യുദ്ധംചെയ്തു" എന്നു കാണുന്നു. ദ്രോണർ ബ്രഹ്മാസ്ത്രം പ്രയോഗിച്ചപ്പോൾ അൎജ്ജുനനും ബ്രഹ്മാസ്ത്രദ്വാരാ അതിനെ നിരോധിച്ചു. ആചാൎയ്യൻ ഏതേതു ശരങ്ങളെ പ്രയോഗിച്ചുവോ അവയെ കളിയായിട്ടെന്നപോലെ അൎജ്ജുനൻ പ്രത്യസ്ത്രമെയ്തു രോധിച്ചു. "ദ്രോണാചാൎയ്യർ യാതൊരുവിധത്തിലും അൎജ്ജുനനേക്കാൾ സമൎത്ഥനായില്ല" അതിനു് മുൻപും അൎജ്ജുനൻ പല പ്രാവശ്യം ദ്രോണരോടു് യുദ്ധം ചെയ്കയും അദ്ദേഹത്തേ തോല്പിക്കയും ചെയ്തിട്ടുണ്ടു്. അതുപോലെ വിരാടപുരിയിൽ വച്ചുണ്ടായ യുദ്ധത്തിലും അദ്ദേഹത്തേ പരാജിതനാക്കി അദ്ദേഹത്തിന്റെ വസ്ത്രംപോലും അഴിച്ചെടുത്തുകൊണ്ടുപോന്നു് തന്റെ അപാരമായ ഗുരുഭക്തി പ്രദൎശിപ്പിച്ചിട്ടുണ്ടു്. ഈ സംഭവങ്ങളെല്ലാം ശ്രീകൃഷ്ണനും പാണ്ഡവന്മാരും അറിഞ്ഞിരിക്കെ, അൎജ്ജുനൻ മഹാധാൎമ്മികനാണു് ഒരിക്കലും അദ്ദേഹം തന്റെ ആചാൎയ്യനായ ദ്രോണരോടു് യുദ്ധം ചെയ്കയില്ല എന്നു് ശ്രീകൃഷ്ണനോ പാണ്ഡവന്മാൎക്കോ മനസ്സിൽപോലും തോന്നുക വളരെ അസംഭവ്യമാണു്.

ധൃഷ്ടദ്യുമ്നൻ ഒരു അസാധാരണ വീരപുരുഷനാണു്. കൌരവപക്ഷത്തിൽ, ഭീഷ്മർ പ്രധാനസേനാപതിയായിരിക്കുന്നതുപോലെ പാണ്ഡവസൈന്യത്തിന്റെ പ്രധാനനായകത്വം ധൃഷ്ടദ്യുമ്നനാണു്. 191–ാം അദ്ധ്യായത്തിൽ, "ദ്രോണർ എപ്രകാരം ബ്രഹ്മാസ്ത്രം മുതലായ ശരങ്ങൾ പ്രയോഗിച്ചു് ഭയങ്കരമായി യുദ്ധംചെയ്തുവോ അതേപ്രകാരം

അപരാജിതനായ ധൃഷ്ടദ്യുമ്നനും അതതുശരങ്ങളെക്കൊണ്ടുതന്നെ അവയെ എല്ലാം നിവാരണം ചെയ്തുവെന്നും സംഖ്യാതീതങ്ങളായ ശസ്ത്രജാലങ്ങളാൽ ദ്രോണരെ മറച്ചുവെന്നും കൌരവസേനയെപ്പോലും ഭസ്മീകരിച്ചുകളഞ്ഞുവെന്നും പ്രസ്താവിച്ചിരിക്കുന്നു. (2)അപ്രകാരമായാൽ, അദ്ദേഹം ഏകനെങ്കിലും ഇപ്പോഴും ദ്രോണരെ പരാജിതനാക്കാൻ കഴിയും.

ഇവിടെ പ്രമാണീകരിക്കുന്നത്, അസത്യം പറയുന്നതിനുവേണ്ടിയുള്ള കൃഷ്ണൻെറ പ്രേരണയും, ഭീമയുധിഷ്ഠിരന്മാരുടെ അസത്യവാദത്തിനുള്ള മൂലകാരണവും ഈ പ്രക്ഷിപ്തഭാഗത്ത് കൊടുത്തിട്ടുണ്ടെന്നാണ്. അത് അനൃതമാണ്. അവിടെ അസത്യം പറയുന്നതിന് കൃഷ്ണൻ തന്നെ എന്തുകൊണ്ടു പ്രേരണചെയ്തു? എന്നുതന്നെയല്ല, ഭീമനോ യുധിഷ്ഠിരനോ അസത്യം പറയുന്നതെങ്ങിനെ? അടിസ്ഥാനഹീനമായ സ്തംഭം എപ്രകാരം അസംഭവമോ അപ്രകാരം അടിസ്ഥാനരഹിതമായ ഈ പ്രക്ഷിപ്തഭാഗത്തിൻെറ ഉന്നതപ്രാസാദവും അസംഭവംതന്നെ.

രണ്ടാമതായി, കൃഷ്ണൻ, പാണ്ഡവന്മാരേ അസത്യം പറയുന്നതിന് പ്രേരിപ്പിച്ചു എന്ന് പ്രക്ഷിപ്തഭാഗത്ത് പറഞ്ഞിട്ടുള്ള സമയം, കൃഷ്ണനും അൎജ്ജുനനും, യുധിഷ്ഠിരാദികളായ മററു പാണ്ഡവന്മാരിൽനിന്നു വളരെ ദൂരത്തിലായിരുന്നു.

ഈ പ്രക്ഷിപ്തഭാഗത്തിൻെറ വിവരണം 189-ാം അദ്ധ്യായത്തിൽ ഉണ്ടു്. എന്നാൽ, അതിനുമുൻപുള്ള 188-ാം അദ്ധ്യായത്തിൽ "ഭീമനും നകുല സഹദേവന്മാരും ഉച്ചത്തിൽ അൎജ്ജുനനോടു പറഞ്ഞു, ഹേ! അൎജ്ജുന! വേഗത്തിൽ ദ്രോണാചാൎയ്യരുടെ സമീപത്തുനിന്നും കൌരവസൈന്യത്തെ അകററണം, ദ്രോണാചാൎയ്യർ അസഹായനായാൽ മാത്രമേ പാഞ്ചാലന്മാൎക്ക അദ്ദേഹത്തേ അനായാസേന നിഗ്രഹിക്കാൻ കഴികയുള്ളൂ"എന്നു പറഞ്ഞതായി കാണുന്നു. അതുകേട്ട്, അൎജ്ജുനനും സാരഥിയായ കൃഷ്ണനും കൌരവസൈന്യത്തിൻെറനേൎക്ക വേഗത്തിൽ അടുത്തു; ദ്രോണാചാൎയ്യരും ധൃഷ്ടദ്യുമ്നൻ മുതലായ പാഞ്ചാലന്മാരോടെതിൎത്തു, അൎജ്ജുനൻ ആയവസരത്തിൻ ഭയങ്കരമായി യുദ്ധംചെയ്ത് ദ്രോണരെ വധിക്കുന്നതുവരെ സമസ്തകൌരവസേനയേയും ദ്രോണരിൽനിന്നും ദൂരെയാക്കി നിൎത്തി. * വിശേഷിച്ച്, ദ്രോണരെ വധിക്കുന്നതുവരെ, ശ്രീകൃഷ്ണൻ, പാണ്ഡവന്മാർ, ഈ ആറു മഹാത്മാക്കളും ഒരു സ്ഥലത്ത് ചേരാനിടയായിട്ടില്ല. അതുകൊണ്ടു് ശ്രീകൃഷ്ണൻ, അസത്യം പറയുന്നതിലേക്ക് പാണ്ഡവന്മാരെ പ്രേരിപ്പിക്കയും അതനുസരിച്ച് ഭീമയുധിഷ്ഠിരന്മാർ വ്യാജപ്രസ്താവം ചെയ്കയും ചെയ്തുവെന്നുള്ളത് ത്രിലോകം അസംഭവമായിരിക്കുന്നു. അതിനാൽ ഇതിനു വിപരീതമായി ഇന്നത്തെ മഹാഭാരതത്തിൽ എന്തെല്ലാമുണ്ടോ അവയെല്ലാം പ്രക്ഷിപ്തംതന്നെയാകുന്നു.

* കൎണ്ണപൎവ്വം ൧൩

പ്രക്ഷിപ്തമാണെന്നുള്ളതിനു മൂന്നാമത്തെവിധത്തിലുള്ള ന്യായങ്ങളെ കാണിക്കുന്നു:—

ചരിത്രങ്ങൾക്കെന്നപോലെ മഹാകവികൾ രചിച്ചിട്ടുള്ള കാവ്യങ്ങൾക്കും സാർവ്വത്രികമായ സാമഞ്ജസ്യമുണ്ടായിരിക്കും. അതില്ലെന്നു വന്നാൽ നിശ്ചയമായും പലരുടെകൈവേലയാണെന്നു തീർച്ചപ്പെടുത്താം. ദ്രോണവധത്തിന്റെ 188, 190, 191 ഈ അദ്ധ്യായങ്ങളിൽ സാമഞ്ജസ്യമില്ലെന്നുമാത്രമല്ല പല വിപരീതവർണ്ണനകളും കാണുന്നു.

ദ്രോണപർവ്വത്തിന്റെ 187-ാമദ്ധ്യായത്തിൽ അർജ്ജുനൻ ശ്രീകൃഷ്ണനെ സാരഥിയാക്കിക്കൊണ്ടു ദ്രോണരോടു ഭയങ്കരമായി എതിർത്തു യുദ്ധംചെയ്കയും അദ്ദേഹത്തെ ജയിക്കയുംചെയ്തതായി കാണുന്നു. എന്നിട്ടും, അതിനുപിമ്പുള്ള 189-ാമദ്ധ്യായത്തിൽ പ്രക്ഷിപ്തഭാഗത്ത്, കൃഷ്ണനും പാണ്ഡവന്മാർ നാലുപേരും, അർജ്ജുനൻ മഹാധർമ്മിഷ്ഠൻ, അദ്ദേഹം ഒരിക്കലും ദ്രോണരോടു യുദ്ധംചെയ്കയില്ല എന്നു വിചാരിച്ചതായിക്കാണുന്നു.

ദ്രോണപർവ്വത്തിൽ 188-ാമദ്ധ്യായത്തിലും കർണ്ണപർവ്വം 78-ാമദ്ധ്യായത്തിലും, അർജ്ജുനൻ കൃഷ്ണനെ സാരഥിയാക്കി ഭയങ്കരമായി യുദ്ധംചെയ്ത് സമസ്തകൌരവസൈന്യത്തെയും, ദ്രോണവധംവരെ അദ്ദേഹത്തിൽനിന്നു അകററിനിർത്തിയിരുന്നു; ആ സമയം മററു പാണ്ഡവന്മാർ കൃഷ്ണാർജ്ജുനന്മാരിൽനിന്നും അകന്ന് പാണ്ഡവസേനയുടെ മദ്ധ്യത്തിൽനില്ക്കുന്ന ദ്രോണരുടെ അടുത്തു നിന്നുകൊണ്ടു അദ്ദേഹത്തെ വധിക്കാനുപായം നിശ്ചയിച്ചു എന്നു പറഞ്ഞിരിക്കുന്നു. എങ്കിലും ദ്രോണപർവ്വം 189-ാമദ്ധ്യായത്തിലുള്ള പ്രക്ഷിപ്തഭാഗത്ത്, കൃഷ്ണനും, പഞ്ചപാണ്ഡവന്മാരും, ദ്രോണവധം നടന്ന സമയത്ത് ഒരുമിച്ചുണ്ടായിരുന്നു എന്നു കാണുന്നു.

190-ാമദ്ധ്യായത്തിൽ, യുധിഷ്ഠിരൻ വ്യാജംപറഞ്ഞതിനുശേഷവും, ദ്രോണർ ബ്രഹ്മാസ്ത്രം മുതലായവ പ്രയോഗിച്ച് വളരെനേരം ധൃഷ്ടദ്യുമ്നനോടു യുദ്ധംചെയ്തിട്ടുള്ളതായിക്കാണുന്നു. യുധിഷ്ഠിരൻ അസത്യം പറഞ്ഞാൽ പിന്നെ ദ്രോണർ യുദ്ധംചെയ്യുന്നതല്ലെങ്കിൽ ഇതിനു സംഗതിയില്ല.

149-ാമദ്ധ്യായത്തിൽ, ദ്രോണാചാര്യർ പാണ്ഡവസൈന്യത്തിൽ പ്രവേശിച്ച് പ്രാണത്യാഗം ചെയ്വാൻ നിശ്ചയിച്ചതായിക്കാണുന്നു. 191-ാമദ്ധ്യായത്തിൽ, പാണ്ഡവസൈന്യം ദ്രോണരുടെ നാലുവശവും വളഞ്ഞു എന്നും, 192-ാമദ്ധ്യായത്തിൽ, ദ്രോണർ പാണ്ഡവസേനയുടെ മദ്ധ്യത്തിൽ നിന്നിരുന്നു എന്നും കാണുന്നു. ആദിപർവ്വം 1-ാമദ്ധ്യായത്തിൽ കാണുന്നതു, ദ്രോണാചാര്യർ നിഗ്രഹിക്കപ്പെട്ടപ്പോൾ

അദ്ദേഹം ഏകാകിയായിരുന്നു എന്നാണ്. എന്നാൽ, ഈ 191-ാമദ്ധ്യായത്തിൽ പ്രക്ഷിപ്തഭാഗത്തു കാണുന്നതു് ഇപ്രകാരമാണ്. "ദ്രോണരുടെ മരണസമയത്തു് അദ്ദേഹത്തിന്റെ രക്ഷയ്ക്കായി ശിബി-ബാൽഹീകൻ, വശാതി എന്നിവരും കൌരവസേനയും അദ്ദേഹത്തിന്റെ അടുത്തുണ്ടായിരുന്നു. അപ്രകാരം ദുര്യോധനൻ, കൃപർ, കർണ്ണൻ, സഞ്ജയൻ ഇവരും അവിടെയുണ്ടായിരുന്നു (6) അതിൽ പിന്നെയും, "ദ്രോണർ ആയുധം വച്ചു എങ്കിലും സൈന്യങ്ങൾ മുഖേന രക്ഷിക്കപ്പെട്ടു" *

കർണ്ണപർവ്വം 73-ാം അദ്ധ്യായത്തിൽ, അർജ്ജുനൻ ദ്രോണവധം വരെയും കർണ്ണനേ ദ്രോണരിൽനിന്നും വളരെ അകററി നിർത്തിയിരുന്നതായി കാണുന്നു. എന്നാൽ ദ്രോണപർവ്വം 191-ാം അദ്ധ്യായത്തിൽ പ്രക്ഷിപ്തഭാഗത്തു്, ദ്രോണരുടെ മരണഘട്ടത്തിൽ, കർണ്ണനും അവിടെയുണ്ടായിരുന്നു എന്നു കാണുന്നു.

ദ്രോണപർവ്വം 190-ാം അദ്ധ്യായത്തിൽ ദ്രോണർ യുദ്ധം തുടങ്ങിയതിന്റെ അഞ്ചാംദിവസം, മൂന്നാം യാമമായപ്പോൾ അദ്ദേഹത്തിന്റെ അസ്ത്രങ്ങൾ, നിശ്ശേഷം തീർന്നുപോയി എന്നും, ഈ അദ്ധ്യായത്തിന്റെ ഒടുവിലുള്ള പ്രക്ഷിപ്തഭാഗത്തു്, ദ്രോണർ പലവിധത്തിലുള്ള ബാണങ്ങളേക്കൊണ്ടു് ഭയങ്കരമായി യുദ്ധംചെയ്തു എന്നും, കാണുന്നതെന്തുകൊണ്ടു?

ഈ 190-ാമദ്ധ്യായത്തിൽ ദ്രോണാചാര്യർ, യുധിഷ്ഠിരന്റെ വ്യാജവാക്കുകേട്ടതിൽ പിന്നീടും, ഭയങ്കരമായി യുദ്ധം ചെയ്തു എന്നും, ബ്രഹ്മാസ്ത്രം മുതലായ പലേ ബാണങ്ങളേക്കൊണ്ടു്, പാഞ്ചാലസൈന്യത്തെ, സംഖ്യയില്ലാതെ നശിപ്പിച്ചു എന്നും, കാണുന്നു. എന്നാൽ ഈ അദ്ധ്യായത്തിൽതന്നെ, അതിനു മുൻപുള്ള പ്രക്ഷിപ്താംശത്തിൽ കാണുന്നതു്, ദ്രോണർ ധർമ്മനന്ദനന്റെ മിഥ്യാഭാഷിതം കേട്ടിട്ടു് മിക്കവാറും അചേതനനായി എന്നും പിന്നീടു് ശാസ്ത്രാസ്ത്രങ്ങളൊന്നും അദ്ദേഹത്തിനു് തോന്നിയില്ലെന്നു മാത്രമല്ല മുൻപോലെ യുദ്ധം ചെയ്യുന്നതിനു് ശക്തനമായില്ല എന്നും ആകുന്നു.

189-ാം അദ്ധ്യായത്തിൽ കാണുന്നതു്, ദ്രോണർ പിന്നെയും പിന്നെയും ബ്രഹ്മാസ്ത്രം പ്രയോഗിച്ചു് അളവില്ലാതെ പാഞ്ചാലസൈന്യത്തേ സംഹരിച്ചു എന്നാണ്. അതിനു മുൻപുള്ള ഈ അദ്ധ്യായത്തിലെ പ്രക്ഷിപ്തഭാഗത്തു് കാണുന്നതു് ദ്രോണരുടെ പിതാവും മററു പല മഹർഷികളും വന്നു്, ദ്രോണർ ബ്രഹ്മാസ്ത്രം പ്രയോഗിക്കുന്നതു വിരോധിക്കയും ആയുധമുപേക്ഷിക്കാൻ നിർബന്ധിക്കയും ചെയ്തതായി പറയുന്നു.

---

* ദ്രോണപർവം ൧൯൧.

130-ാം അദ്ധ്യായത്തിൽ, ദ്രോണർ വളരെ ഉത്സാഹപൂർവ്വം യുദ്ധം ചെയ്തതായി പറഞ്ഞിരിക്കുന്നു. എന്നാൽ, അതേ അദ്ധ്യായത്തിൽ ദ്രോണർ ഉത്സാഹപൂർവ്വം യുദ്ധം ചെയ്തതായി പറഞ്ഞിട്ടുള്ളതിന് മുൻപുള്ള പ്രക്ഷിപ്തഭാഗത്ത്—ദ്രോണർ ഋഷികളുടെ വാക്കുനിമിത്തം പിന്നീട് ഉത്സാഹപൂർവ്വം യുദ്ധം ചെയ്തില്ലെന്നും പറഞ്ഞിരിക്കുന്നു.

188-ാം അദ്ധ്യായത്തിൽ യോധന്മാർ പരാക്രമംകൊണ്ടു ദ്രോണാചാര്യരെ പരാജിതനാക്കിയെന്നും, അതിനുശേഷമുള്ള 189—190 ഈ അദ്ധ്യായങ്ങളിലെ പ്രക്ഷിപ്തഭാഗങ്ങളിൽ വ്യാജം പറഞ്ഞു വഞ്ചിച്ച് ദ്രോണരെ വധിച്ചതായും പറഞ്ഞിരിക്കുന്നു.

തുടരും. പി. ശേഷാദ്രി അയ്യർ B. A; B. L.

---

# കൈരളീയരുടെ താൽക്കാലികസ്ഥിതി.

ഊഷ്മാതലത്തിലുള്ള ഏതൊരു രാജ്യക്കാരാണ് ഇന്നു അവരുടെ മാതൃഭൂമിയേയും അവരുടെ മാതൃഭാഷയേയും, ആദരിക്കുകയും സ്നേഹിക്കുകയും, ബഹുമാനിക്കുകയും ചെയ്യാത്തതു? ഇന്നു ഏതൊരുരാജ്യക്കാരാണ് അവരുടെ മാതൃഭൂമിയുടേയും മാതൃഭാഷയുടേയും ഉന്നതിക്കും യശസ്സിന്നും, കീർത്തിക്കും വേണ്ടി സ്വാത്മത്യാഗം കൂടെ ചെയ്യാത്തതു? ഇന്നു ഏതൊരു രാജ്യക്കാരാണ് സ്വാഭിമാനവും, സ്വരാജ്യാഭിമാനവും, അവരുടെ ഹൃദയാന്തർഭാഗത്തിൽ പോററിവളാത്തതു? ഇംഗ്ലണ്ടു, അമേരിക്ക, ഫ്രാൻസ്, ജർമ്മനി, ഇററലി, ഈജിപ്ത് ചൈന, ജപ്പാൻ എന്നു തുടങ്ങി ലോകത്തിലുള്ള ഏതൊരു രാജ്യവും, അവരവരുടെ പ്രവൃത്തിയാൽ, അഹമഹമികയാ അവരുടെ സ്വരാജ്യാഭിമാനത്തെയും, സ്വഭാഷാസ്നേഹത്തെയും, ഉച്ചൈസ്തരം മാറെറാലിക്കൊള്ളിക്കുന്നു. അതേസമയം, കേരളമാതാവിൻെറ സന്താനങ്ങളായി പിറന്ന നാം കേരളഭൂമിയേയും, പരിശുദ്ധയായ ഭാരതമാതാവിനെയും നാശകൂപത്തിൽ പതിപ്പിക്കുവാനുള്ള സംരംഭങ്ങൾ ലജ്ജാവിഹീനം തുടങ്ങുകയും ചെയ്യുന്നു. ഹാ! ഭാരതമാതാവെ, കേരളഭൂമിയും ഭവതിയുടെ അരുമയേറുന്ന പുത്രിയല്ലയൊ? എന്നാൽ എന്തൊരു ദുർദ്ദശയിലാണ് ശ്രീഭാഗ്യവക്ഷേത്രം ആ വന്ധ്യമാമുനിയാൽ ഉൽഘാടനം ചെയ്യപ്പെട്ടതു?

ഭാരതഭൂമി ഇതാ അധഃപതിച്ചുവരുന്നു! അഹോ! കേരളഭൂമി അതാ തൻെറ അന്ത്യദശയിൽ, കേവലം ആശാഭഗ്നയാവാതെ, ഒരു ആശാരശ്മിയോടുകൂടി അശ്രുകലുഷിതമായ ചക്ഷുക്കളാൽ സ്വപുത്രരെ വിക്ഷീക്കുന്നു! കേരളീയരിൽ വൃദ്ധന്മാക്കാകട്ടെ, യുവാക്കന്മാക്കാകട്ടെ, ബാലന്മാക്കാകട്ടെ ബാലികമാക്കാകട്ടെ കുബേരനാകട്ടെ കുചേലനാക

ട്ടെ, ബ്രാഹ്മണനാകട്ടെ അബ്രാഹ്മണനാകട്ടെ, സ്വവർണ്ണനാകട്ടെ അവർണ്ണനാകട്ടെ, ഇന്നു സ്വാഭിമാനമില്ല, സ്വദേശസ്നേഹമില്ല, സ്വാതന്ത്ര്യേച്ഛയില്ല, സ്വഭാഷാഭിമാനമില്ല. സ്വാർത്ഥത്യാഗികളും ആഡംബരോത്സുകന്മാരുമായി രാജ്യത്തിന്നും ലോകത്തിന്നും നന്മചെയ്വാനുള്ള ഇച്ഛാലേശമില്ലെന്നു മാത്രമല്ല, സ്വരാജ്യത്തിന്നും സ്വദേശത്തിന്നും തിന്മവരുത്തിത്തീർക്കാനുള്ള പന്ഥാവുകളെല്ലാം കുന്നും മലയും, കാടും മേടും വെട്ടിനീക്കി സുഗമമാക്കിത്തീർക്കുവാൻ യത്നിക്കുകയുമാണു് ഇന്നു കേരളീയരിൽ തൊണ്ണൂററിഅഞ്ചു ശതമാനം ജനങ്ങളും ചെയ്തുവരുന്നതു്. സ്വരാജ്യസ്നേഹമുള്ള ഒരു കേരളീയൻ സ്വാർത്ഥത്യാഗത്തോടുകൂടി പൊതുനന്മയ്ക്കും സ്വരാജ്യസേവനത്തിന്നും വേണ്ടി പ്രവർത്തിക്കുന്നുവെങ്കിൽ അവൻ ഇന്നു കേരളീയജനതതിയുടെ അസൂയാകലുഷിതമായ നേത്രങ്ങളിൽ അഹംഭാവിയായി, അധികപ്രസംഗിയായി! സ്വരാജ്യത്തിന്നുവേണ്ടി സർവ്വസ്വവും ത്യജിച്ച ത്യാഗവര്യ്യനായ മഹാത്മജിയാൽ സ്ഥാപിക്കപ്പെട്ട ഖദർപ്രസ്ഥാനത്തെ പോഷിപ്പിക്കുവാൻ ഒരുവൻ യത്നിക്കുന്നുവെങ്കിൽ അവൻ അവന്റെ ഭ്രാതാക്കളുടെ സന്നിധിയിൽ കുലംകുത്തിയും കുഡുംബദ്രോഹിയും ചിത്തഭ്രമക്കാരനുമായിത്തീർന്നു! സാമുദായിക വഴക്കുകൾ, തീണ്ടൽ, തൊടീൽ എന്നീ അനാചാരങ്ങൾ, മററധർമ്മങ്ങൾ, എന്നിവയെ നാട്ടിൽനിന്നാട്ടി അകററുവാൻ ഒരു ദേശാഭിമാനി ഉദ്യമിക്കുന്നുവെങ്കിൽ, ആ ഉത്തമപുരുഷൻ തന്റെ സുഹൃത്തുക്കളുടെ ഇടയിൽ പരിഹാസത്തിന്നു പാത്രമായിത്തീർന്നു! ഏവംവിധേന ജനതതിക്കൊ, സമുദായത്തിന്നൊ, രാജ്യത്തിന്നൊ നന്മചെയ്യുന്നവരുടെ പുരോഗതിയിൽ സന്തോഷിച്ചു്, അവരെ അനുമോദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിന്നു പകരം ഇന്നു കേരളീയരിൽ ഭൂരിപക്ഷം ജനങ്ങളും അവരെ ദ്രോഹിക്കുകയും നാശഗർത്തത്തിൽ തള്ളിവിടുവാൻ ശ്രമിക്കുകയുമാണു് ചെയ്തുകാണുന്നതു്.

കേരളീയഭ്രാതാക്കളെ! നാം അധഃപതിച്ച നിലയിലെത്തിയിരിക്കുന്നുവെന്നു നിങ്ങൾ വിസ്മരിച്ചിരിക്കുന്നു! ഭാരതവർഷത്തിലെ അന്യവിഭാഗങ്ങളെ അപേക്ഷിച്ചു കേരളഭൂമി ഇന്നു അനല്പമായ അരിഷ്ടാവസ്ഥയിൽ എത്തിയിരിക്കുന്നുവെന്നു നാം വിസ്മരിച്ചിരിക്കുന്നു! കേരളഭൂമിയുടെ വിനഷ്ടമായ ശ്രേയസ്സും, സമ്പൽസമൃദ്ധിയും, കീർത്തിയും വീണ്ടെടുക്കേണ്ടതു നമ്മുടെ ധർമ്മമല്ലേ? നാം ഇങ്ങിനെ മൌനമവലംബിക്കുന്നതു ശ്രേയസ്കരം തന്നേയൊ? ഇന്നു കേരളത്തിലെ സ്ഥിതികളെപ്പററി കൂലംകഷമായി പര്യാലോചിക്കുന്നതായാൽ ഏതൊരു സ്വദേശാഭിമാനിയാണു് ലജ്ജിച്ചു തലതാഴ്ത്താത്തതു്? ഏതൊരു സ്വദേശഭക്തന്റെ നേത്രങ്ങളിൽനിന്നാണു് സന്താപാശ്രുക്കൾ പൊഴിയാത്തതു? ഏതൊരു സമുദായസേവകന്റെ ഹൃദയമാണു് തീവ്രമായ വ്യഥ അനുഭവിക്കാ

ത്തു? നാം നമ്മുടെ മാതൃഭാഷയെ അവഗണിച്ചിരിക്കുന്നു! നാം നമ്മുടെ വ്യവസായങ്ങളെയും കൈത്തൊഴിലുകളേയും നിർല്ലജ്ജം വെടിഞ്ഞിരിക്കുന്നു! നാം നമ്മുടെ പുരാതനവും പ്രഖ്യാതവുമായ വീൎയ്യശൌൎയ്യാദികളെ കൈവിട്ടിരിക്കുന്നു! നാം നമ്മുടെ മാതൃഭൂമിയെത്തന്നെ നിരസിച്ചു അടിമത്വം കയ്യേററിരിക്കുന്നു! ഹാ, ഭ്രാതാക്കളെ നാം അടിമപ്പെട്ടുഴലേണ്ടുന്നവർതന്നെ, സംശയമില്ല.

കേരളത്തിൽ ആംഗ്ലേയവിദ്യാഭ്യാസം, തന്റെ വിജയസ്തംഭം നാട്ടിയിരിക്കുന്ന ഇന്നു പ്രാഥമികവിദ്യാഭ്യാസം കഴിയുംപോഴെക്കും ബാലന്മാർ പോലും അവരുടെ മാതൃഭാഷയെ പുച്ഛരസത്തോടെയാണ് വീക്ഷിച്ചുവരുന്നത്. കേരളഭാഷയിൽ അനല്പവും അമൂല്യവുമായ നിരവധിരത്നങ്ങൾ കിടപ്പുണ്ടെന്നുള്ള വസ്തുത ആ അധൎമ്മഭീരുക്കൾ ഗ്രഹിച്ചിട്ടില്ല; ഗ്രഹിക്കാൻ ഉദ്യമിക്കുന്നുമില്ല. സ്കൂൾഫൈനൽക്ലാസിലെ വിദ്യാഭ്യാസം മുഴമിക്കുന്നതോടുകൂടി നമ്മുടെ വിദ്യാൎത്ഥിസഹോദരന്മാൎക്കു മലയാളമെഴുതുവാനും വായിപ്പാനും ശ്രമപ്പെടേണ്ടിയും വരുന്നു. നമ്മുടെ ഭാഷ—തുഞ്ചത്തു രാമാനുജവന്ദ്യഗുരുപാദരാൽ പോഷിപ്പിക്കപ്പെട്ട ആ അമൂല്യനിധി—വശപ്പെടുത്തുവാൻ സുകരമല്ലെന്നുള്ള വ്യാജപ്രലാപനംചെയ്യുന്ന മൂഢമതികൾ, തങ്ങളുടെ കൎത്തവ്യമെന്തെന്നാലോചിക്കാതെയും, സ്വഭാഷയെ പോഷിപ്പിക്കുവാൻ വേണ്ടമാൎഗ്ഗങ്ങളെ തേടുവാൻ ഉദ്യമിക്കാതെയും, വിദേശഭാഷയായ ആംഗ്ലേയഭാഷയെ പരിരംഭണംചെയ്തു അടിമത്വത്തെ ശിരസാ വഹിക്കുന്ന കാഴ്ച ഹാ! അസഹനീയം! അസഹനീയം!

വിദ്യാൎത്ഥികളുടെ നില അങ്ങിനെ. വിദ്യാൎത്ഥികളല്ലാത്തവരുടെ സ്ഥിതിയാലോചിക്കുകയാണെങ്കിൽ അതും ലജ്ജാവഹംതന്നെ! മാതാപിതാക്കന്മാൎക്കു അവരുടെ പുത്രരുടെ സ്വഭാഷാപഠനത്തിൽ, അവരെ നിഷ്കൎഷിക്കേണ്ടതായ ഒരു വലിയ ധൎമ്മമുണ്ടെന്നുള്ളതു കേരളീയരിൽ പലൎക്കും ബോധമെയില്ല. ബാലന്മാരെ മാതൃഭാഷയിൽ സംസാരിക്കുവാൻ ശീലിപ്പിക്കുന്നതിന്നുപകരം 'മദർ' 'ഫാദർ' എന്നുതുടങ്ങി ആ നിരുപദ്രവികളെ ആംഗ്ലേയാന്തരീക്ഷത്തിലേക്കു ആനയിക്കുന്ന ആധുനികപരിഷ്കാരികളാണൊ ശിശുസ്വാഗതകേന്ദ്രവും, സമുദായസേവകസംഘങ്ങളും സ്ഥാപിക്കുവാൻ ഒരുങ്ങുന്നതു? തങ്ങളുടെ കിടാങ്ങളെ ഈ വിധം നികൃഷ്ടമായ ജീവിതത്തിലേക്കു വലിച്ചിഴക്കുന്ന മാതാപിതാക്കന്മാർ അതെസമയം അടിമത്വമാകുന്ന ഭാവാനിലനിലേക്കുള്ള മാൎഗ്ഗത്തിൽ അവരുടെ പൈതങ്ങളെ വിടുന്നുവെന്നുള്ളതു ഓൎക്കുന്നതുമില്ല.

ഇനി സ്ത്രീസാമ്രാജ്യത്തിലേക്കെത്തിനോക്കുന്നതായാലത്തെസ്ഥിതിയൊ പരിതാപകരം! ഇപ്പോഴത്തെ യുവതികൾ (കേരളീയർ) വിദ്യാ

ഭ്യാസം ചെയ്യുന്നതിൽ അതിയായ തൃഷ്ണയും ശുഷ്കാന്തിയും പതിപ്പിക്കു ന്നതു ആശ്വാസജനകവും ആമോദകരവുംതന്നെ. എന്നാൽ അവരുടെ വിദ്യാഭ്യാസം നമ്മുടെ മാതൃഭൂമിയുടെ മാനഹാനിക്കു ഹേതുകമായി ഭവിക്കുന്നതു ഒരിക്കലും ക്ഷന്തവ്യമായിരിക്കയില്ല. ഇരുപതാം ശതകത്തിലെ കേരളീയ മഹിളകൾക്കു മലയാളത്തിൽ സംസാരിക്കുന്നതു പോരായ്മയായിട്ടാണ് തോന്നുന്നതു. തങ്ങൾ ഒരു കാലത്തു മാതൃപദം വഹിക്കേണ്ടവരാണെന്നും, തങ്ങളുടെ പുത്രരിൽ സ്വാഭിമാനം, സ്വദേശഭക്തി, സ്വഭാഷാസ്നേഹം എന്നീ ഉത്തമഗുണങ്ങൾ അങ്കുരിപ്പിക്കേണ്ടതു് തങ്ങളുടെ അനിവാൎയ്യമായ കൎത്തവ്യമാണെന്നും, ഈ തന്വംഗിമാർ ഗ്രഹിക്കാത്തതുപോലെയായിരിക്കുന്നു. അല്പമൊരു വിദ്യാഭ്യാസവും സിദ്ധിച്ചു, അടുക്കളപ്പുകയുടെ അന്തരീക്ഷത്തിൽനിന്നും വെളിയിലേക്കെത്തിനോക്കാനുള്ള സ്വാതന്ത്ര്യം ലഭിക്കുംപോഴേക്കു, പുരുഷന്മാരും, ലോകവും തങ്ങൾക്കടിമപ്പെടേണമെന്നുള്ള അതിമോഹവും അഹന്തയുമാണ് ഏതൽക്കാലത്തു് കേരളീയ വനിതാസാമ്രാജ്യത്തിൽ നൎത്തനം ചെയ്യുന്നതു്. പാശ്ചാത്യവനിതകളെ വേണ്ടാത്തിടത്തു അനുകരിക്കുവാനുള്ള ഭ്രമതയാൽ സംസാരിക്കുന്നതോ, ഇംഗ്ലീഷിൽ! ഉടുപ്പോ, പാശ്ചാത്യരീതിയിൽ! ഇനി കേശഭാരവും വെട്ടിച്ചെറുതാക്കി ഇവർ പച്ചപ്പരിഷ്കാരികളോ എന്നുള്ള ഭീതിക്കും അവകാശം ധാരാളം കാണുന്നുണ്ടു്. ഷെയിക്സ്പിയർ, ടെന്നിസൺ, സ്പെൻസർ മുതലായ ആംഗ്ലേയകവികളുടെയും, വിക്ടർഹ്യൂഗൊ, ഡിക്കൻസ് ഡ്യൂമ, റെയിനോൾഡ്സ് മുതലായ ആഖ്യായികാകാരന്മാരുടേയും കവിതകളും ആഖ്യായികകളും വായിച്ചു രസിക്കുന്ന മഹിളാലോകത്തിനു രാമായണം കൃഷ്ണപ്പാട്ടു്, പഞ്ചതന്ത്രം മുതലായ ഗ്രന്ഥങ്ങൾ വായിപ്പാൻ ഇച്ഛയില്ലെന്നുള്ളതുതന്നെ, നാം അടിമത്വം വഹിക്കുവാൻ ബാദ്ധ്യസ്ഥരാണെന്നുള്ളതിനു മതിയായ സാക്ഷ്യം വഹിക്കുന്നുണ്ടു്. ഇനി തങ്ങളുടേയും തങ്ങളുടെ മാതാപിതാക്കന്മാരുടേയും നാമധേയങ്ങൾ പോലും ഇംഗ്ലീഷിലാക്കുവാൻ സാദ്ധ്യമാകുമൊ എന്നായിരിക്കും ഇവരുടെ ആലോചന!

ഇനി കേരളീയ ഉദ്യോഗസ്ഥസാമ്രാജ്യത്തിലേക്കെത്തിനോക്കുന്നതായാലത്തെ അവസ്ഥയും പരിതാപകരംതന്നെയാണ്. ഇന്ത്യാഗവൎമ്മേണ്ടിന്റെ പ്രഥമവും, ബാദ്ധ്യതയുള്ളതുമായ ഉദ്ദേശം ഇന്ത്യക്കു നന്മവരുത്തത്തക്കവിധത്തിൽ ഭരണംനടത്തുകയെന്നായിരിക്കേണ്ടതാണല്ലോ. എന്നാൽ ഭാരതീയരായ ഉദ്യോഗസ്ഥന്മാർ അവരുടെ ഭീരുത്വം, സ്വാൎത്ഥത, എന്നിവയാൽ ഭാരതീയഭരണരീതിതന്നെ അലങ്കോലപ്പെടുത്തിയിരിക്കുന്നു. എന്നിരിക്കെ സ്വാഭിമാനികളും, സ്വരാജ്യസേവകന്മാരും, സ്വാതന്ത്ര്യേച്ഛുക്കളുമായ ആംഗ്ലേയരിൽ കുററാരോപണംചെയ്യുന്നതുതന്നെ നമ്മുടെ മനോവിശാലതയെ തെളിയിക്കുകയാണ് ചെയ്യു

ന്നതു്. ഈ ഒരു കാര്യത്തിൽ, ഭാരതവർഷത്തിലെ മററു ജില്ലകളോടു് കിടപിടിക്കുവാൻ കേരളത്തിന്നു സാദ്ധ്യമായിത്തീൎന്നിട്ടുണ്ടു്. ഭാരതീയർ ഖദർ ധരിക്കുന്നതിൽ ആംഗ്ലേയഗവൎമ്മേണ്ടിന്നു വിരോധമില്ല. സാമ്രാജ്യനിയമസഭാ അദ്ധ്യക്ഷനായ ശ്രീമാൻ പറെറൽ ഇംഗ്ലീഷ് ചക്രവൎത്തിയുടെ സന്നിധിയിലും, പാർലിമെന്റു് മഹായോഗത്തിലും ഖദർവസ്ത്രധാരിയായി സന്നിഹിതനായിരുന്നതിൽ യാതൊരു ഇംഗ്ലീഷുകാരനും വിരോധം ഭാവിച്ചിരുന്നതുമില്ല. നിശ്ചയമായും അവർ ആ സ്വരാജ്യസേവകനെ അദ്ദേഹത്തിന്റെ അതിരററ സ്വദേശഭക്തികണ്ടു മനസാ സ്തുതിച്ചിട്ടുണ്ടായിരുന്നിരിക്കും, സംശയമില്ല. എന്നാൽ ഇന്നു നമ്മുടെ രാജ്യക്കാരായ ഉദ്യോഗസ്ഥന്മാർ, ആംഗ്ലേയ ഉദ്യോഗസ്ഥന്മാരുടേയും മേലധികാരിമാരുടേയും പ്രീതിസമ്പാദിക്കുവാനായി ഖദർധാരികളെ പുച്ഛിക്കുന്നതാണു് കണ്ടുവരുന്നതു്. ഭാരതഭൂമിയിൽ, ഭാരതീയന്റെ പാണികളാൽ നിൎമ്മിതമായ വസ്തുക്കൾ, ഭാരതഭൂമിയുടെ സാമ്പത്തികമായ സ്ഥിതിയെ ഗണ്യമായി പോഷിപ്പിക്കുവാനും വൎദ്ധിപ്പിക്കുവാനും ഉതകുമെന്നു അവർ ഓൎക്കാതെ, സ്വാൎത്ഥമാകുന്ന നികൃഷ്ടജന്തുവിന്നിരയായി, സ്വദേശസേവകന്മാരെ വെറുക്കുകയും, അവരെ ദ്രോഹിക്കുകയുമാണു് ഇവരുടെ ഇന്നത്തെ പ്രധാനജോലി. കേരളീയ ഉദ്യോഗസ്ഥവൎഗ്ഗങ്ങളും,

"മുമ്പിൽഗമിച്ചീടിന ഗോവുതന്റെ പിമ്പേഗമിക്കും ബഹുഗോക്കളെ"

പ്പോലെ ഇതിൽ ഭാഗഭാക്കുകളാവുകയുമാണു് ചെയ്യുന്നതു്. ഇതാണൊ അവരുടെ സ്വദേശസ്നേഹം? ഇതൊ അവരുടെ സമുദായസേവനം?

ഇങ്ങിനെ എങ്ങുനോക്കിയാലും കേരളം ഇന്നു അധഃപതിച്ചു പോവുന്നതായി കാണാവുന്നതാണു്. ഈ ഘട്ടത്തിൽനിന്നു നമ്മുടെ മാതാവിനെ വിമോചിക്കേണ്ടതു കേരളസന്താനങ്ങളായ നമ്മുടെ ധൎമ്മമാണു്. ഇതിൽ പുരുഷനും, സ്ത്രീക്കും, ബാലനും, വൃദ്ധനും ഓരോ ഭാഗങ്ങളുണ്ടെന്നും പ്രസ്താവ്യമാണു്. അതിനാൽ യുവജനങ്ങളെ, വിദ്യാൎത്ഥിസഹോദരന്മാരെ, നാം നമ്മുടെ ഗാഢനിദ്രയിൽനിന്നുണൎന്നു് പ്രവൃത്തിപഥത്തിലേക്കിറങ്ങേണ്ടുന്ന ഘട്ടം ഇതാ വന്നുചേൎന്നിരിക്കുന്നു. യുവജനങ്ങളല്ലയോ ഒരു രാജ്യത്തിന്റെ നെടുംതൂണുകൾ? യുവജനങ്ങളിലല്ലയോ ഒരു രാജ്യത്തിന്റെ സ്വാതന്ത്ര്യവും, യശസ്സും, അഭിവൃദ്ധിയും നിക്ഷേപിക്കപ്പെട്ടിരിക്കുന്നതു്? വീണ്ടും യുവജനങ്ങളുടെ സിരകളിലല്ലയോ ഒരു രാജ്യത്തിന്റെ അഭ്യുന്നതിക്കായി പരിശ്രമിക്കാൻ പ്രേരിപ്പിക്കുന്ന പതച്ച രക്തം നിരന്തരം പ്രവഹിച്ചുകൊണ്ടിരിക്കുന്നതു്? നമ്മുടെ രാജ്യത്തിന്റെ ഭാവിശ്രേയസ്സും, സ്വാതന്ത്ര്യവും, നന്മയും, നമ്മെയല്ലെ ആശ്രയിച്ചിരിക്കുന്നതു്? ഏതൊരു രാജ്യത്തിന്റേയും അഭിവൃദ്ധിയിലും സ്വാതന്ത്ര്യസമരത്തിലും വിദ്യാൎത്ഥികളും യുവജനങ്ങളുമാണു് മു

MUL
063091

ന്നണിയിൽനിന്ന് തീവ്രമായി പരിശ്രമിച്ചിരുന്നതും, ഇന്നു പരിശ്രമിച്ചു വരുന്നതും. നമുക്കു ചെയ്യാൻ സാദ്ധ്യമായ കാൎയ്യങ്ങൾ—പൊതുനന്മക്കായുള്ള വിഷയങ്ങൾ—അസംഖ്യമാണ്. ഗ്രാമപ്രനേതൃദ്ധാരണം, മാതൃഭാഷാപോഷണം, അനാചാരദ്ധ്വംസനം, സ്വരാജ്യസേവനം, വിദ്യാഭ്യാസവ്യാപ്തി, സാധുപരിപാലനം, ശുചീകരണമാൎഗ്ഗങ്ങൾ, കൃഷിവ്യവസായപരിഷ്ക്കരണം, എന്നിങ്ങിനെ നിരവധി കൃത്യങ്ങളിൽ ശ്രദ്ധപതിപ്പിച്ചു, ഈ ഓരോ വകുപ്പുകളേയും പരിഷ്ക്കരിച്ചു പോഷിപ്പിക്കുവാൻ നാം യത്നിക്കുന്നതായാൽ ഇവ നിസ്സംശയം വിജയകരമായി പൎയ്യവസാനിക്കുന്നതായിരിക്കും. നമ്മുടെ സ്വാതന്ത്ര്യക്കോട്ടയിലേക്കുള്ള മാൎഗ്ഗം ദുൎഗ്ഗമമാക്കിത്തീൎക്കുന്നതു ഒട്ടും അപ്രധാനമല്ലാത്ത ഈ വിഷയങ്ങളെ കേവലം അവഗണിച്ചിരിക്കുന്നതുകൊണ്ടാണെന്നു നാം ഇനിയെങ്കിലും ഗ്രഹിച്ചു, നമ്മുടെ പുരോഗതിക്കായി പ്രവൎത്തിപ്പാൻ സന്നദ്ധരാവുക! നമ്മുടെ അനദ്ധ്യായസമയങ്ങളിൽ നമ്മാൽ സാദ്ധ്യമായ ഈ വിഷയങ്ങളിൽ ശ്രദ്ധാലുക്കളായി നാം സ്വാശ്രയത്താൽ സ്വാതന്ത്ര്യം പുനഃസ്ഥാപിച്ചു നമ്മുടെ ധൎമ്മം നിറവേററുക! കേരളമാതാവിനേയും, ഭാരതമാതാവിനേയും സേവിച്ചു, സമുദായതല്പരന്മാരും, മാതൃകാപുരുഷന്മാരുമായിത്തീരുവാൻ നാം നിൎഭയം യത്നിക്കുക!

കേരളീയ ഉദ്യോഗസ്ഥവൎഗ്ഗങ്ങളെ, നിങ്ങൾ ഉദ്യോഗം ഭരിക്കുന്നതിനാലും, ധനമാൎജ്ജിക്കുന്നതിനാലും ഒരുകാലത്തും സ്വദേശത്തിന്നു വിരോധികളായിത്തീരുന്നതല്ല. എന്നാൽ നിങ്ങൾ വഹിക്കുന്ന ആ ഭാരം, നമ്മുടേയും നമ്മുടെ മാതൃഭൂമിയുടേയും നന്മയെ കാംക്ഷിച്ചുള്ളതായിരിക്കേണ്ടതാണ്. സ്വദേശത്തിന്നു ശ്രേയസ്കരവും, സമാധാനകരവുമായ വിഷയങ്ങളിൽ നിശ്ശങ്കം പ്രവൎത്തിക്കുകയും, സ്വദേശസേവകന്മാരേയും, സമുദായസേവകന്മാരേയും, സഹായിക്കുകയും ചെയ്യേണ്ടതു നിങ്ങളുടെ കൎത്തവ്യമാണ്. ഈവക കാൎയ്യങ്ങളിൽ ഭരണകൎത്താക്കന്മാരെ ഭയന്നു സ്വേച്ഛാലുക്കളും സ്വരാജ്യദ്രോഹികളുമായി അടിമത്വമാകുന്ന ഭയങ്കരനരകത്തെ ഏററുവന്നതിലും ഭേദം, ഭിക്ഷാടനംചെയ്തുപജീവിക്കുകയാണ്. ഇനിയെങ്കിലും നിങ്ങൾ ജാഗ്രതയോടുകൂടി നിങ്ങളുടെ ഹൃദയാന്തൎഭാഗത്തിൽ സ്വാൎത്ഥമാകുന്ന വെണ്ണീറിനാൽ മൂടപ്പെട്ടിരിക്കുന്ന സ്വരാജ്യസ്നേഹമാകുന്ന തീക്കട്ടയെ നിൎഭയം ജ്വലിപ്പിച്ച് പ്രവൃത്തിപഥത്തിലേക്കിറങ്ങുക! അന്ധന്മാരായ ഈ യുവജനങ്ങളെ മുന്നോട്ടു നയിപ്പിക്കുകയും സ്വാതന്ത്ര്യസമ്പാദനത്തിനായുള്ള ഞങ്ങളുടെ സമരത്തിൽ ഞങ്ങളെ സഹായിച്ചു കേരളമാതാവിനേയും ഭാരതമാതാവിനേയും ബന്ധിച്ചിരിക്കുന്ന ശൃംഖലകളെ ഖണ്ഡങ്ങളാക്കിച്ചിതറിക്കുവാൻ പരിശ്രമിക്കുകയും ചെയ്തു ഭാരതമാതാവിൻെറ ഉത്തമസന്താനങ്ങളായിത്തീരുക!

ഹാ, സഹോദരിമാരെ, മാതാക്കളെ, നിങ്ങളുടെ നിൎമ്മലങ്ങളായ ഹൃദയങ്ങളാണു് പരിതപിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ മാതാവിനെ സമാശ്വസിപ്പിക്കുവാൻ സഹായിക്കുക. നിങ്ങളുടെ പുത്രവൎഗ്ഗങ്ങളിലും ഭൎത്തൃജനങ്ങളിലും സ്വരാജ്യസ്നേഹം, സ്വഭാഷാഭിമാനം, എന്നിവയുടെ അനൎഘങ്ങളായ ബീജങ്ങളെ നട്ടുവളൎത്തേണ്ടതും, അവയെ പോഷിപ്പിക്കേണ്ടതും നിങ്ങളുടെ അനിവാൎയ്യമായ ധൎമ്മമാണു്. സതിധൎമ്മം ഉത്തമരീതിയിൽ പാലിച്ചു നിറവേററുകയും, ഗൃഹനായികാപദം ശ്രേഷ്ഠപദമെന്നു കരുതി പ്രവൎത്തിക്കയും ചെയ്യുന്നതാണു് ഒരുത്തമ മഹിളാമണിയുടെ ശ്രേഷ്ഠകൃത്യങ്ങൾ. സീത, ശീലാവതി, ദമയന്തി, മുതലായ പൌരാണിക ഹൈന്ദവവനിതാരത്നങ്ങളേയും, ചാന്ദബീബി, രമാഭായി, ജീജിഭായി (ശ്രീശിവാജിയുടെ മാതാവു്), ശ്രീമതി അന്നപൂൎണ്ണാദേവി എന്നീ മാതൃകാമഹിളാമണികളേയുമാണു് നിങ്ങൾ ഇന്നു അനുകരിക്കേണ്ടതു്. അല്ലാതെ പാശ്ചാത്യസ്ത്രീലോകത്തെയല്ല. ആരെ അനുകരിക്കുന്നതായാലും—അവർ പാശ്ചാത്യരായാലും ശരി, ഭാരതീയരായാലും ശരി—അവരുടെ ഉത്തമഗുണങ്ങളെയാണു് നിങ്ങൾ കരസ്ഥമാക്കേണ്ടതു്. ഈ ആപൽദ്ദശയിലെങ്കിലും ധൎമ്മാധൎമ്മങ്ങളെ വിവേചിച്ചറിഞ്ഞു കേരളമാതാവിൻേറയും ഭാരതമാതാവിൻേറയും സ്വാതന്ത്ര്യത്തിന്നും ഉന്നതിക്കുമായി നിങ്ങൾ തീവ്രയത്നം ചെയ്യുക! നിങ്ങളെ പാശ്ചാത്യവനിതാസാമ്രാജ്യങ്ങളാൽ അനുകരിക്കപ്പെട്ടുകയും ചെയ്യട്ടെ!

കേരളസഹോദരസഹോദരിമാരെ, നാം ഇന്നുതൊട്ടെങ്കിലും വൎഗ്ഗീയമായോ, ജാതീയമായൊ ഉള്ള സ്പൎദ്ധകളെല്ലാം വിസ്മരിച്ചു, കേരളീയർ അഥവാ ഭാരതീയർ എന്ന അഭിമാനത്തോടുകൂടെ നമ്മുടെ രാജ്യത്തിൻെറ ക്ഷേമത്തിന്നും, സ്വാതന്ത്ര്യത്തിന്നും, ഉന്നതിക്കുമായി പ്രവൎത്തിക്കുക! ശ്രീ ഭാൎഗ്ഗവക്ഷേത്രം മററു വിഭാഗങ്ങൾക്കു ഒരു മാതൃകയായിത്തീരുവാൻ തക്കവണ്ണം നാം യത്നിക്കുകയും സ്വരാജ്യസേവനം എന്ന മഹാകൃത്യത്തിലേൎപ്പെട്ടു് കൃതകൃത്യരാവുകയും ചെയ്യുക! ഉത്തിഷ്ഠത! ജാഗ്രത!

"അരുതരുതുവിരോധം ഭിന്നവൎഗ്ഗങ്ങളെല്ലാം  
ഒരു ചരടിലിണക്കിച്ചേൎക്കാത്ത പുഷ്പങ്ങളല്ലോ,  
പൊരുളിതുതെളിവാക്കിക്കേരളത്തിൻെറ നന്മ-  
ക്കൊരുമയൊടിനി യത്നം ചെയ്യുവിൻ നാട്ടുകാരെ!"

പുതിയറ — കീഴേടത്തു് വാസുദേവൻ (വിദ്യാൎത്ഥി)

# ഗംഗാദേവി.

സംസ്കൃതസാഹിത്യത്തിൽ കവയിത്രികളുടെ സംഖ്യ തുലോം കുറവായിട്ടാണ് കാണുന്നതു്. പക്ഷെ ചരിത്രദൃഷ്ടിക്ക് എത്തിനോക്കാൻ കഴിയാത്തകാലത്തുകൂടി, ഭാരതാരാമത്തിലെ കവിതാശാഖയിലിരുന്നുകൊണ്ടു് ഗാൎഗ്ഗി മുതലായ അപൂൎവ്വം ചില പവിത്രചരിത്രകളായ ശുകികൾ, വൈദികസൂക്തിഗാനങ്ങളെ പൊഴിച്ചുകൊണ്ടിരുന്നുവെന്നുള്ളതു് നമുക്കു് തീൎച്ചയായും അഭിമാനജനകംതന്നെ. രാജശേഖരൻ തന്റെ നാടകം വഴിയായി ഇന്ദുലേഖ, ഗൌരിക, പ്രകാശദത്ത മുതലായ ചില യശസ്വിനികളെ ചിരംജീവിനികളാക്കിച്ചെയ്തിട്ടുണ്ടു്. കൂടാതെ, അദ്ദേഹത്തിന്റെ വകയായ കാവ്യമീമാംസയിൽ സ്വപത്നിയായ അവന്തിസുന്ദരിയുടെ പദ്യങ്ങൾ പലതും ഉദ്ധരിച്ചുകാണുന്നുണ്ടു. കവനകല, പുരുഷന്മാൎക്കമാത്രമുള്ള സ്വകാൎയ്യസ്വത്തല്ലെന്നും, വനിതകൾക്കും അതു് ആശാസ്യമാകുംവണ്ണം വശ്യമാകാമെന്നുമുള്ളതിന്നു്, കിട്ടിയേടത്തോളം സ്ത്രീകളുടെ കവിതകൾതന്നേ തികഞ്ഞ തെളിവുകളാണു്.

പ്രകൃതകവയിത്രിയായ ഗംഗാദേവി, "മധുരാവിജയം, അഥവാ വീരകമ്പരായ ചരിതം" എന്ന കാവ്യത്തിന്റെ കൎത്രിയാകുന്നുവെന്നു് ഈ കാവ്യത്തിലെ പ്രഥമദ്വിതീയസൎഗ്ഗാന്തങ്ങളിൽ 'ഇതി ശ്രീഗംഗാദേവ്യാ വിരചിതേ മധുരാവിജയനാമ്നി വീരകമ്പരായ ചരിതേ' എന്നു കാണുന്നതുകൊണ്ടു് നിശ്ചയിക്കാവുന്നതാണു്. ഈ പുണ്യശ്ലോക പ്രസ്തുതകാവ്യത്തിലെ നായകനും വിജയനഗരാധിപനുമായ കമ്പനന്റെ പത്നിയാകുന്നുവെന്നുള്ളതിന്നും പലേ ലക്ഷ്യങ്ങളുമുണ്ടു്.

റോബർട്ട് സീവൽ (Robert Sewell) എന്ന ചരിത്രകാരൻ എ. ഡി. 1900ത്തിൽ ബഹുജനസമക്ഷം അവതരിപ്പിച്ച 'ഒരു വിസ്മൃതസാമ്രാജ്യം, അഥവാ വിജയനഗരം" എന്ന ചരിത്രഗ്രന്ഥത്തിന്റെ ആവിൎഭാവത്തിന്നുമുമ്പു് ഒരു കാലത്തു് ദക്ഷിണേന്ത്യയിലെ പ്രധാന ഹിന്ദുസങ്കേതവും സമ്പൽസമൃദ്ധവുമായിരുന്ന 'വിജയനഗര'ത്തെക്കുറിച്ചു് കേട്ടിട്ടുള്ളവർ ചരിത്രാന്വേഷകന്മാരുടെ ഇടയിൽ കൂടി അധികം ഉണ്ടായിരിക്കുമോ എന്നു് സംശയമാണു്. ഇന്നും ഈ സാമ്രാജ്യത്തെസ്സംബന്ധിച്ചുള്ള നമ്മുടെ അറിവു് സമഗ്രമല്ലെന്നുതന്നെ സമ്മതിക്കേണ്ടിയിരിയ്ക്കുന്നു.

വിജയനഗരത്തിന്റെ ചരിത്രം, ദക്ഷിണഭാരതത്തിലെ പ്രധാനശക്തിയായിരുന്ന ഭാമിനി സാമ്രാജ്യത്തോടും പിന്നീടു് അതുതന്നെ വിഭിന്നമായ്ത്തീൎന്ന അഞ്ചു മുഹമ്മദീയരാജ്യങ്ങളോടുമുള്ള ഒരു നെടും പോരാട്ടമാണു്. എ. ഡി. 1565ലെ 'താളിക്കോട്ടയുദ്ധം'കൊണ്ടു് ഇതവസാനിയ്ക്കുകയും, വിജയനഗരം കേവലം നാമാവശേഷമായ്ത്തീരുകയും ചെയ്തതു് ചരിത്രപ്രസിദ്ധമായ സംഭവമാണല്ലോ. ഈ സാമ്രാജ്യ

ത്തിന്റെ ഉൽഭവത്തെക്കുറിച്ച് പലപ്രകാരമുള്ള ഐതിഹ്യങ്ങളുമുണ്ടെങ്കിലും, ഇതിന്റെ കാരണഭൂതന്മാർ സംഗമൻ എന്ന ഒരാളുടെ മക്കളായ ഹക്കൻ അല്ലെങ്കിൽ ഹരിഹരനും, അനുജൻ ബുക്കരാജനുമാണെന്നുള്ള അഭ്യൂഹത്തെ,

"ആസീൽ സമസ്തസാമന്ത മസ്തകന്യസ്തശാസനഃ
ബുക്കരാജ ഇതിഖ്യാതോ രാജാ ഹരിഹരാനുജഃ"

എന്ന മധുരാവിജയപദ്യവും ദൃഢീകരിയ്ക്കുന്നുണ്ട്. ഈ ബുക്കരാജന്റെ പ്രഥമപുത്രനാണ് കഥാനായകനായ കമ്പനൻ. ഇദ്ദേഹം എ. ഡി. 1343നു ശേഷമാണ് ജീവിച്ചിരുന്നതെന്ന് പല ലക്ഷ്യങ്ങളും തെളിയിയ്ക്കുന്നുണ്ട്.

കമ്പരായ ചരിതം, കേവലം ഇരുളിൽ ആണ്ടുകിടന്ന ചരിത്രപ്രധാനമായ ഒരു ഘട്ടത്തിനുണ്ടായ അപൂർവസൂര്യോദയമാകുന്നു; എന്നുമാത്രമല്ല, ഏതൽ കർത്രിയായ 'ഗംഗാദേവി' എന്ന വിദുഷി, കമ്പനന്റെ പ്രിയപത്നിയുമായിരുന്നുവെന്നതു് തീർച്ചയായും ഇതിന്നു ഉൽകർഷത്തെ ഉണ്ടാക്കുന്നുണ്ട്. വിശിഷ്യ, മധുരകോമളമായ കവിതാരീതിയാണ് ഇതിന്നു സർവ്വോപരിയായ മാഹാത്മ്യത്തെ നൽകുന്നതു്. പണ്ഡിതർ ഹരിഹരശാസ്ത്രീ, ശ്രീനിവാസശാസ്ത്രി എന്നീ മാന്യന്മാർ ഈ പ്രസിദ്ധീകരണംകൊണ്ട് ചരിത്രാന്വേഷകന്മാൎക്കും സാഹിത്യബന്ധുക്കൾക്കും വിസ്മരിക്കുവാൻ വയ്യാത്ത ഒരുപകാരമാണ് ചെയ്തിട്ടുള്ളതെന്നു തീർത്തുപറയാം. പക്ഷേ, ദുർഭാഗ്യവശാൽ ഒരോലഗ്രന്ഥം മാത്രം കിട്ടിയതിനെ ആശ്രയിക്കേണ്ടിവന്നതുകൊണ്ട് ചില പദ്യങ്ങളേ ഇല്ലെന്നുമാത്രമല്ല, ചിലേടം സന്ദിഗ്ദ്ധപ്രായമാണെന്ന് സംസൂചിതമായിട്ടുമുണ്ട്.

മധുരാവിജയത്തിലെ ഇതിവൃത്തം ഇതാണ്:—താതോപദേശം അനുസരിച്ച് കമ്പനൻ ദക്ഷിണദിഗ്വിജയത്തിന്നു പുറപ്പെട്ടുപോയി, ദ്രവിഡരാജാവായി, തുണ്ഡീരമണ്ഡലത്തിന്നെല്ലാം അധിപനായ ചമ്പരായനെ ജയിച്ച്, കാഞ്ചീപുരത്തെ പ്രധാനനഗരിയാക്കി രാജ്യഭാരംചെയ്യുന്നു. ഇപ്രകാരം കുറച്ചുകാലം കഴിഞ്ഞശേഷം, ഒരു ദിവസം യദൃച്ഛയാ സമാഗതയായ ഒരു സ്ത്രീ തുരുഷ്കരാജാക്കന്മാരുടെ അധർമ്മകർമ്മങ്ങളെയെല്ലാം അറിയിച്ച് അവരെ അമൎത്തുവാൻ രാജാവിനോടു പ്രാൎത്ഥിക്കുന്നു. മധുരാധിപനുമായുണ്ടായ യുദ്ധത്തിൽ ധർമ്മബന്ധുവായ കമ്പനൻ വിജയം നേടുകയും, ചരിത്രപ്രസിദ്ധമായ വിജയനഗരസാമ്രാജ്യത്തെ സ്ഥാപിക്കുകയും ചെയ്യുന്നു. ഈ ചരിത്രവൃത്താന്തത്തെ സാഹിത്യരസസംശ്ലിഷ്ടമാക്കിത്തീൎത്ത് സഹൃദയന്മാൎക്കു സമൎപ്പിച്ചിട്ടുള്ള ഗംഗാദേവിയുടെ കവനകലാകൌശലവും കൽപനാശക്തിയും അസാധാരണങ്ങളെന്നേ പറയേണ്ടതുള്ളൂ.

ഗംഗാദേവിയുടെ കവിത്വം വൈദുഷ്യത്താൽ സംസ്കരിക്കപ്പെട്ട ഒന്നായിരുന്നു. അവരുടെ ബുദ്ധിമിനുത്ത സാഹിത്യസരണിയിൽ എന്നപോലെതന്നെ കടുത്ത ശാസ്ത്രവത്മാവിലും സകൌതുകം സഞ്ചരിച്ചിരുന്നു എന്നുള്ളതിന്ന് മധുരാവിജയം എന്ന നിരൂപണവിഷയമായ കാവ്യം മതിയായ തെളിവുകൾ നൽകുന്നുണ്ട്.

ഈ കവയിത്രിയ്ക്കു ചില കവികളെപ്പോലെ വർണ്ണനയുടെ കട്ടം നിറപ്പകിട്ടിലും അവികാരജനകമായ അലംകാരപ്രയോഗങ്ങളിലും ഭ്രമമില്ലെന്നുള്ളതു് ഈ കാവ്യത്തെ ആപാദചൂഡം ആസ്വാദ്യമാക്കുന്നുണ്ട്. ഗാഢമായ പ്രകൃതിവിലോകനത്തിന്റെ ഫലങ്ങളും, ശ്രവണമാത്രയിൽ സുന്ദരാലേഖ്യങ്ങളെ ഹൃദയദർപ്പണത്തിൽ പ്രതിഫലിപ്പിപ്പാൻ പര്യാപ്തങ്ങളുമായിട്ടുള്ള ഉപമ മുതലായ ഉത്തമാലങ്കാരങ്ങളേ ഉചിതമായ വിധത്തിൽ വിനിവേശിപ്പിച്ചിരിക്കുന്നു.

വാസനാനുഗൃഹീതനായ കവിയ്ക്കു് വിമർശനകുശലതകൂടി ഉണ്ടാവുന്നതു് വലിയൊരനുഗ്രഹംതന്നെ. ഈ ഗ്രന്ഥത്തിന്റെ ആരംഭത്തിൽ, വാല്മീകിതൊട്ടു് വിശ്വനാഥൻ വരെയുള്ള പൂർവകവീശ്വരന്മാരെക്കുറിച്ചു് ചെയ്തിട്ടുള്ള പ്രസ്താവങ്ങൾ സാഹിത്യരസനിഷ്യന്ദിയായ ഒരു സഹൃദയഹൃദയത്തിൽനിന്നല്ലാതെ പുറപ്പെടുവാൻ യാതൊരുവഴിയുമില്ല. 'വാണീപാണിപരാമൃഷ്ട വീണാനിക്വാണഹാരിണി'യാണ് ഭട്ടബാണന്റെ വാണി; 'വിമർദ്ദവ്യക്ത സൌരഭ്യ'യാണ് ഭാരവിയുടെ ഭാരതി; എന്നും മററുമുള്ള നിരൂപണം പ്രതിപദം പരമാർത്ഥമാണു്. 'ഭിന്നാ ഹ്യേവ കവയഃ' എന്ന പഴമൊഴിയെ,

താർക്കികാ ബഹവഃസന്തി ശാബ്ദികാശ്ചസഹസ്രശഃ
വിരളാഃകവയോലോകേ സരളാലാപ പേശലാഃ

എന്നും, 'കാവ്യം യശസേഽർത്ഥകൃതേ
............................എന്ന ആലംകാരികമതത്തെ,

കരോതികീർത്തിം,മർത്ഥായ കല്പതേ, ഹന്തിദുഷ്കൃതം;
ഉന്മീലയതിചാഹ്ലാദം കിം ന സൂതേ ക വേഃ കൃതിഃ

എന്നുമായി വെളിപ്പെടുത്തീട്ടുള്ളതു് എത്ര മനോഹരമായ രീതിയിലായിരിയ്ക്കുന്നു! പുരോഭാഗികളുടെ നേരെ,

ഗുണം വിഹായകാവ്യേഷു ദുഷ്ടോദോഷംഗവേഷതേ;
വനേഷു ത്യക്തമാകന്ദഃ കാകോ നിം ബ മപേക്ഷതേ.
(മധു. വി. T. 20)

ദോഷൈകദർശികളായ നിരൂപകന്മാരുടെ നേരേ ഇതിലും നിശിതമായ എന്തൊരസ്ത്രമാണ് കവികൾക്ക് അയപ്പാൻ കഴിയുന്നതു്.

ഗംഗാദേവി സവ്വോപരി മാതൃകാകവിയാക്കി അനുകരിയ്ക്കുന്നതു് കാളിദാസരെയാണ്.

ദാസതാംകാളിദാസസ്യ കവയഃ കേ ന ബിഭ്രതി
ഇദാനീമപിതസ്യാത്മാനമുപജീവന്ത്യമീയതഃ
(മധു. വി. I. 8.)

കവികളിൽ ആരാണ് കാളിദാസക്ക് ദാസതയെ വഹിയ്ക്കാത്തതു്? എന്തെന്നാൽ, ഇപ്പോഴും കവികൾ അദ്ദേഹത്തിൻെറ അത്ഥങ്ങളെക്കൊണ്ടാണ് ഉപജീവിക്കുന്നതു്. ഇതിൽനിന്നും ഈ കാവ്യകർത്രി 'സകലനിബന്ധനഹത്രി'യാണെന്ന് ആരും തെററിദ്ധരിയ്ക്കേണ്ടതില്ല. സപമനോധമ്മക്കരുവിൽ വാത്തവയല്ലാതെ കേവലം ചൌയ്യാജ്ജിതങ്ങളായ ആശയങ്ങൾ ഇതിൽ കാണ്മാൻ പ്രയാസമാണ്. രഘുവംശത്തിൽ,

ശരീരസാദാദസമഗ്രഭൂഷണാ മുഖേനസാലക്ഷ്യതലോധ്രപാണ്ഡുനാ;
തനുപ്രകാശേനവിചേയതാരകാ പ്രഭാതകല്പാ ശശിനേവ ശവ്വരീ
(സർഗ്ഗം iii ശ്ലോ. 2.)

എന്നും,

സസേനാം മഹതീം കഷ്ൻ പൂവ്വസാഗരഗാമിനീം.
ബഭൌ ഹരജടാഭ്രഷ്ടാം ഗംഗാമിവ ഭഗീരഥഃ
(IV. 32.)

എന്നുമുള്ള ശ്ലോകങ്ങളെ,

മുഖേനതന്വീ ശരപാണ്ഡുരേണ വിമുക്തരത്നാഭരണാവിരേജേ
വിലൂനരാജീവ വനാദിനാന്തേ ഛായാശശാങ്കേന ശരന്നദീവ.
(മധു വി. II 2)

എന്നും,

സനയൻ മഹതീം സേനാം വ്യരുച ദീര കുഞ്ജരഃ;
പയോദമാലാമാകഷ്ൻ പൌരസ്ത്യ ഇവ മാരുതഃ
(മ ധു വി. IV. 35)

എന്നുമുള്ള ശ്ലോകങ്ങൾ സ്മൃതിപഥത്തിലേയ്ക്കു് അനായാസേന ആനയിയ്ക്കുന്നുണ്ടെങ്കിലും അവ മാററുകുറഞ്ഞ അനുകരണങ്ങളാണെന്ന് ആക്കും പറവാൻ കഴികയില്ല. ഇത്തരം അനേകം ശ്ലോകങ്ങൾ ഉദ്ധരണീയങ്ങളായുണ്ടു്. തൽകാലം ലേഖനദൈഘ്യത്തെ ഭയന്ന് അതിന്നൊരുങ്ങുന്നില്ല.

ഗംഗാദേവിയുടെ കവിതയ്ക്കുള്ള ഒരു പ്രത്യേകഗുണം സഹൃദയഹൃദയാവജ്ജകമായ 'പ്രസാദ'മാകുന്നു. വിജയനഗരവണ്ണനാഘട്ടത്തിലുള്ള

ലക്ഷ്മീലതാലവാലേന ക്ഷ്മാവധൂനാഭിശോഭിനാ.
ചക്രാചലപ്രകാരേണ—പ്രാകാരേണ പരിഷ്കൃതാ.
സ്ഫുരന്മണിപ്രഭാഹൂത പുരുഹൂത ശരാസനൈഃ
സുമേരുശൃംഗസംകാശൈർഗ്ഗോപുരൈരുപശോഭിതാ.
ഉൽഫുല്ലചമ്പകാശോക നാഗകേസരകേസരൈഃ
വസന്തവാസഭവനൈരാരാമൈരഭിതോവൃതാ.

*   *   *   *

കമലാമോദമധുരൈഃ കളഹംസകുലാകുലൈഃ,
ക്രീഡാസരോഭിഃ സഹിതാ മണിസോപാനമഞ്ജുളൈഃ

(മധു. T 45—9)

എന്നും മററുമുള്ള പദ്യങ്ങൾ, കവിതാദേവിയുടെ കനകാന്തഃപുരശിഞ്ജിതങ്ങൾതന്നെയാകുന്നു. പൂർവ്വോക്തമായ പ്രസാദഗുണത്തിൻെറ അഭാവത്തിൽ കവിത,

നിർദ്ദോഷാപ്യഗുണാവാണീ നവിദഗ്ദ്ധജനരഞ്ജനീ
പതിവ്രതാപ്യരൂപാസ്ത്രീ പരിണേതുർന്ന രോചതേ.

എന്ന മട്ടിലായിത്തീരുന്നതാണ്. രചനാസൌകുമാര്യംകൊണ്ടു് അനിർവ്വചനീയമായ പരമാനന്ദം ഉളവാക്കുന്ന ഒരു സൂക്ഷ്മസംഗീതം ഉള്ള കവിതയാണ് യഥാർത്ഥകവിത. ആ ഗുണം ഗംഗാദേവിയുടെ കവിതയെ അനുഗ്രഹിച്ചിട്ടുണ്ടെന്ന് അനുഭവരസികന്മാരേ പറഞ്ഞറിയിക്കേണമെന്നില്ല. ദക്ഷിണഭാരതാരാമത്തിലെ കവികുലകോകിലാംഗനയായ ഗംഗാദേവിയുടെ കളസംഗീതസ്വരം കലർന്ന കാവ്യലക്ഷ്മി സാഹിത്യരസികന്മാരെ നിത്യവും സൌഹിത്യലഹരീനിമഗ്നരാക്കിക്കൊണ്ടു വിജയിക്കട്ടേ!

തൃത്തമംഗലം — എം. സുന്ദരേശമേനോൻ, ബി. ഏ.

---

# പട്ടിണിക്കുട്ടികൾ.

(കാകളി)

ദാരിദ്ര്യഭ്രൂത,മൊട്ടങ്ങാ വിശപ്പിനാൽ
താരുണ്യസൌഭഗമെല്ലാംവിഴുങ്ങിയാൽ
ഏതുമട്ടാമൊരുപെണ്ണെന്നുനോക്കുവാൻ
ധാതാവൊരുക്കുന്ന കാഴ്ചയോ കാണ്മു,നാം?
ഒട്ടനാൾമുമ്പേ, വിശ്രുദ്ധരാഗോദയം
തട്ടിയുണർത്തിത്തഴുകി, യിത്തവ്വിലോ,

ചെറോരാശ്വാസത്തിനാളില്ല, തപ്തമാ-
യിററിററുവീഴുന്ന കണ്ണുനീരെന്നിയെ.
നേരിട്ടൊരാളോടിരന്നിടാൻ നിത്യമ-
ച്ചാരിത്രശുദ്ധാസ്സുധീരമത്രേ, മനം;
പോരെങ്കിലയ്യോ, കുലീനതാപമെപ്പൊഴും
പോരായ്മയെന്നാച്ചെവിയിൽ മന്ത്രിക്കലും!

ക്ഷീണാന്തരംഗവുമുദ്ബുദ്ധമാക്കുന്ന
വീണാനിനാദം, മധുരം, മുഴങ്ങവേ,
ഹന്ത, മനോജ്ഞം, മുരളീരവാമൃത-
മന്തരിക്ഷത്തിൽ തുളുമ്പിയൊഴുകവേ,
രാഗതാളങ്ങളൊത്താഹ്ലാദകാരിയായ്
ഭാഗവതപ്രിയഗാനം ഗളിക്കവേ,
ആ നിസ്സഹായതൻകണ്ഠം ഞെരിയുന്ന
ദീനദീനസ്വരം, മാരാണു കേൾക്കുവാൻ?

വെണ്മയുംനേർമ്മയുംചേർന്നുവിളങ്ങിടും
രമ്യാംബരങ്ങളിൽ തൃപ്തിവരായ്കയാൽ
ഭിന്നവർണ്ണങ്ങളാം പട്ടുവസ്ത്രങ്ങളെ-
പ്പിന്നെയും പിന്നെയുമാരാഞ്ഞുകൊള്ളവേ,
നീറിപ്പിടയുന്ന മാറൊന്നുമൂടുമ-
ക്കീറപ്പടച്ചര,മാരാണു കാണുവാൻ?

വൈദ്യുതദീപികാമാലയണികയാൽ
വിദ്യോതമാനമായ്ത്തീർന്ന സൌധങ്ങളിൽ
മോഹനദ്രവ്യങ്ങൾ നീളെ നിരത്തുവാൻ
സാഹസപ്പെട്ടുഴന്നീടുന്നവേളയിൽ,
മേഞ്ഞപുല്ലെല്ലാം പറന്നും, ഭയദമായ്
ചാഞ്ഞും, കിടക്കുമിപ്പൊട്ടക്കുടിലിനെ,
ഉല്ലസിപ്പിക്കുക പിന്നെയല്ലോ;—ഹഹ!
തെല്ലനുകമ്പയോടാരൊന്നു നോക്കുവാൻ?

പഞ്ചസാരക്കുഴമ്പാസ്വദിച്ചീടവേ,
പഞ്ചാമൃതത്തിനാൽ നെഞ്ചം കുളിക്കവേ,
പാനയോഗ്യം മധുവുന്മേഷമേകവേ,
പാല്പായസത്തിനാൽ വീർപ്പുമുട്ടീടവേ,
തൊണ്ടവരണ്ടൊരാവായിലേയ്ക്കാഹന്ത!
രണ്ടുനീർത്തുള്ളികളാരാണു വീഴ്ത്തുവാൻ?

അം‘ശ്ലിബി’നേടിയ സന്ത്യാഗമുദ്രയാൽ
വിശ്വാതിദീപ്തമാമെന്മാതൃഭൂമിയിൽ,
തൻകാര്യചിന്താവിഷമജ്വരാമയ-
വൻകാലദോഷം കയറിക്കളിക്കയായ്;
അല്ല, നാമെത്രയധഃപതിച്ചു; കാണ്മി-
നെല്ലുകൾപൊന്തിയ പട്ടിണിക്കുട്ടകൾ !!

തിരുവല്ല. വെണ്ണിക്കുളം വിദ്വാൻ സി. എൻ. ഗോപാലക്കുറുപ്പ്

# കഴിഞ്ഞ കഥ.

(തുടർച്ച)

## അദ്ധ്യായം 4.

### വിദ്യാലയത്തിൽ.

ഇതുവരെ നാട്ടിൽക്കഴിച്ചുകൂട്ടിയ എനിക്ക് വീടുവിട്ട് അതുവരെ പരിചയപ്പെട്ടിട്ടുള്ള സ്ഥലങ്ങൾ പിന്നിട്ടതോടുകൂടി കാണുന്നതെല്ലാം പുതുമയായിട്ടുതോന്നി. രാവിലെ പുറപ്പെട്ട് ഞങ്ങൾ റെയിൽവേസ്റ്റേഷനിൽ എത്താൻ 12മണിയായി. അന്ന് കാറുകളും ബസ്സുകളും നാട്ടുപുറത്തെ ഏകാന്തമൌനത്തിന്ന് ഭംഗം വരുത്തിയിരുന്നില്ല. അവിടവിടെയായി നിരത്തുവക്കത്ത് ചില കാളവണ്ടികളെ ഉണ്ടായിരുന്നുള്ളു. അതിലൊന്നിനെ ഞങ്ങളും ആശ്രയിച്ചു. ഡിസ്ട്രിക്ടുബോർഡുകാരുടെ മേൽനോട്ടത്താൽ വണ്ടിച്ചാലുകളെക്കൊണ്ടും, ഇരുഭാഗത്തുള്ള വൃക്ഷങ്ങളെക്കൊണ്ടും തിരിച്ചറിയേണ്ടുന്ന നിരത്തിൽക്കൂടി—നാഴികക്ക് നാലുതുകയററിറക്കളുള്ള നിരത്തിൽക്കൂടി—ലോകം നശിച്ചാലും ഞങ്ങൾക്ക യാതൊന്നും വരാനില്ലെന്ന നിലയിൽ എണ്ണിക്കൊണ്ട് കാലുവെക്കുകയോ എന്നു തോന്നുമാറ് പതുക്കെ നടക്കുന്ന കാളകൾ വലിച്ചുകൊണ്ടുപോകുന്ന ഒരു വണ്ടിയിൽ യാത്രചെയ്യാനിടവന്ന ആരും ആ അനുഭവം മരിച്ചാലും മറക്കുന്നതല്ല. ചാലുകളുടെ നിമ്നോന്നതസ്ഥിതികൊണ്ട് ഉള്ളിലിരിക്കുന്നവരെ അമ്മാനമാടിക്കൊണ്ടുപോകുന്ന വണ്ടിയുടെ കടകട ശബ്ദവും, ഉദ്ദിഷ്ടസ്ഥാനത്തേക്കുള്ള ദൂരവും, അവിടെ എത്താനുള്ള തിടുക്കവും വണ്ടിക്കാരൻെറ ഉറക്കവും എല്ലാംക്കൂടിച്ചേർന്നപ്പോൾ നാടുവിട്ടതു നന്മക്കോ തിന്മക്കോ എന്നുള്ള സംശയം എന്നിൽ ഉദിച്ചുതുടങ്ങി. ഏതുവിധത്തിലെങ്കിലും പകുതിജീവനോടെ തീവണ്ടിയാപ്പീസ്സിലെത്തി. മററുവാഹനങ്ങളുടെ മന്ദഗതിയിൽ അസഹ്യസ്ഥനായി അലറുന്നതുപോലെ വലിയ“എരമ്പക്ക”ത്തോടുകൂടി വന്ന തീവണ്ടി മനുഷ്യബുദ്ധിയുടെ മാഹാത്മ്യത്തെ വിളംബരപ്പെടുത്തിക്കൊണ്ടു ഉടനെ

എത്തി. അതിൽക്കയറി ഒരു 4മണിക്കൂറിനുള്ളിൽ ഞങ്ങളെല്ലാവരും കോഴിക്കോട്ടെന്ന കേൾക്കേട്ട സ്ഥലത്തും വന്നുചേൎന്നു. അത്ഭുതപാരവശ്യംകൊണ്ടു് അനങ്ങാതെ ഇടക്ക് ഇരുഭാഗത്തേക്കും നോക്കിയും, വണ്ടി പാലത്തിന്റെ മുകളിൽക്കൂടി പോകുമ്പോൾ ഞെട്ടിയും അതുവരെ കഴിച്ചുകൂട്ടിയ എനിക്കു് വണ്ടിയിറങ്ങിയപ്പോൾ ഒരു മഴ പെയ്തതോന്നുപോലെയുള്ള ഒരനുഭവമാണുണ്ടായതു്. സ്റ്റേഷന്റെ പുറത്തെത്തിയപ്പോൾ വണ്ടിക്കാരന്റെ ആളെപിടിക്കാനുള്ള അക്ഷമത സ്വന്തം വൃത്തിയിലും ചകത്തിയിരുന്ന കുതിരകളെപ്പൂട്ടിയ ചില വണ്ടികൾ ഞങ്ങളെ അഭിവാദ്യം ചെയ്തു. അമ്മാമന്റെ വീട്ടിലെത്തിയതിന്നുശേഷം എന്റെ അമ്പരപ്പിന്നു അല്പം ശമനമുണ്ടായി. / പിറ്റെ ദിവസം ഞങ്ങളെല്ലാവരും കൂടി വണ്ടിയിൽ കയറി പട്ടണം ചുററി അടുത്തടുത്തുള്ള വീടുകളും ആൾക്കൂട്ടവും, വണ്ടികൾ ഗതാഗതം ചെയ്യുമ്പോൾ നിരത്തിന്മേൽനിന്നു പൊങ്ങുന്ന പൊടിയും പൊടിപററി ചുകപ്പുനിറത്തോടുകൂടിയ ഇലകളും കണ്ടപ്പോൾ നാട്ടുപുറത്തിന്റെ സ്മരണ എനിക്കുണ്ടായതോടുകൂടി ഇതു് എന്തൊ ഒരസ്വാസ്ഥ്യത്തിന്റെ ചിഹ്നങ്ങളാണെന്നും തോന്നിപ്പോയി. വേനൽക്കാലത്തു് വെളുത്തവസ്ത്രത്തിന്നു പട്ടുക്കരയിട്ടപോലെ മണൽപ്പുറത്തിന്റെ ഒരു ഭാഗത്തുകൂടെ തെളിവെള്ളം ഒഴുകുന്ന പുഴകളും, വൎഷക്കാലത്തു് സമൃദ്ധികാണിക്കുന്ന അതിലെ ജലപ്രവാഹവും കുററിക്കാടുകളാകുന്ന പുതപ്പിട്ടു് വിശ്രമംകൊള്ളുന്ന ചെറുകുന്നുകളും, മന്ദമാരുതൻ വിലസിക്കൊണ്ടിരിക്കുന്ന അവയുടെ മുകൾപ്പരപ്പുകളും, ഞാൻ ചങ്ങാതിമാരോടുകൂടി "മുള്ളുംപഴം" മുതലായതു് അറുത്തു വിഹരിച്ചുകൊണ്ടിരുന്ന അവയുടെ പ്രാന്തങ്ങളും; വേനൽക്കാലത്തു് വറൾച്ചകൊണ്ടു് ശൂന്യതയെ പ്രാപിച്ചു്, അകംവിങ്ങു് മേൽഗതിയെ നോക്കിക്കിടക്കുന്നവയും, വൎഷക്കാലത്തു് വിളവേറി വിളയാടിക്കൊണ്ടിരിക്കുന്നവയും ആയ വയലുകളും എന്റെ മനസ്സിൽ താരതമ്യവിവേചനം നടത്തിക്കൊണ്ടിരുന്നു. പ്രകൃതിയിൽ നിത്യമായി കുടികൊള്ളുന്ന പ്രസാദത്തിന്നും വികൃതിയിൽ കാണുന്ന അസന്തുഷ്ടിക്കും ഇവരണ്ടും സാക്ഷികളായിതന്നെ ഇരിക്കട്ടെ.

പാഠശാലക്കുള്ളിൽ അധികം താമസിക്കാതെ ഞാനും പ്രവേശിച്ചു. നാട്ടെഴുത്തച്ഛന്റെ തല്ലും ഭീഷണിയും വീട്ടിന്റെ വൃത്തികെട്ട ഒരു താഴ്‌വാരമൂലയിലിരുന്നു് ശ്വാസം വിടാതെയും അൎത്ഥം തൊടാതെയും ഉള്ള ഉരുവിടലും വിദ്യാഭ്യാസത്തിന്റെ ചടങ്ങുകളായി അതുവരെ കരുതിയിരുന്ന എനിക്കു്, അതിഭംഗിയിൽ പണിചെയ്തിരുന്ന ഒരു വിദ്യാലയം കണ്ടപ്പോൾ അതു സുഖമായി താമസിക്കുവാനുള്ള ഒരു മന്ദിരമെന്നല്ലാതെ പഠിക്കുവാനുള്ള ഒരു സ്ഥലമാണെന്നു തോന്നുകയുണ്ടായില്ല. മണിയടിയും, അതിനെ തുടൎന്നുകൊണ്ടുള്ള നിശ്ശബ്ദവും, കുപ്പായവും

തലക്കെട്ടും ധരിച്ച്, ഒരു ചൂരൽ കയ്യിൽപിടിച്ചുകൊണ്ട് ഓരോമുറിയിലേക്കും ഓരോരുത്തരുടെ ആ വരവും, അതിനിടക്ക് ഓടിക്കളിക്കുന്ന പോലെ കുട്ടികളുടെ അതാതു മുറികളിലേക്കുള്ള പോക്കും, ഞാൻ ചെയ്യേണ്ടത് എന്താണെന്ന് എന്നേയും ധരിപ്പിച്ചു. ക്രമേണ കൌതുകവും പുതുമയും എന്നെ വിട്ടുപിരിഞ്ഞു. ഞാൻ എൻെറ പുതിയജീവിതത്തോടുകൂടിച്ചേൎന്നു.

(തുടരും) ദേവീദാസൻ.

---

# പഴഞ്ചൊൽകഥകളും ഒരു ആക്ഷേപവും.

---

കഴിഞ്ഞ ജൂൻ 30-ാംനു-ത്തെ (1103 മിഥുനം 17-ാംനു-ത്തെ) യോഗക്ഷേമപത്രത്തിൽ "രസികരസായനം" എന്ന തലക്കെട്ടിൻകീഴിൽ കെ. എന്ന ഒരു പേരിൽ ഇങ്ങിനെ ഒരു ലേഖനം കാണുകയുണ്ടായി.

"വഴിയിലെ ചെണ്ട.

[അരുണോദയത്തിൻെറ കഴിഞ്ഞ ലക്കത്തിൽ (2-ാം പുസ്തകം 1-ാം ലക്കം) മിസ്റ്റർ വി. ടി. ശങ്കുണ്ണിമേനോൻ, രസികൻ എന്നു സ്വയം പേരെടുത്തിട്ടുള്ള മിസ്റ്റർ മേനോനാണെന്നു തോന്നുന്നു, ചില രസികതകൾ തട്ടി മൂളിച്ചിട്ടുണ്ട്. ഈ "പഴഞ്ചൊൽ കഥകൾ"കൊണ്ടു രംഗപ്രവേശംചെയ്ത മിസ്റ്റർ മേനോൻെറ ഉദ്ദേശങ്ങളെന്തായാലും അതിനെ അഭിനന്ദിക്കുവാൻ ഈയുള്ളവനൊരുക്കമില്ല, ഇവ യഥാൎത്ഥത്തിൽ പഴഞ്ചൊൽകഥകളായാലും അഥവാ ലേഖനകൎത്താവിൻെറ മനോധൎമ്മവിലാസത്തിൻെറ ഫലങ്ങളായി നിൎമ്മിതങ്ങളായ പഴഞ്ചൻ കഥകളായാലും ശരി; ഈവക പഴംഭാണ്ഡങ്ങളേയും ഭേസിക്കൊണ്ടുവന്നു സാഹിത്യരംഗത്തിൽ കെട്ടഴിച്ചു സമുദായാന്തരീക്ഷത്തെ ദുൎഗ്ഗന്ധപൂരിതമാക്കുന്നതു മഹാസാഹസമെന്നേ പറവാനുള്ളു. അന്യന്മാരെ കലശൽക്കൂട്ടുകയാണ് ഉദ്ദേശമെങ്കിൽ അതൊരുവിധം നിറവേററുവാൻ ഈ വിദ്യ വലിയ തരക്കേടില്ല. സ്ഥാനത്തിലും അസ്ഥാനത്തിലും നമ്പൂതിരിമാരെ കലശൽക്കൂട്ടുന്നതു ഒരു പരിഷ്കാരമായി ധരിച്ചിട്ടുള്ള രസികന്മാർ ധാരാളമുള്ളതുകൊണ്ടു ഇതിൽ വളരെ അതിശയിപ്പാനൊന്നുമില്ല. ശരിയായ കാരണങ്ങളൊന്നും കിട്ടിയില്ലെങ്കിലെന്താ; രസികന്മാരുടെ കല്പനാശക്തിക്കു നിൎമ്മിക്കുവാൻവഹിയാത്ത സംഗതികളെന്താണുള്ളതു. ഒരു കഥയെഴുതണമെങ്കിൽ അതിൽ അപഹാസപാത്രമായി ഒരു നമ്പൂതിരി കൂടാതെ കഴികയില്ല. നോവലിൽ നമ്പൂതിരിയില്ലെങ്കിൽ അതു "ശുദ്ധ"മാവുകതന്നെയില്ല, ഇന്ദുലേഖയുടേയും മീനാക്ഷിയുടേയും കാലമെല്ലാം കഴിഞ്ഞിട്ടു ചില കൊല്ലങ്ങളായെങ്കിലും ഇന്നും നമ്മുടെ സാഹിത്യനായകന്മാർ നമ്പൂതിരിയെ കളിയാക്കുന്ന ക്രിയാംഗം ഒഴിച്ചുവി

ടാറില്ല. സാക്ഷാൽ കെ. എം. പണിക്കരവർകളും ഈയിടെ ഒരു പുതിയ നോവലെഴുതി. ചരിത്രനോവലാണെന്നാണ് വെപ്പ്. അതിലും ഒരു നമ്പൂതിരിയെ നികൃഷ്ടവേഷംകെട്ടിച്ചു അരങ്ങത്തുകൊണ്ടുവന്നു ചൊല്ലിയാടിച്ചിട്ടുണ്ട്. തിരുവനന്തപുരത്തു താമസിക്കുന്ന ഒരു മിസ്റ്റർ ടി. കെ. വേലുപ്പിള്ളയും ഒരു 'ഹേമലതയെ' നിർമ്മിച്ചിട്ടുണ്ട്. നമ്പൂതിരിയെ അതിലും ഒഴിച്ചുവിട്ടിട്ടില്ല. ഇങ്ങിനെ എവിടെ നോക്കിയാലും നമ്പൂതിരിക്കു നല്ല "പ്രതിഗ്രഹ"മില്ലാത്ത നോവലുകൾ കണ്ടുകിട്ടുകയില്ല. ഈ നമ്പൂതിരിമാർ എന്നൊരിനം മലബാറിലില്ലായിരുന്നെങ്കിൽ നമ്മുടെ നോവലുകാർ എന്താണ് ചെയ്യുമായിരുന്നതെന്നു ഞാൻ പലപ്പോഴും ആലോചിക്കാറുണ്ട്. ഈ നോവലുകളിൽ പലതും സർവ്വകലാശാലക്കാർ 'അപ്പൂവ്വ്' ചെയ്തിട്ടുമുണ്ട്. നമ്പൂതിരിമാരുടെ സ്ഥാനത്തു മററു വല്ല സമുദായക്കാരും, മുഹമ്മദീയരോ ക്രിസ്ത്യാനികളോ, ആയിരുന്നുവെങ്കിൽ അറിയാമായിരുന്നു. അതൊക്കെ പോകട്ടെ. നമ്മുടെ ശങ്കുണ്ണിമേനോൻ പറയുന്നതെന്താണെന്നല്ലേ നോക്കേണ്ടതു്!

"ലോകമാകെ പരിഷ്ക്കരിക്കണമെന്നുറച്ചു പുറപ്പെടുന്ന പഴക്കവും തഴക്കവും സിദ്ധിച്ചിട്ടില്ലാത്ത ചില പരിഷ്ക്കാരപ്രിയന്മാരായ ചെറുപ്പക്കാരുദ്യോഗസ്ഥന്മാർ അല്പാല്പം വല്ല ന്യൂനതയും കണ്ടു അതു വലുതാക്കി കൊട്ടിഘോഷിച്ചു നടന്നു പ്രതിനിധിയാലോചിച്ചു നടക്കുന്നതിന്നിടയിൽ അതിലും എത്രയോ വലിയ ദോഷങ്ങൾ ക്രമേണ ദൃഷ്ടിയിൽപെടുമ്പോൾ, ഒന്നുംവേണ്ട എല്ലാം ഇരിക്കുന്ന ദിക്കിൽതന്നെയിരിക്കട്ടെ എന്നോത്തു തങ്ങളുടെ ലോകപരിചയക്കുറവിനെയോത്തു ജാള്യതപ്പെടുന്നു"എന്നൊരു തത്വം മിസ്റ്റർ മേനോൻ കണ്ടുപിടിച്ചെഴുതി അതിനെ സാധിക്കുവാൻ ഒരുദാഹരണം വേണം, നമ്പൂതിരിയെ പിടിച്ചാൽ ചോദിക്കുവാനാരുമില്ലെന്നു അദ്ദേഹത്തിന്നറിയാം. നല്ല തരമെന്നുകരുതി "ലോകപരിചയം നന്നെ കുറഞ്ഞു വേദാദ്ധ്യയനവുംകഴിഞ്ഞു ഗാർഹസ്ഥ്യത്തിൽ പ്രവേശിച്ചിരിക്കുന്ന ഒരു നമ്പൂതിരിയുവാവിനെ" പിടിച്ചു, ദ്രൌപദിയെപ്പിടിച്ചുവലിച്ചു് രാജസഭയിൽ കൊണ്ടുവന്ന ദുശ്ശാസനനെപ്പോലെ, വായനക്കാരുടെ സമക്ഷത്തിലേക്കാനയിച്ചു രണ്ടു പേജിൽ നെട്ടനീളെയങ്ങു ചൊല്ലിയാടിച്ചു. "പുഴയിൽ സന്ധ്യാവന്ദനംകഴിക്കുവാൻപോയ ഈ നമ്പൂതിരി ഊക്കുവാൻ വെള്ളമെടുത്തപ്പോൾ അതിൽ ആരോ കടിച്ച ഒരു ഞാവൽപഴം കണ്ടു; അന്വേഷണത്തിൽ അതൊരു ചെറുമച്ചെക്കൻ കടിച്ചതാണെന്നുകണ്ടു് ചെറുമന്റെ എച്ചിൽവെള്ളം കുടിച്ചതിന്നു പ്രായശ്ചിത്തം എന്താണെന്നന്വേഷിച്ചു ഗംഗാസ്നാനത്തിന്നു പുറപ്പെട്ട നമ്പൂതിരി വഴിക്കു ഒരു വിധവയായ അമ്മ്യാരുടെ മഠത്തിൽപോയി ഊണുകഴിച്ചു. ഊണുകഴിഞ്ഞു വത്തമാനം പറയുന്നതിനിടയിൽ ഈ വിധവയായ അമ്മ്യാക്കു ഭർത്താവു മരിച്ചശേഷം കുട്ടികളുണ്ടായിട്ടുണ്ടെന്നു അറികയും കുലടയായ അമ്മ്യാരുടെ ഭക്ഷ

ണം കഴിച്ചതിന്നു ഇനി പ്രായശ്ചിത്തമെന്തുവേണമെന്നറിയാതെ പരിഭ്രമിച്ചോടിയ നമ്പൂതിരി രാത്രി ഒരു ശൂദ്രഗൃഹത്തിൽ ചെന്നുകൂടി; രാത്രി കുറെ കഴിഞ്ഞു മുറുക്കണമെന്നുതോന്നി പൊതിയഴിച്ചുനോക്കിയപ്പോൾ അടക്കയില്ല, അവിടെയെല്ലാം തപ്പിയപ്പോൾ ഒരടക്കക്കഷണം കിട്ടിയതെടുത്തു മുറുക്കി. ആ വീട്ടിൽ രജസ്വലയായിരിക്കുന്ന ഒരു സ്ത്രീ കടിച്ചുതുപ്പിയതാണ് ആ അടക്കയെന്നു നമ്പൂതിരിക്കു കുറച്ചുകഴിഞ്ഞപ്പോഴേക്കും മനസ്സിലായി; ഒന്നിനൊന്നു മേല്ക്കുമേലെ വന്നുകൊണ്ടിരുന്നാൽ ഇതിന്നെല്ലാം പ്രായശ്ചിത്തംചെയ്തു ശുദ്ധിവരുത്തുവാൻ തനിക്കു ആയുസ്സു മതിയാകുമോ എന്നാലോചിച്ചു പരിഭ്രാന്തനായ നമ്പൂതിരി പ്രായശ്ചിത്തവുംവേണ്ട മണ്ണാങ്കട്ടയുംവേണ്ട എന്നുറച്ചു ഇല്ലത്തേക്കുതന്നെ മടങ്ങി."

ഇതാണ് നമ്മുടെ മേന്റെ കഥയുടെ ചുരുക്കം. പിച്ചകിട്ടിയതുമില്ല; പട്ടി കടിക്കാനും വരുന്നു എന്നു പറഞ്ഞതുപോലെയാണ്.

അന്യരുടെ ചവിട്ടും കുത്തുമേററു നാണമില്ലാതെ മിണ്ടാതിരിക്കുകയെന്ന സ്ഥിതിയേ ഇന്നു നമ്പൂതിരിമാൎക്കുള്ളു. അതിന്റെ ഫലമാണിതെല്ലാം. കാലഗതിക്കനുസരണമായി ഇതരന്മാരോടൊപ്പം മുമ്പോട്ടു പോകുന്നതിന്ന് നമ്പൂതിരിമാരെ ഉൽബോധിപ്പിക്കുന്ന കാഹളവിളികളാണ് ഈ ഓരോ ദൃഷ്ടാന്തങ്ങളും. ഈയൊരു പഴഞ്ചൻകഥക്കുവേണ്ടി ഇത്രയും പത്രസ്ഥലം മുടക്കിയതിന്നു വായനക്കാരേ, ക്ഷമിക്കണേ!!]

ഈ മാതിരി അടിസ്ഥാനരഹിതമായ ആക്ഷേപങ്ങൾക്കൊന്നുംതന്നെ ഞാൻ മറുപടി പറക പതിവില്ല. എന്നാൽ ഈ ലേഖനം എന്റെ ദൃഷ്ടിയിലെത്തിയത് എന്റെ ഒരു മാന്യസ്നേഹിതൻ ഈ പത്രഖണ്ഡവും, അതോടുകൂടി മിസ്റ്റർ ശങ്കുണ്ണിമേനോന്റെ ഇതിന്നൊരു "ചുട്ട" മറുവടിയോടുകൂടി അരുണോദയത്തിൽ ചേൎക്കണമെന്നായുള്ള ഒരു കുറിപ്പോടുകൂടിയയച്ചപ്പോഴാണ്. ഇത്തരം ആക്ഷേപങ്ങൾക്ക് പത്രധൎമ്മപ്രകാരം ഒരു സമാധാനം പറയേണ്ടതും അതിന്നായി കഴിവുള്ളപ്പോഴൊക്കെയും തന്റെ നിരപരാധിത്വം വെളിപ്പെടുത്തുവാൻവേണ്ടി ലേഖനകൎത്താവിന്നൊരു അവസരം കൊടുക്കേണ്ടതുമാണ്. എന്നാൽ എന്റെ സുഹൃത്ത് അഭിപ്രായപ്പെട്ടപോലെ ഒരു "ചുട്ട" മറുവടിയെഴുതാനുള്ള ശേഷി എനിക്കോ, ഉണ്ടെങ്കിൽതന്നെ അതിന്നുതക്ക അൎഹത ഈ ആക്ഷേപത്തിന്നോ ഇല്ലെന്നാണ് എന്റെ വിശ്വാസം. എങ്കിലും അദ്ദേഹവും മററു വായനക്കാരും തെററിദ്ധരിക്കാതിരിപ്പാനായി കുറഞ്ഞൊന്നു പറയാതിരിപ്പാനും തോന്നുന്നില്ല; പക്ഷേ വളരെ "തണു"പ്പനായിട്ടേ മറുപടി പറവാൻ തോന്നുന്നുള്ളു. മിസ്റ്റർ "കെ"യുടെ "വഴിയിലെ ചെണ്ട" എന്ന ലേഖനം വായിച്ചുകഴിഞ്ഞപ്പോഴും എനിക്കു നിൎഭാഗ്യവശാലോൎമ്മവന്നത് ഒരു "പഴഞ്ചൻകഥ"തന്നെയാണ്. അതിലെയും നായകൻ ഒരു ശുദ്ധാത്മാവായ നമ്പൂതിരിതന്നെയാണ്. എന്റെ

"പഴഞ്ചൻകഥക"ളെ അഭിനന്ദിക്കുവാൻ മിസ്റ്റർ 'കെ' ഒരുക്കമില്ലാത്ത കാരണംകൊണ്ടുമാത്രം ഞാൻ അവയെ ഒട്ട് അനാദരിപ്പാനും ഭാവമില്ല. എൻെറ മാന്യവായനക്കാൎക്ക് രുചിക്കുമെങ്കിൽ അവർ വായിച്ചു രസിക്കുകയോ നിരസിക്കുകയോ ചെയ്തുകൊള്ളട്ടെ. കുറേക്കാലംമുമ്പ്, കാൽ "വിക്കും" മുക്കാൽ "ശ്രുണ്ഠി"യുമായി ഒരു നമ്പൂതിരിയുണ്ടായിരുന്നു. അദ്ദേഹത്തിന്ന് അല്പം ജലപിശാചുമുണ്ട്. അതിനാൽ കുളിക്കുമ്പോൾ എത്ര മുങ്ങിയാലും തൃപ്തിയാകാറില്ല. അങ്ങിനെ കാലത്തു കുളത്തിലിറങ്ങിയാൽ കുറെ അധികം മുങ്ങുക പതിവാണ്. അതിന്നിടയിൽ ആരെങ്കിലും കരക്കുകൂടെ പോകുമ്പോൾ സംസാരിക്കുന്നതു കേട്ടാൽ തന്നിക്കുത്തരം പറയാതേയും കഴിയില്ല. ഇദ്ദേഹത്തിൻെറ ഈ ഒരു സ്വഭാവം മനസ്സിലാക്കി കരക്കുകൂടി പോകുന്ന ചില രസികന്മാർ "തിരുമനസ്സിന്ന് അടിയൻെറ പേക്കുംകൂടി ഒന്നു മുങ്ങണേ" എന്നു ഒരു വെറും വാക്ക് പറക പതിവുണ്ട്. ഇതങ്ങു കേട്ടാൽ തുടങ്ങി, നമ്പൂതിരിക്ക് ശ്രുണ്ഠി, ഉടനെ കരക്കുകയറി "എ. എ. എ. എ ടി ഞാ. ഞാ. ഞാ. (ശ്രുണ്ഠി മൂക്കുന്തോറും വിക്കും മൂക്കും; വിക്ക് മൂക്കുന്തോറും ശ്രുണ്ഠിയും മൂക്കും. ഇതു് വിക്കന്മാൎക്ക് പതിവാണ്.) ഞാൻ നി. നി. നി. നി. ൻെറ. ൻെറ. പേ, പേ. പേ ക്ക് മു. മു. മു. ങ്ങി. ങ്ങി ല്ല." എന്നിങ്ങിനെ കലശൽകൂട്ടും. ഇതിന്നിടയിൽ ആദ്യം പറഞ്ഞ രസികൻ എങ്ങോ എത്തി മറഞ്ഞിട്ടുണ്ടാവും. അതൊന്നും അദ്ദേഹം കൂട്ടാക്കില്ല. നമ്പൂതിരി വീണ്ടും വെള്ളത്തിലിറങ്ങി മുങ്ങുവാൻ തുടങ്ങും. അതിന്നിടയിൽ കരക്കുകൂടെ പോകുന്ന മറ്റൊരുത്തനും മുൻപറഞ്ഞപ്രകാരം തൻെറ പേക്കുംകൂടി ഒന്നു മുങ്ങുവാൻ പറകയായി. അതു കേൾക്കേണ്ടതാമസം നമ്മുടെ തിരുമനസ്സിലേക്ക് അവനോടും സമാധാനം പറയാഞ്ഞാൽ സുഖമില്ല. എന്നാൽ അതു് ഒന്നോ രണ്ടോ വാക്കുകൊണ്ടു കഴിക്കുമോ? അതുമില്ല. അപ്പോഴക്കും ശ്രുണ്ഠിയും വിക്കും ഞാൻ ഞാൻ മുമ്പെ എന്ന നിലയിൽ വരും. പിന്നെ ഒരു പത്തു മിനുട്ട് നേരത്തേക്ക് വിക്കി വിക്കി മുകളിൽ പറഞ്ഞപ്രകാരം കലശൽകൂട്ടുകയായി. എന്നാൽ ഇതൊന്നും കേൾക്കാൻ തന്നോട് മുങ്ങുവാൻപറഞ്ഞവൻ അവിടെതന്നെ നില്ക്കുന്നുണ്ടോ എന്നൊന്നും അദ്ദേഹം നോക്കുക പതിവില്ല. തൻെറ കൃത്യം കഴിച്ചാലേ അദ്ദേഹത്തിന്നു സമാധാനമുള്ളൂ. നിർഭാഗ്യവശാൽ ഈ ഒരു നേരംപോക്കു കാണ്മാനായി പലരും ആവശ്യമില്ലെങ്കിലും ഒന്നിഞ്ചികടിപ്പിക്കാൻവേണ്ടി "ഒരു മുങ്ങൽ എനിക്കുംകൂടി" എന്നു പറകയും അതിന്നു ഉത്തരം പറകയും ഇങ്ങിനെ കാലത്തിറങ്ങിയ നമ്പൂതിരിക്ക് മദ്ധ്യാഹ്നംവരെ കുളി മുഴുമിക്കുവാൻ തരമാകാതെ കുഴങ്ങാനിടവരികയും പതിവായിരുന്നു. എന്നു മാത്രമല്ല ഇങ്ങിനെ കുറേകാലം കഴിഞ്ഞപ്പോഴേക്ക് അദ്ദേഹത്തിന്ന് ജനസാമാന്യത്തോടൊട്ടുക്ക് തന്നെ, തന്നെ പരിഹസിക്കുന്നവരാണെന്നു ഒരു ധാരണകൊണ്ട്, ഒരു വെറു

ഷ്പായിത്തീരുകയുംചെയ്തു, എന്നു കുട്ടിയിൽ കേട്ടിട്ടുള്ള ഒരു പഴഞ്ചൻകഥ മാത്രമേ ഈ ആക്ഷേപത്തിന്നൊരു മറുവടിയെഴുതേണമെന്നു വിചാരിച്ചപ്പോൾ എനിക്കു തോന്നിയുള്ളൂ.

ഇനി എന്റെ പഴഞ്ചൊൽകഥകളുടെ കാൎയ്യം—അവ കേരളത്തിൽ പ്രചാരമുള്ളവയാകയാൽ കേരളത്തിൽ കാണുന്ന ജനങ്ങളേയും സമ്പ്രദായങ്ങളേയുംകുറിച്ച് പ്രതിപാദിക്കുന്നവയായിരിപ്പാനേ വഴിയുള്ളൂ. അതിൽ പല ജാതിമതസ്ഥന്മാരും ഉൾപ്പെടുന്നു. അവരൊക്കെയും മിസ്റ്റർ കെ യെപ്പോലെ ഇഞ്ചികടിപ്പാൻ തുടങ്ങിയാൽ പുഞ്ചിരിക്കൊൾവാൻ ഞാൻ മാത്രമല്ല പലരും ഉണ്ടാകും. അവയൊന്നുംതന്നെ എന്റെ കല്പിതങ്ങളുമല്ലെന്നു അവയുടെ പേർകൊണ്ടുതന്നെ വ്യക്തമാകുന്നുമുണ്ടല്ലോ.

എന്നാൽ സമുദായസ്പൎദ്ധയേ വൎദ്ധിപ്പിക്കുന്നതായോ സഭ്യേതരമായൊ ഉള്ള കഥകൾ ഒന്നുംതന്നെ ഞാൻ പ്രസിദ്ധപ്പെടുത്തീട്ടില്ലെന്നതിന്നും പ്രസിദ്ധപ്പെടുത്തുവാൻ ഭാവമില്ലെന്നതിന്നും ഞാൻ ഇതുവരെയും ശേഖരിച്ചു പ്രസിദ്ധീകരിച്ച കഥകൾതന്നെ സാക്ഷിയായതിനാൽ നിൎമ്മത്സരന്മാരോടിതിലുമധികമൊന്നും പറയേണ്ടതില്ല.

പ്രസ്തുത ആക്ഷേപത്തിന്നു കാരണമായ പ്രായശ്ചിത്തം വേണ്ടെന്നുവെച്ചു എന്ന കഥതന്നെ എന്റെ സ്നേഹിതനും രസികനുമായ ഒരു നമ്പൂതിരിതന്നെ ഒരിക്കൽ "വെടിപറയുമ്പോൾ" കേട്ടതാണ്. ഒരു സമുദായത്തെയോ അല്ലെങ്കിൽ അവരുടെ ആചാരങ്ങളെയോ ദ്വേഷബുദ്ധ്യാ ആക്ഷേപിപ്പാനായി കെട്ടിക്കൂട്ടി എഴുതുന്നവയല്ല, ഞാനെഴുതുന്ന പഴഞ്ചൊൽ കഥകൾ എന്നു മനസ്സിരുത്തിവായിക്കുന്ന സഹൃദയന്മാൎക്ക് ബോദ്ധ്യപ്പെടുമ്പോൾ എനിക്കു ചാരിതാൎത്ഥ്യത്തിന്നു വകയുണ്ടു. അതുവരെക്കും "ജനവാദമസത്യമെന്നതിന്നനഘാചാര എനിക്കുസാക്ഷി ഞാൻ" എന്ന സീതയെപ്പോലെ സ്വയം സമാധാനിക്കയെല്ലാതെ കേട്ടതിന്നൊക്കെ ശുണ്ഠികടിച്ചു ഉത്തരം പറവാനും ഞാൻ തയ്യാറില്ല. ആക്ഷേപത്തിന്നുകാരണമായ കഥയിലെതന്നെ ശുദ്ധാത്മാവായ നമ്പൂതിരിയുടെ അധൎമ്മഭീരുത്വം, മററുള്ളവരുടെ അപരാധംകൊണ്ടു താൻ കഷ്ടപ്പെടേണ്ടിവരുമ്പോഴും അവരോടു കോപിക്കാതെ തന്നെത്താൻ പ്രായശ്ചിത്തം ചെയ്തു നിവൃത്തിവരുത്തണമെന്ന ഉൽകൃഷ്ടസാത്വികമനോവൃത്തി, മുതലായ ബ്രാഹ്മണഗുണങ്ങൾ കണ്ടഭിനന്ദിച്ചനുകരിപ്പാൻ ബുദ്ധിക്ക് ആഴമില്ലാതെ, പുറമേകണ്ടതിന്നു നേരെ വിക്കി വിക്കി കോപിച്ചുട്ടുക്കുന്ന നമ്മുടെ "ശുദ്ധനമ്പൂതിരിയെ" അലങ്കരിപ്പാൻ പുറപ്പെട്ട മിസ്റ്റർ കെ. പ്രമുഖന്മാർ എന്നി തന്നെ വിളിച്ചുവരുത്തി ശേഷംചോദിക്കാൻ പുറപ്പെട്ടുമ്പോഴും അസ്മദാദികൾക്ക് പുഞ്ചിരിയേ വരികയുള്ളൂ. സംശയിക്കേണ്ട. മിസ്റ്റർ കെ. ഇനിയും തുടരാം.

ഞാനെന്റെ പഴഞ്ചൊൽകഥകൾതന്നെ തുടരട്ടെ.

"ചാന്തെന്നു വിചാരിച്ചു."

ഒരു ഭേദപ്പെട്ട നായർ തറവാട്ടിലെ കാരണവരെ കാണ്മാൻ ചെന്നപ്പോൾ ഒരു തിയ്യൻ കാഴ്ചയായി ഒരു കുപ്പി പനിനീർ കൊണ്ടുപോയിരുന്നു. കുപ്പി കാരണവരിരിക്കുന്നിടത്തുകൊണ്ടുപോയി വെച്ച് തൊഴുതുകുമ്പിട്ട് വിടവാങ്ങി. കാഴ്ചപണ്ടം കണ്ടഉടൻ പതിവിൻപടി കാരണവർ സന്തോഷിച്ച്, കുപ്പിയെടുത്ത് അടപ്പുതുറന്ന് അതിന്നുള്ളിലെ ധാവള്യമേറിയ ദ്രാവകം ഉടനെ വായിലേക്കൊഴിപ്പാൻ പുറപ്പെട്ടു. അപ്പുറത്തുനിന്നു ഇതുകണ്ട തിയ്യൻ കാരണവരുടെ തെററിദ്ധാരണ തീർപ്പാനായി "ഇതതല്ല. ഒരു കുപ്പി പനിനീരാണ്" എന്നുപറഞ്ഞു. ഉടനെതന്നെ കാരണവർ "അങ്ങിനെയാണോ? എന്നാലെനിക്കുവേണ്ട. ഇതൊക്കെ. അതാ അപ്പുറത്ത്. അവൎക്കൊക്കെ അതിൽ വളരെ സന്തോഷമാകും" എന്ന് തന്റെ ചെറുപ്പക്കാരനായ മരുമകനിരിക്കുന്ന പത്തായപ്പുര ചൂണ്ടിക്കാട്ടി, കുപ്പിയുംകൊണ്ട് തിയ്യനെ അങ്ങോട്ടുപറഞ്ഞയച്ചു. കൊണ്ടുപോയ തിയ്യൻ പനിനീർകുപ്പി അനന്തിരവന്നു തിരുമുൽക്കാഴ്ചചെയ്തു, കാരണവർ കുപ്പിയെടുത്തു വായിലൊഴിപ്പാൻ പുറപ്പെട്ട കഥയും പറഞ്ഞു. കാരണവരെക്കാൾ കാൎയ്യജ്ഞനാണെന്നു നടിക്കുന്ന അനന്തിരവൻ ഉടനെതന്നെ "കാരണവൎക്കതിന്റെ ഒന്നും ഗന്ധമില്ല്യോ! അത് വല്ല ചാന്തൊറെറയാണെന്നു വിചാരിച്ചിട്ടുണ്ടാവും എന്നിട്ടേ വായിലേക്ക് കൊണ്ടോയത്!" എന്നും പറഞ്ഞു തന്റെ സൎവ്വജ്ഞത വെളിപ്പെടുത്തി! കാരണവരുടെ മദ്യപാനാസക്തിനിമിത്തം തന്നിക്ക് കാഴ്ചകൊണ്ടുവരുന്നവർ അധികവും അത്തരം ദ്രാവകങ്ങളാകയാലായിരുന്നു മൂപ്പർ പതിവിമ്പടിക്കു കുപ്പിയുയൎത്തിയത്. പനിനീരിന്റെയും നിറംകൊണ്ട് പ്രകൃതത്തിന്നു വിരോധമായി യാതൊന്നും തോന്നാനിടയില്ലല്ലൊ. എന്നാൽ ഈ കുപ്പിയും മട്ടും കണ്ടിട്ടും കാൎയ്യം കേട്ടിട്ടും വായിലൊഴിപ്പാനൊരുമ്പെട്ട ആ ചാന്തെന്നുകരുതീട്ടായിരിക്കാമെന്നനുമാനിച്ച കാരണവൎക്കു ഒന്നിന്റേയും ഗന്ധമില്ലെന്നു സമൎത്ഥിച്ച അനന്തിരവൻ എത്ര സൎവ്വജ്ഞനാണ്! ഇങ്ങിനെ യാതൊന്നും വിവരമില്ലാത്തവരും തങ്ങൾക്കു എല്ലാം അറിയുമെന്നു നടിച്ചു അന്യനെക്കുറിച്ചു വിമൎശനം ചെയ്യുന്നതു കേൾക്കുമ്പോഴാണ് മേലെഴുതിയ പഴഞ്ചൊൽകഥ ഓൎമ്മവരിക. ഏതാണ്ടീ അൎത്ഥത്തിൽതന്നെ ഉപയോഗിച്ചുവരുന്ന മറെറാരുകഥയാണ്.

"അമ്മീംമോളുമോളോളെ"

ഒരു വീട്ടിൽ വ്യക്തമായി സംസാരിപ്പാൻ വയ്യാത്ത ഒരു അമ്മയും മകളുമുണ്ടായിരുന്നു. അതിൽ മകൾക്ക് സംഗതിവശാൽ വന്നുകൂടിയ ഭൎത്താവും വളരെ യോജിപ്പുള്ളവനായിരുന്നു. ഒരു ദിവസം രാത്രി ആകാശത്തിലേക്കുനോക്കി വധു പ്രകൃതീദേവിയുടെ രാമണീയകത്വം ക

ങ്ങഭിനന്ദിച്ചുകൊണ്ട് ഇങ്ങിനെ തുടങ്ങി. "മാനത്തതാ ഒരു നച്ച്യത്തരം" ഇത്രയുംകേട്ടപ്പോഴക്കും അക്ഷമയായ അമ്മ "എടീ! നക്ലത്തളം ഏന്നു പറ" എന്നു തെറവുതീൎത്തുകൊടുത്തു. ഇത്രയും കേട്ടപ്പോൾ അക്ഷരവീഴ്ച കേട്ടാൽ പൊറുപ്പാൻ പാടില്ലാത്ത ഭൎത്താവ് അസഹ്യത നടിച്ച് പരിഹാസമായി "ഹീ ഹ! അമ്മീംമോളുമോളോളെ" എന്ന് അമ്മയും മകളും ഒരുപോലെ "കൊഞ്ഞ" (അക്ഷരവ്യക്തിയില്ലാത്ത) ഉള്ളവരാണെന്ന് ഹസിച്ചുകൊണ്ടുപറഞ്ഞു. തന്റെ സംഭാഷണരീതിയുടെ ഗുണദോഷം ഇവിടെ വ്യക്തമായതുകൊണ്ട് ഇനി അതിനെക്കുറിച്ച് ഒന്നും പറയേണ്ട ആവശ്യമില്ല.

ഈ മാതിരി തന്റെ ദോഷങ്ങൾ യാതൊന്നും കാണാതെ അന്യനെ പരിഹസിപ്പാനുള്ള ഒരു വാസന അല്പന്മാൎക്ക് സ്വാഭാവികമായുണ്ടാകുന്നതാണ്.

"മൎമ്മമടക്കിത്തല്ല്."

മൎമ്മവിദ്യയെല്ലാം പഠിച്ചുവന്ന ഒരായുധാഭ്യാസി ഒരുദിവസം ഒരു പശു തന്റെ തോട്ടത്തിൽ കടന്നസമയം ആട്ടി പുറത്താക്കുവാൻ ശ്രമിച്ച് അതിന്റെ പിന്നാലെ കുറെ ഓടി. തല്ലുവാനായി ഒരു ചുള്ളക്കോലും പൊട്ടിച്ച് പശുവിന്റെ ഉടലിൽ നോക്കുമ്പോഴൊക്കെ, താൻ പഠിച്ച മൎമ്മശാസ്ത്രപ്രകാരം തൊട്ടാൽ വീഴുന്ന സ്ഥാനമൊഴിഞ്ഞു് ഒരടിക്ക് ഇടംകണ്ടില്ല. ഗോഹത്യ വലിയ പാപവുമല്ലെ? വിടാൻ കുഴങ്ങി. പശു തോട്ടത്തിന്ന് പുറത്തുകടക്കുന്നുമില്ല. ഇങ്ങിനെ ഉഴലുന്നതിന്നിടയിൽ അങ്ങെങ്ങോ നിന്നിരുന്ന ഒരു ചെറുമച്ചെക്കൻ ഓടിവന്ന് ഒരു സംശയവുമില്ലാതെ അവന്റെ പതിവിൻപടി ഒരു "കൊട്ടാംവടി" കൊണ്ട് പശുവിന്റെ മുതുകെല്ലിന്മേൽ "പ്ഠോം" എന്നൊരു "ഒരുപ്പോക്കൻവീക്ക്" വീക്കിവിട്ടു. പശു കിട്ടേണ്ടതു കിട്ടിയപ്പോൾ പാട്ടിന്ന് പോകയുംചെയ്തു. നമ്മുടെ മൎമ്മജ്ഞൻ പശുവിന്ന് യാതൊരു കേടും കൂടാതെ അതു് ഓടിപ്പോയതു കണ്ടപ്പോൾ അത്ഭുതപ്പെട്ട് ചെറുമനാട്ടുചെന്നു. ആയാൾ പഠിച്ച മൎമ്മശാസ്ത്രപ്രകാരം എത്രയോ മൎമ്മങ്ങൾ ആ അടിയിൽ അടങ്ങീട്ടുണ്ടായിരുന്നിട്ടും പശുവിന്നു യാതൊരു കേടും തട്ടാത്തതായി കണ്ടപ്പോൾ ചെറുമനാട്ടുചെന്ന് ഈ "വമ്മടക്കിത്തല്ല്" ഒന്നു പഠിപ്പിച്ചുതരേണമെന്നൎത്ഥിച്ചു. ചെറുമച്ചെക്കൻ പേടിച്ചോടുകയും ചെയ്തു.

ഇങ്ങിനെ ചില പഠിച്ച വങ്കന്മാർ വൈഷമ്യമാലോചിച്ചാലോചിച്ച് ക്രിയാവിമുഖന്മാരായിരിക്കുമ്പോൾ ചില പ്രായോഗികവീരന്മാർ തൽക്ഷണം വേണ്ടതു പ്രവൎത്തിച്ചു കാൎയ്യംനേടി പോകുന്നതും നമുക്ക് നിത്യാനുഭവമാണല്ലൊ.

(തുടരും.)

വി. ടി. ശങ്കുണ്ണിമേനോൻ.

# ആചാരങ്ങൾ.

## I

"ആചാരാല്ലഭ്യതേ ഹ്യായുരാചാരോ ഹന്ത്യലക്ഷണം" എന്നൊരാപ്തവാക്യമുണ്ടു്. ആചാരംനിമിത്തം ആയുസ്സുണ്ടാവുകയും അലക്ഷ്മി (അശ്രീകരത്വം) നശിക്കുകയും ചെയ്യുന്നു എന്നാണല്ലൊ ഇതിന്റെ അൎത്ഥം. എന്നാൽ നാടെങ്ങും സമത്വവാദവും സാഹോദൎയ്യപ്രസ്ഥാനവും സ്വാതന്ത്ര്യബഹളവും നടക്കുന്ന ഇക്കാലത്തു സൎവ്വസമ്മതമായ ആചാരനിയമനംചെയ്യുന്നതു പ്രയാസമായിരിക്കും. എന്നുതന്നെയല്ല ആചാരങ്ങളാണു് പരിഷ്കാരത്തിന്റെ പരമവിരോധികളെന്നും, നാട്ടിൽ കാണുന്ന നാനാവിധ നാശങ്ങൾക്കും കാരണമതാണെന്നും, ആചാരനിഷ്കാസനംകൊണ്ടു മാത്രമെ നമുക്കു നന്നാവാൻ തരമുള്ളു എന്നും വാദിക്കുന്നവരും ധാരാളമുണ്ടു്. ആവക അഭിപ്രായങ്ങളുടെ ഉപപത്തി പരിശോധിക്കുവാൻ ഇപ്പോൾ ഭാവമില്ല. ചില ആചാരങ്ങളെസ്സംബന്ധിച്ചേടത്തോളം ഈ വാദം ശരിയായിരിക്കാമെന്നുതന്നെ സമ്മതിക്കാം. കാലദേശസ്ഥിതികൾക്കനുസരിച്ചു് ഏൎപ്പെടുത്തിയും പരിഷ്കരിച്ചുംവന്നു നാമിപ്പോൾ കാണുംവിധത്തിലായിത്തീരുകയൊ, വല്ല സംഗതികളാലും ദുഷിച്ചു് ഇന്നത്തെ നിലയിലെത്തുകയൊ ചെയ്തിട്ടുള്ള പല ആചാരങ്ങളിലും മാററംവരുത്തേണ്ടതുണ്ടാവും. അങ്ങിനെ മാററംവരുത്തുന്നതു് ജനക്ഷേമത്തിന്നത്യാവശ്യവുമാകുന്നു എന്നുവെച്ചു്—ചില ഉല്പതിഷ്ണുക്കൾ—ഉല്പതിഷ്ണുക്കളെന്നു പറഞ്ഞാൽപോര; ഇരട്ടച്ചാട്ടക്കാർ അഭിപ്രായപ്പെടുംപോലെ പഴയ ആചാരങ്ങളെല്ലാം ഒന്നായി തള്ളിക്കളയുന്നതു് ക്ഷേമമായിരിക്കുമോ എന്നു സംശയമാണുതാനും. നമ്മുടെ നാട്ടിൽ നടപ്പുള്ള ഓരോ ആചാരങ്ങളുടേയും ശരിയായ ഗുണദോഷങ്ങളെപ്പററി പരിപൂൎണ്ണമായ വിചിന്തനവും വാദപ്രതിവാദവുംചെയ്തു, നിരാക്ഷേപമായ ഒരു ജ്ഞാനം ജനസാമാന്യത്തിന്നുണ്ടാക്കിത്തീൎക്കുവാൻ വൈകിയിരിക്കുന്നു.

സ്വാൎത്ഥത്തെയും സ്വാഭിപ്രായത്തെയും പുരസ്കരിച്ചുകൊണ്ടു് അപ്പപ്പോൾ അവരവർ എഴുതിവിടുന്ന ഉപന്യാസങ്ങൾ നിമിത്തം പൊതുജനങ്ങൾക്കു് ഒരു അമരവും അമ്പും തുമ്പുമില്ലാതായിത്തീൎന്നിട്ടുള്ള അവസരമാണിതെന്നു തുറന്നുപറഞ്ഞാൽ പലരും ശണ്ഠക്കുവരാനുണ്ടാവും. എന്നാലും കാലം ഇങ്ങിനെയായതുകൊണ്ടു് എനിക്കും തോന്നുന്നതു പറയാമല്ലൊ എന്നാണു് സമാധാനം. ഏതായാലും ഇപ്പോൾ എതിർവാദത്തിന്നാരും പുറപ്പെടാത്തതിനാൽ ഒരു കക്ഷി ഇടവിടാതെ ഘോഷംകൂട്ടിക്കൊണ്ടിരിക്കമാത്രമാണു്.

ഏതൊരുനാട്ടിലും ഏതുകാലത്തും ചില ആചാരങ്ങൾ ഉണ്ടായിരിക്കും. അതു മറുനാട്ടുകാരുടെ ദൃഷ്ടിക്കു വിലക്ഷണമായിത്തോന്നുന്ന

ത്തും അസാധാരണമല്ല. ഓരോ വൎഗ്ഗക്കാരുടേയും നടപടികൾ ഇതരവൎഗ്ഗക്കാൎക്കു രുചിക്കാതെ വരുന്നതും പതിവാണ്. ചിലരുടെ സമ്പ്രദായങ്ങൾ മററു ചിലർ ശുദ്ധമേ മൂഢത്വമായി വ്യാഖ്യാനിക്കുന്നതും ചുരുക്കമല്ല. അതുകൊണ്ടുമാത്രം ആ വക സമ്പ്രദായങ്ങൾ ത്യാജ്യങ്ങളാണെന്നു വരുന്നുണ്ടോ എന്നുമാത്രമാണ് സംശയം. ഓരോ ആചാരത്തിന്നും എന്തെങ്കിലും ഒരു ഉദ്ദേശ്യമുണ്ടായിരിക്കണം. ആ ഉദ്ദേശ്യത്തോടുള്ള ബന്ധം പരിശോധിച്ചാൽ മാത്രമേ അതതിന്റെ ഔചിത്യം തീൎച്ചപ്പെടുത്തുവാൻ സാധിക്കയുള്ളു. അതുപോലെതന്നെ ഓരോ നാട്ടിലുമുള്ള ഭിന്നസമുദായങ്ങളിൽ അവരുടെ അന്യോന്യബന്ധത്തിന്നും ഇതരസമുദായങ്ങളുമായിട്ടുള്ള മമതക്കും വേണ്ടി ചില ഏൎപ്പാടുകളുണ്ടായിരിക്കും. അവയെ പഴിക്കുകയോ ഉടച്ചുവാൎക്കുകയോ ഒന്നായി നിരാകരിക്കുകയോ ചെയ്യുന്നതിന്നുമുമ്പ് അവയുടെ നില, ഉദ്ദേശ്യം, സാമുദായിക നിലകൾ, ദേശകാലഭേദങ്ങൾ ഇവയെപ്പററിയും മററും പൂൎണ്ണമായ ജ്ഞാനം സമ്പാദിക്കുവാൻ ശ്രമിക്കേണ്ടതാകുന്നു. അതല്ലാതെ ഒരാൾ എന്തെങ്കിലും പാടിയതിനെ പലരും ഏററുപാടുവാൻ പുറപ്പെടുന്നതു ഗുണമല്ല.

ഇപ്പോൾ ഞാനിവിടെ പറയാൻ പുറപ്പെട്ടതു് ആ വക കാൎയ്യങ്ങളൊന്നുമല്ലാത്തതിനാൽ ആ ഭാഗം ഇതിലധികം വിസ്തരിക്കുന്നില്ല. നമുക്കു ആചാരമെന്നാലെന്തെന്നു നോക്കാം. ആചരിക്കുന്നതു് അഥവാ ആചരിക്കേണ്ടതു ആചാരം. അതിന്നാൽ ജനങ്ങൾ സാമാന്യേന ആചരിക്കേണ്ടതാണ് ആചാരമെന്നുവന്നു. ഇനി ഇതിന്റെ ആവശ്യവും ചിന്തിക്കാം. ജീവികളെല്ലാം ജാഗ്രദവസ്ഥയിൽ എന്തെങ്കിലും പ്രവൎത്തിച്ചുകൊണ്ടു ഇരിക്കുന്നു. ശരീരം സ്വസ്ഥമായിരിക്കുമ്പോൾപോലും എന്തെങ്കിലും പ്രവൎത്തിച്ചുകൊണ്ടിരിക്കുന്ന സ്വഭാവം മനസ്സിന്നുമുണ്ടു്. ആ നിലയിൽ ന്യായമായും ഹിതമായുമുള്ള എന്തെങ്കിലും ചിലതു ചെയ്യാനില്ലെങ്കിൽ ശരീരവും മനസ്സും ദുൎമ്മാൎഗ്ഗങ്ങളിൽ പ്രവൎത്തിച്ചേക്കുമെന്നുള്ളതു നിരാക്ഷേപമാകുന്നു. ഈ ദോഷം ബാധിക്കാതെ കഴിക്കേണമെങ്കിൽ എന്തെങ്കിലും ചില നല്ലകാൎയ്യങ്ങൾ ചെയ്തേ കഴിയൂ എന്ന നിബന്ധമുണ്ടായിരിക്കുന്നതാവശ്യമാണ്. അവയിൽ ചിലതു മതത്തേയും, മററു ചിലതു് ജാതിഭേദത്തേയും, ഏതാനും ചിലതു് ദേശഭേദത്തേയും ആസ്പദമാക്കി ഏൎപ്പെടുത്തിയതുമായിരിക്കും. മനുഷ്യർ പലതരക്കാരും സമുദായവാസമിച്ഛിക്കുന്നവരുമാകയാൽ ഓരോരുത്തരുടേയും ആചാരം മററുള്ളവരുടെ ന്യായമായ സുഖസൌകൎയ്യങ്ങൾക്കു ഹാനികരമാവാത്ത വിധം നിൎബ്ബന്ധിക്കേണ്ടതത്യാവശ്യമാകുന്നു. ഈ ഭാഗത്തെപ്പററി ആലോചിക്കുമ്പോഴാണ് ഭിന്നാഭിപ്രായത്തിന്നിടയുള്ളത്. ചില വൎഗ്ഗക്കാരുടെയിടയിലുള്ള ചില ആചാരങ്ങൾ മററു ചില വൎഗ്ഗങ്ങളുടേയും, സ്വ

ന്തവൎഗ്ഗത്തിൽ ചിലരുടെ തന്നെയും സുഖസൌകൎയ്യങ്ങൾക്കും സ്വാതന്ത്ര്യത്തിന്നും പ്രതിബന്ധമായി വരുന്നു എന്ന ആക്ഷേപം ചുരുക്കമല്ല. എന്നാൽ ഈ ആക്ഷേപമുണ്ടാവുന്നതു പലപ്പോഴും സുഖത്തിന്റേയും സൌകൎയ്യത്തിന്റേയും വ്യാഖ്യാനം ശരിയാവാത്തതുകൊണ്ടോ, തെററിധരിച്ചിട്ടുള്ളതുകൊണ്ടോ, തന്നിഷ്ടമെന്നുമാത്രമായി കലാശിച്ചിരിക്കുന്നതുകൊണ്ടോ ആവാം. സ്വാതന്ത്ര്യമെന്നതിന്നോ, ഇപ്പോൾ പലരും തീൎച്ചപ്പെടുത്തീട്ടുള്ള അൎത്ഥം 'താന്തോന്നിത്തം' എന്നതുതന്നെയാണെന്നു തോന്നിപ്പോവുന്നു. ഈ വക വ്യാഖ്യാനപ്രകാരമുള്ള സുഖസൌകൎയ്യാദികളുടെ തോതുവെച്ച് ഇനുകുറിക്കുമ്പോൾ ഏതൊരാചാരവും കണക്കിൽ പിഴച്ചതായും അബദ്ധമായും തോന്നാം. ആ തോതു ഞാൻ പറയുന്ന ആചാരത്തിന്നു ബാധകവുമല്ല.

ലോകത്തിൽ ഓരോരുത്തരുടെയും നില ഓരോന്നായിരിക്കും. അവരവരുടെ നിലക്കനുസരിച്ചു കൎത്തവ്യകൎമ്മങ്ങളുമുണ്ടായിരിക്കും. അവ അന്യോന്യം ബാധക്കൂടാതെ നടക്കേണമെങ്കിൽ വേണ്ടുന്ന ആചാരങ്ങളൊരുവക. താൻ മററുള്ളവൎക്കു ബാധയായിത്തീരാതെ കഴിക്കേണമെങ്കിൽ ആവശ്യമുള്ളവ മറെറാരുവക. ഈ രണ്ടുവകയും അന്യോന്യം ബാധകമാവാതെ കഴിക്കാൻ അനുഷ്ഠിക്കേണ്ടുന്നവ വേറൊരുവക. ഇങ്ങിനെ വിസ്തരിക്കാൻ പുറപ്പെട്ടാൽ നിലയില്ല. മകന്റെ (മകളുടെ) നിലയിൽ അച്ഛനമ്മമാരോടു പെരുമാറേണ്ടുന്നസമയത്തുതന്നെ നാം ഓരോരുത്തരും, അച്ഛൻ(അമ്മ) ഭൎത്താവ്(ഭാൎയ്യ)അമ്മാമൻ—മരുമകൻ, കാരണവൻ—അനന്തരവൻ, മേലധികാരി—കീഴുദ്യോഗസ്ഥൻ മുതലായി ഭിന്നസ്ഥിതികളിലുള്ള പല നിലക്കൂടി കൈക്കൊണ്ടും അതതിന്നനുസരിച്ചനുഷ്ഠിച്ചും പോരേണ്ടവരാണെന്നാലോചിച്ചാൽ, നമ്മളിലോരോരുത്തൎക്കും ദിവസംപ്രതി എത്ര പ്രാവശ്യം എത്രവിധം ആചാരം വേണമെന്നൂഹിക്കാമല്ലോ. അവ ഓരോന്നും മറെറാന്നിൽനിന്നു വ്യത്യാസപ്പെടാതെയും നിവൃത്തിയില്ല. മററു വല്ലവരുടെയും ആചാരവിശേഷങ്ങളിൽ വല്ലഭാഗവും കണ്ടോ കേട്ടോ സ്വന്തം ആചാരങ്ങളെ വെട്ടിക്കുറച്ചു പാകപ്പെടുത്താൻ ശ്രമിക്കുന്നതു് ബുദ്ധിപൂൎവ്വകമായ ഒരു കൃത്യമായിരിക്കുമോ എന്നു സംശയവുമാണ്. ഓരോ കുടുംബത്തിലേയും ആചാരക്രമങ്ങളെ വ്യവസ്ഥപ്പെടുത്തുന്നതുതന്നെ ഇത്ര വിഷമമായിരിക്കെ, ഭിന്നകുടുംബങ്ങളും സമുദായങ്ങളും മതങ്ങളും നിറഞ്ഞ ഈ ലോകത്തിൽ വളരെക്കാലമായി ആചരിച്ചുപോരുന്ന ആചാരങ്ങളിൽ ഒന്നാകെ കൈവെക്കുന്നതു് എത്ര സാഹസമായിരിക്കുമെന്നു പറയേണ്ടതില്ലല്ലോ.

“യദ്യദാചരതിശ്രേഷ്ഠഃ തത്തദേവേതരോജനഃ” എന്ന പ്രമാണമനുസരിച്ച് യോഗ്യന്മാർ ചെയ്യുന്നതു നോക്കി അവരെ അനുകരിക്കുന്നതാണ് സാധാരണജനങ്ങളുടെ സമ്പ്രദായം. അതിനാൽ ജനങ്ങ

ളുടെ മുന്നണിയിൽ നിൽക്കുന്ന യോഗ്യന്മാർ, അവരവരെസ്സംബന്ധിച്ചേടത്തോളം നിരർത്ഥകവും അനാവശ്യവുമായിത്തോന്നുന്നുവെങ്കിൽക്കൂടി പൊതുവിൽ ക്ഷേമത്തിന്നാവശ്യമാണെന്നുവെച്ചിട്ടുള്ള ആചാരങ്ങളെല്ലാം അനുഷ്ഠിക്കേണ്ടതാകുന്നു.

ഹിന്തുക്കളുടെ പുരാണപുരുഷന്മാരിൽ എന്തുകൊണ്ടും മാന്യനും, സ്വകർമ്മങ്ങളാൽ ലോകത്തിന്നു പല ഉപദേശങ്ങളും നൽകീട്ടുള്ള ലോകഗുരുവുമായ ശ്രീകൃഷ്ണൻ കുചേലനോടുകാണിച്ച മര്യാദനോക്കുക. ശ്രീകൃഷ്ണൻെറ സ്ഥിതി എന്ത്?—രാജാധിരാജന്മാർക്കൂടിവന്നു കാണാൻ സമയം പാർത്തു കാത്തുകെട്ടിക്കിടക്കുന്നു. ഇരിപ്പ് ഐശ്വര്യത്തിൻെറ മുകളിൽ. തൻെറ ഇഷ്ടം അനുവർത്തിക്കാൻ സന്നദ്ധരായിട്ടുള്ള ജനമസംഖ്യം. ലോകത്തിലെ കഷ്ടതകളൊന്നും അറിയേണ്ട. മഹിമകൾ പറഞ്ഞാലുമൊടുങ്ങില്ല. കുചേലനോ—ഒരുനേരം ഭക്ഷണത്തിന്നുക്കൂടി വകയില്ലാത്തദരിദ്രൻ, "കീറിപ്പറിഞ്ഞ കുടയും" "തുന്നിഞ്ഞുവക്കററ"വസ്ത്രവും മററുമായിദാരിദ്ര്യമൂർത്തിയെപ്പോലെ—, യാതൊരുമുന്നറിവുംകൊടുക്കാതെ, വന്നുകയറുന്ന ആൾ. തമ്മിലുള്ള ബന്ധം വളരെകാലംമുമ്പ് ഗുരുകുലത്തിൽ വെച്ച് പരിചയമുണ്ട്; സതീർത്ഥ്യന്മാരാണു; എന്നതുമാത്രം. എന്നാലും കണ്ടുകൂട്ടംപോഴെക്ക് ശ്രീകൃഷ്ണൻ പ്രാകൃതന്മാരെപ്പോലെ എന്തെല്ലാം സ്നേഹചാപല്യങ്ങളാണ് കാട്ടിക്കൂട്ടിയത്. ശ്രീകൃഷ്ണൻെറ നിലക്ക്, ഇത്രയൊന്നും ചെയ്തില്ലെങ്കിൽ കൂടി ആരും കുററംപറകയില്ല. കണ്ടുവെന്നു ഭാവിച്ചാൽതന്നെ കുചേലൻ കൃതാർത്ഥനാവുകയും ചെയ്യും. എന്നിരിക്കെ കണക്കിലേറെ കാണിച്ച സ്നേഹാദരങ്ങൾ, ആചാരത്തിൻെറ ആവശ്യകതയെപ്പററി ദ്വാരകാവാസികളെ ഉപദേശിക്കുവാനും നമുക്കൊക്കെ ഒരു പാഠത്തിന്നുമായിട്ടെന്നല്ലേ വിചാരിക്കേണ്ടത്?

ഇതേനിലയിൽ സതീർത്ഥ്യന്മാരായ ദ്രുപദരാജാവും ദ്രോണരും തമ്മിലുണ്ടായ കൂടിക്കാഴ്ചയും അതിൻെറ പര്യവസാനവും ഈ ഉപദേശത്തെ ഒന്നുകൂടി ദൃഢപ്പെടുത്തുകയും ചെയ്യുന്നുണ്ടല്ലോ.

അതുകൊണ്ട് ആചാരങ്ങളും, അവയിൽ ശരിയായ നിഷ്ഠയും ആൎക്കും അത്യാവശ്യമാകുന്നു. എന്നാൽ ആചാരം, പൂർവ്വാചാരം—എന്നൊക്കെ പേരും പറഞ്ഞു വല്ല കാട്ടും കാട്ടിക്കൂട്ടാതെ അവയെ—വ്യക്തിപരമായവ, ഗൃഹ്യങ്ങൾ, സാമുദായികങ്ങൾ, മതവിഷയകങ്ങൾ, രാഷ്ട്രീയങ്ങൾ എന്നും മററും തരംതിരിച്ചു, ഗുണദോഷങ്ങൾ സൂക്ഷ്മമായി പരിശോധിച്ചറിഞ്ഞു്, അന്യോന്യബാധകമാവാത്തവിധം നിയമനം ചെയ്തു, ബുദ്ധിപൂർവ്വകം അനുഷ്ഠിക്കുന്നതു ലോകക്ഷേമത്തിന്നത്യാവശ്യമാകുന്നു. ഇവയിൽ ഓരോന്നിലുമുള്ള വകഭേദങ്ങളും, അവയുടെ ഉദ്ദേശങ്ങളും, ഗുണദോഷങ്ങളും, മേലിൽ വിചിന്തനംചെയ്യാം.

വി. കെ. എം.

# വിചാരവീചി.

ഒരു പുതിയ സൎവ്വകലാശാല.

ചിതംബരത്ത് ഒരു പുതിയ സൎവ്വകലാശാല സ്ഥാപിക്കാൻ ഒരുക്കങ്ങൾ ചെയ്തുവരുന്നുണ്ടെന്നും അതിലേക്ക് സെർ അണ്ണാമലച്ചെട്ടിയാർ 20 ലക്ഷം ഉറുപ്പിക സംഭാവനചെയ്തിട്ടുണ്ടെന്നും വായനക്കാർ അറിഞ്ഞിട്ടുണ്ടായിരിക്കാം. അത്രയും അതിൽ പകുതിയുംകൂടിയ ഒരു സംഖ്യ മദിരാശി ഗവൎമ്മേണ്ടും ടി. സൎവ്വകലാശാലാസ്ഥാപനത്തിന്നായി കൊടുക്കാമെന്നായി വാഗ്ദത്തംചെയ്തിട്ടുണ്ട്. ഗവൎമ്മേണ്ട് ചെയ്യാമെന്നുവെച്ചിട്ടുള്ള ധനസഹായം അനാവശ്യമാണെന്ന് മദിരാശിയിലെ ചില ദിനപത്രങ്ങൾ അഭിപ്രായപ്പെട്ടുകാണുന്നു. സെർ അണ്ണാമലച്ചെട്ടിയാരുടെ സംഭാവനയെക്കുറിച്ച് സന്തോഷിക്കുന്നതോടുകൂടി പൊതുഭണ്ഡാഗാരത്തിൽനിന്ന് പോവുന്ന സംഖ്യയെപ്പററി പരിതപിക്കാതെയും നിവൃത്തിയില്ലെന്നാണ് അവരുടെ ന്യായം. വ്യവസായം, പ്രാഥമീകവിദ്യാഭ്യാസം എന്നീ വകുപ്പുകളിലേക്ക് എത്ര പണം കൊടുത്താലും മതിയാവാതെകണ്ടിരിക്കുന്ന സ്ഥിതിക്ക് ഉയൎന്നതരം വിദ്യാഭ്യാസത്തിന്നായിക്കൊണ്ട്, അതായത് ബി. ഏ. ബിരുദധാരികളായി, പ്രവൃത്തിയില്ലാതെ, നാട്ടിലേക്കും വീട്ടിലേക്കും ഭാരമായിത്തീരുന്നവരുടെ സംഖ്യ വൎദ്ധിപ്പിക്കാനായിക്കൊണ്ട്—ഇത്രയധികം പണം സൎക്കാരിൽനിന്ന് കൊടുക്കുന്നതു് പൊതുവെ ക്ഷേമകരമായിത്തീരുകയില്ലെന്നാണ് അവരുടെ അഭിപ്രായം. ഇതിൽനിന്ന് ഉയൎന്നതരം വിദ്യാഭ്യാസത്തിന്നുവേണ്ടി ഗവൎമ്മേണ്ട് ഭണ്ഡാഗാരം തുറക്കേണ്ടതില്ലെന്ന് മേല്പടി പത്രങ്ങളുടെ പ്രവൎത്തകന്മാർ വിചാരിക്കുന്നുണ്ടെന്ന് കരുതേണ്ടതില്ല. തല്ക്കാലം ഗവൎമ്മേണ്ടിന്റെ ശ്രദ്ധ പതിയേണ്ട വിഷയങ്ങളിൽ ചിലത് എടുത്തു കാണിച്ചുവെന്നേ ധരിക്കേണ്ടതുള്ളു. ഔദ്യോഗികവിദ്യാഭ്യാസത്തിന്റെ അഭാവംകൊണ്ട് വരുന്ന പ്രവൃത്തിയില്ലായ്മ പരിഹരിക്കാനായി അധികൃതന്മാർ പരിശ്രമിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നുവെന്നുള്ളതിലേക്ക് സംശയമില്ല. പക്ഷെ അതുകൊണ്ട് ഉയൎന്നതരം വിദ്യാഭ്യാസത്തിന്ന് ചിലവിടുന്നത് അതിലേക്ക് വിനിയോഗിക്കേണമെന്ന് പറയുന്നതിൽ അൎത്ഥമില്ല. ജനങ്ങൾക്ക് പ്രവൃത്തിമാൎഗ്ഗങ്ങൾ അധികമാക്കേണ്ടതിലേക്ക് സൎക്കാർ ഭണ്ഡാഗാരത്തിൽനിന്ന് ക്രമമായി ഒരു സംഖ്യ ചിലവുചെയ്യേണമെന്ന് അൎത്ഥിക്കുന്നത് അവസരോചിതമാണ്.

ആ സംഗതിയിരിക്കട്ടെ. ടി. സൎവ്വകലാശാലാസ്ഥാപനത്തിന്നായി ഒരു ബിൽ നിയമനിൎമ്മാണസഭയുടെ അടുത്ത യോഗത്തിൽ കൊണ്ടുവരുന്നുണ്ടെന്നും അറിയുന്നു. ഈ ഘട്ടത്തിൽ കേരളീയരുടെ അനാസ്ഥയെക്കുറിച്ച് രണ്ടു വാക്ക് പറയാതെ തരമില്ല. "കേരളസൎവ്വകലാശാല"എന്നൊരു ശബ്ദം കേൾക്കാൻ തുടങ്ങീട്ട് കുറെ കാലമായി. ആ

കാര്യത്തെപ്പററി പര്യാലോചനചെയ്യാനായി തിരുവിതാംകൂർ ഗവമ്മേ ണ്ട് ഒരു കമ്മിററി ഏല്പെടുത്തുകയും, ആ കമ്മിററി ഒരു റിപ്പോർട്ടു തയ്യാറാക്കുകയും ഉണ്ടായി. അതോടുകൂടി തിരുവിതാംകൂർകാർ തൃപ്തിപ്പെട്ടുവെന്നു തോന്നുന്നു. കൊച്ചിയിലുള്ളവരോ അവിടത്തെ ഗവമ്മേണ്ടോ ഇങ്ങിനെയൊരു സംഗതി നടന്നതായിതന്നെ ഭാവിക്കുന്നുണ്ടെന്നു തോന്നുന്നില്ല. ബ്രിട്ടീഷ്മലബാറിലുള്ളവരും ഒന്നോ രണ്ടോ പൊതുയോഗംകൂടി കൃതാൎത്ഥരായി. ചിദംബരത്തുള്ളവൎക്ക് ആലോചന വന്നതോടുകൂടി, ആളുകളും ഉണ്ടായി, പണവും ഉണ്ടായി. ഗവമ്മേണ്ട് ഉടനെ അനുകൂലിക്കുകയുംചെയ്തു—സെർ അണ്ണാമലച്ചെട്ടിയാരെപ്പോലെ വിദ്യാഭ്യാസതല്പരനായ ഒരു പൌരപ്രമാണി കേരളത്തിലില്ലെന്നോ??—

---

# വിമൎശവീഥി.

പുന്നർകോട്ടുസ്വരൂപം.

ഗ്രന്ഥകൎത്താവ്—കെ. എം. പണിക്കർ.

പ്രകാശകൻ കുളക്കുന്നത്ത് ശങ്കരമേനോൻ.

ബി. വി. ബുക്കുഡിപ്പൊ—തിരുവനന്തപുരം, വില. ഒരു ഉറുപ്പിക.

വീൎയ്യശൌൎയ്യാദികളുടെയും കായികാഭ്യാസങ്ങളുടെയും കേളിരംഗമായിരുന്ന കേരളത്തിൽ പുരാതനകാലത്തു നടന്നിട്ടുള്ള വീരകൃത്യങ്ങൾക്കു കണക്കില്ല. പക്ഷെ ആ വക വീരകഥകൾ മിക്കതും മുക്കിലും മൂലയിലും മറഞ്ഞുകിടക്കുന്നതല്ലാതെ, ഇന്നുള്ളവൎക്കു വായിച്ചറിഞ്ഞു, പൂർവികന്മാരെ ബഹുമാനപുരസ്സരം സ്മരിക്കുന്നതിന്നും, ആത്മാഭിമാനത്തെ ജ്വലിപ്പിക്കുന്നതിന്നും ഉപയോഗപ്പെട്ടുവരുന്നില്ല. വടക്കൻപാട്ടുകൾ മുതലായ ചില പഴയപാട്ടുകളിൽ ഈ വീരചരിത്രം പ്രതിപാദിച്ചിട്ടുണ്ടെങ്കിലും, പ്രായേണ പദ്യവിമുഖന്മാരും കാലഗതിക്കനുസരിച്ചു ഗദ്യകൃതികളിൽ പ്രതിപത്തികൂടിയവരുമായ ആധുനികന്മാൎക്ക് അവ വായിച്ച് പൂൎവികന്മാരുടെ ചരിതങ്ങളറിയുവാൻ മനസ്സും ക്ഷമയും കുറഞ്ഞുകാണുന്നത്. ഇപ്പോഴത്തെ സാഹിത്യഭാഷയിൽനിന്നു വളരെ വ്യത്യാസമുള്ള ഭാഷയും ആ വക പാട്ടുകൾ വായിക്കുന്നതിൽ ഇന്നുള്ളവൎക്കു വൈരസ്യം ജനിപ്പിക്കുന്നുണ്ടാവാം. ഓരോ ദേശങ്ങളിൽ പുരാതനകാലത്തു നടന്നിട്ടുള്ള ഏതെങ്കിലും സംഭവത്തെ ആസ്പദമാക്കി ഉണ്ടാക്കീട്ടുള്ള ഈ വക പാട്ടുകൾ അതാതുദേശത്തു മാത്രമേ പ്രചാരമുള്ളുവെന്നും, അതുതന്നെ പ്രായമേറിയ വല്ലവരും കേട്ടുപഠിച്ചിട്ടുള്ളവരുണ്ടായിരിക്കാമെന്നല്ലാതെ എഴുതി സൂക്ഷിച്ചിട്ടില്ലെന്നും വരാവുന്നതാണ്.

ആ വക ദേശചരിത്രങ്ങൾ കഴിയുന്നേടത്തോളം ജനസാമാന്യം അറിയാനിടയാക്കുന്നത്, പുരാതനപുരുഷന്മാരോടുള്ള ബഹുമാനം പ്രകാശിപ്പിക്കുന്നതിന്നും, ഇന്നുള്ളവരുടെ സ്വാഭിമാനമുണർത്തുന്നതിന്നും, ഭാവിയിലുള്ളവൎക്ക് ഉൽകൎഷേച്ഛ ജനിക്കുന്നതിന്നും എത്രമാത്രം ഉപയോഗപ്പെട്ടുമെന്നു പറഞ്ഞാൽ തീരില്ല. കാൎയ്യം ഇങ്ങിനെയൊക്കെയാണെങ്കിലും, പലരും ഇതേ അഭിപ്രായം പറയാറുണ്ടെന്നല്ലാതെ, പഴയചരിത്രങ്ങളെ ലക്ഷ്യമാക്കി ഇക്കാലത്തിന്നു പററിയവിധം പുസ്തകമെഴുതുന്ന വിഷയത്തിൽ പഠിപ്പും പിടിപാടുമുള്ളവർ വിമുഖന്മാരായിത്തന്നെ ഇരിക്കുന്നു. ഇതിൻെറ ഫലമായി ചരിത്രവിഷയങ്ങളായ ആഖ്യായികാപുസ്തകങ്ങൾ മലയാളത്തിൽ വളരെ ചുരുക്കവുമാകുന്നു.

ഈ ന്യൂനനത പരിഹരിക്കുവാനുദ്ദേശിച്ചുകൊണ്ട് ശ്രീമാൻ കെ. എം. പണിക്കർ ചെയ്തിട്ടുള്ള ഈ അല്പമായ ശ്രമവും വളരെ പ്രശംസാൎഹമായിരിക്കുന്നു. ഇപ്പോൾ തിരുവിതാംകൂറിൽപ്പെട്ട ചെമ്പകശ്ശേരി(അമ്പലപ്പുഴ)യിലെ ഒരു രാജാവ്, മെല്ലെ മെല്ലെയായി അയൽപ്രദേശങ്ങളിലെ പ്രഭുക്കന്മാരുടെ സ്വത്തുക്കളും സ്ഥാനമാനങ്ങളും ചതുരുപായങ്ങളെക്കൊണ്ടും അടക്കി പ്രബലനായിത്തീൎന്നുകൊണ്ടിരുന്ന കാലത്തൊരിക്കൽ, അടുത്ത ഒരു ദേശത്തെ പ്രഭുവായ പുണർകോട്ടുസ്വരൂപത്തിലെ തമ്പുരാൻെറ നേരെ പ്രയോഗിച്ച തന്ത്രങ്ങളും അവയുടെ പരിണാമവുമാണ് ഇതിലെ വിഷയം.

പാത്രസൃഷ്ടിയിൽ ഗ്രന്ഥകൎത്താവ് ഒരുവിധം മനസ്സിരുത്തീട്ടുണ്ട്. ശുദ്ധനും സത്യവാനുമായ പുണർകോട്ട് തമ്പുരാൻ, ജനങ്ങൾ ധരിച്ചിട്ടുള്ളപോലെതന്നെ പ്രാപ്തിയും മുൻകരുതലുമില്ലാത്ത ഒരാളല്ലെന്നു വെളിപ്പെട്ടത് സമയം തെററിത്തുടങ്ങീട്ടായിപ്പോയി: അദ്ദേഹം, നാട്ടിൽ നടക്കുന്ന അഴിമതികളും അവയുടെ സൂക്ഷ്മകാരണങ്ങളും ഏതാണ്ടൊന്നറിഞ്ഞിട്ടുണ്ടെന്നു പഴൂർ രാമകൃഷ്ണപ്പണിക്കരുമായിട്ടുള്ള സംഭാഷണത്തിൽ നിന്നും മററും മനസ്സിലാവുന്നുണ്ട്. കെട്ടിച്ചമഞ്ഞു തമ്പുരാനെന്നും നടിച്ചിരിക്കാൻ മാത്രമല്ല, ഒരു കയ്യ് നോക്കാനും സാധിക്കുന്ന ആളാണെന്നും കഥയുടെ ഒടുക്കത്തെ ഭാഗങ്ങളിൽ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ഈ പൌരുഷപ്രകടനം കുറച്ചു മുൻകൂട്ടീട്ടായിരുന്നുവെങ്കിൽ ഇങ്ങിനെയൊന്നും വരില്ലായിരുന്നു എന്നു തോന്നുന്നു.

പെരുമനനമ്പൂതിരി, അന്തംകറഞ്ഞും, ദുരമൂത്തു സ്വാൎത്ഥത്തിന്നുവേണ്ടി എന്തു ഹീനകൃത്യവും ചെയ്വാൻ സന്നദ്ധനായുമുള്ള ഒരാളാണ്. "ശത്രുക്കളെല്ല ശത്രുക്കളാകുന്നത്—മിത്രഭാവത്തോടരികേമരുവിനശത്രുകരെ ശത്രുക്കളായത്തുന്നിണ്ണയം" എന്ന പഴമൊഴിക്ക് ഈ മനുഷ്യൻ ഒരു ഉത്തമോദാഹരണമാണ്. ചുമലിലിരുന്ന് ചെവിതിന്നുന്ന ഇത്തരം മിത്രരൂപത്തിലുള്ള ശത്രുകരെനിമിത്തം കേരളത്തിലെ എത്ര

പ്രഭുകുടുംബങ്ങളിൽ ഏതെല്ലാംവിധം അനത്ഥമുണ്ടായിരിക്കുന്നു എന്നു വല്ലതും അന്വേഷിച്ചറിയാൻ പുറപ്പെടുന്നവക്ക് ഒരു ബ്രാഹ്മണനെ—നമ്പൂതിരിയെ—ഇങ്ങിനെ ആഭാസവേഷം കെട്ടിച്ചതിൽ പരിഭവത്തിന്നവകാശമില്ല.

ഭൂതലിംഗമയ്യർ ഒരു ചട്ടുകമാണ്. എങ്കിലും താൻ ഏറ്റെട്ട കാൎയ്യത്തിൽ സ്ഥിരതയോടുകൂടി പ്രവത്തിക്കുന്നുണ്ട്. ലന്തക്കാരോടു പണംവാങ്ങി നാട്ടിൽ കലഹമുണ്ടാക്കാൻവേണ്ടി (താൻ നായരായിരുന്നുവെങ്കിലും) ബ്രാഹ്മണവേഷവുംധരിച്ച് പുറപ്പെട്ട ഈ മനുഷ്യൻ, താൻ മരിക്കാൻപോവുന്ന അവസരത്തിലും—ഒരാവശ്യവുമില്ലാതെ പുണർകോട്ട തമ്പുരാനെ വെടിവെച്ച് ലന്തക്കാരോടുള്ള നന്ദി കാണിച്ചതു് സഹജമായ ജാതിസ്വഭാവം പ്രകാശിച്ചതായിരിക്കാം.

പഴൂർ രാമകൃഷ്ണപ്പണിക്കർ, മാത്തൂർ മുകുന്ദൻ കുഞ്ഞുപണിക്കർ ഇവർ വീരമൂത്തികളായിരുന്നു എന്നു തെളിയിച്ചിട്ടുണ്ട്. നായകനായ രാമകൃഷ്ണപ്പണിക്കുക്കു നായകോചിതങ്ങളായ ഉൽകൃഷ്ടഗുണങ്ങൾ സാമാന്യമുണ്ട്. നായിക ആ സ്വരൂപത്തിലെ മററു സ്ത്രീകളിൽനിന്നെല്ലാം വ്യതിരിക്തമായവിധം ബുദ്ധിയും ആലോചനയുമുള്ളവളായിരിക്കുന്നു. അങ്ങിനെ വരാനുള്ള കാരണം കാണിച്ചിട്ടില്ലെങ്കിലും നായകന്നു് യോജിച്ച നായികയാണെന്നു സമാധാനിക്കാം. പുണർകോട്ടസ്വരൂപം പുണർകോട്ടതറയായി മാറിയെങ്കിലും, നായികാനായകന്മാർ ചേന്നിണങ്ങിയതും, അവരെ വിവാഹബന്ധത്താൽ ചേക്കാൻ പുണർകോട്ട തമ്പുരാനുതന്നെ സംഗതിയായതും നന്നായിട്ടുണ്ട്. രാമകൃഷ്ണപ്പണിക്കരിൽ ദൃഢമായ അനുരാഗമുള്ളവളെന്നു തെളിയിച്ചിട്ടുള്ള പഴയരിക്കൽ ഇക്കാവ്, കേളുക്കുറുപ്പിനെ വരനായി സ്വീകരിക്കുന്നതും, അതിൻെറ നിവ്വാഹകൻ രാമകൃഷ്ണപ്പണിക്കരുതന്നെയായിരിക്കുന്നതും കുറച്ചൊന്നു വല്ലാതെ തോന്നും.

പുണർകോട്ടസ്വരൂപത്തെ കുഞ്ഞുകുട്ടികളടക്കം നശിപ്പിക്കാനൊരുങ്ങി കൂടിയിരിക്കുന്ന പെരുമനനമ്പൂതിരി തോണിയിൽനിന്നു പുഴയിൽചാടി വെള്ളംകുടിച്ചു മരിച്ചതിൽ അത്ര വലിയ പരിതാപത്തിന്നിടയില്ലെങ്കിലും പുണർകോട്ടസ്വരൂപത്തിലെ എല്ലാവരും (കഥാനായികയൊഴിച്ച്) തോണിമറിഞ്ഞു് വെള്ളത്തിൽമുങ്ങി മരിക്കാനിടയാക്കിയതും, തമ്പുരാൻ ഭൂതലിംഗമയ്യരുടെ വെടികൊണ്ടു മരിക്കാറായതും, ഗ്രന്ഥകത്താവിന്നു കഥ അവസാനിപ്പിക്കാൻ ബദ്ധപ്പാടായതുകൊണ്ടാണെന്നു തോന്നിപ്പോവും. ചരിത്രാംശം ഭേദപ്പെടുത്താൻ തരമില്ലെന്നു സമാധാനവുമുണ്ടെങ്കിലും സദ്യക്കു വട്ടംകൂട്ടിയതിനനുസരിച്ച് വിഭവങ്ങൾ കാണാതിരിക്കുമ്പോൾ ഉണ്ണുന്നവക്കുണ്ടാവുന്ന ഇച്ഛാഭംഗംപോലെയുള്ള ഒരു മനസ്താപം വായനക്കാക്കുണ്ടാവാനിടയുണ്ട്. പുസ്തകത്തി

ലെ ഭാഷയിലും ആ കാലത്തിന്നും ദേശത്തിന്നും പററിയവിധം ചില ഭേദം അവിടവിടെ വേണ്ടതായിരുന്നു എന്നു ഞങ്ങൾക്കു തോന്നുന്നു.

വിദേശീയരായ കച്ചവടക്കാർ ഇവിടെവന്നു, തരംപോലെ സാമദാനഭേദങ്ങളും, തിരക്കുകളിൽ മറഞ്ഞുനിന്നുകൊണ്ടു ധാരാളം ചതിയും, പ്രയോഗിച്ചു പ്രബലന്മാരായിത്തീരുകയും, ഈ നാട്ടിലെ രാജാക്കന്മാരുടേയും പ്രഭുക്കളുടേയും 'ചിറകൊടിക്കുക'യും ചെയ്തതിന്റെ ഒരേകദേശജ്ഞാനംകൂടി ഈ കഥയിൽനിന്നു സിദ്ധിക്കുന്നതാണു്. ആകപ്പാടെ ഈ പുസ്തകം മലയാളികൾ വായിക്കേണ്ട ഒന്നാണെന്നഭിപ്രായപ്പെടുന്നതോടുകൂടി, ഇത്തരം കൃതികളെക്കൊണ്ടു് ജന്മഭൂമിയെ ഉണൎത്തുവാൻ ഞങ്ങൾ ശ്രീമാൻ പണിക്കരെ പ്രോത്സാഹിപ്പിക്കയും ചെയ്യുന്നു.

## II

### "വെള്ളുവക്കമ്മാരൻ"

ഗ്രന്ഥകൎത്താവ്—ശ്രീമാൻ സി, കുഞ്ഞിരാമമേനോൻ.

വില ൧ക. ൪ണ. മംഗളോദയം പ്രസ്സ്, തൃശ്ശിവപേരൂർ.

ഇതൊരു ചരിത്രനോവലാണു്. വടക്കേ മലയാളത്തിലെ കോലത്തിരിരാജാവിന്റെ പ്രജകളിൽ ഒരാളെന്നനിലയിൽ ജനിച്ചു, സംഗതിവശാൽ രാജാവിന്റെ സൈന്യങ്ങളിലൊരുവനായിത്തീൎന്നു്, സ്വപ്രയത്നംകൊണ്ടും വീൎയ്യശൌൎയ്യാദി ഗുണങ്ങളാലും ഉന്നതസ്ഥിതിയിലെത്തി, ഒരു സംസ്ഥാനത്തിന്റെ ഗവൎണ്ണർ എന്ന നിലയിൽ ശോഭിച്ചു വിരക്തനായിത്തീൎന്ന ഒരു മഹാനാണു് വെള്ളുവത്തറവാട്ടിലെ കമ്മാരൻ അല്ലെങ്കിൽ കമ്മു. കഴിഞ്ഞ കാൎയ്യങ്ങളെപ്പററി ചിന്തിച്ചു് വിഷാദിക്കുകയൊ ഭാവിയെപ്പററി പൎയ്യാലോചിച്ചു പരവശനാവുകയൊ ചെയ്യാതെ കൎത്തവ്യങ്ങളായി തോന്നുന്നവ മനസ്സാക്ഷിക്കൊത്തവണ്ണം ഉടനടി പ്രവൎത്തിക്കുന്നതാണു് കമ്മുവിന്റെ സ്വഭാവം. "ശീതാതപരതിസമൃദ്ധിദാരിദ്ര്യാദിഹേതുക്കളൊന്നും" കമ്മുവിന്റെ കൃത്യങ്ങൾക്കു വിഘ്നകാരികളായിത്തീരാറില്ല. ഇങ്ങിനെ മലയാളികളുടെ—വിശിഷ്യ—നായന്മാരുടെ അസാധാരണ യോഗ്യതകൾക്കു് ഒരു ഉദാഹരണമായി ശോഭിക്കുന്ന ഈ ചരിത്രപുരുഷന്റെ കഥ വൎണ്ണ്യമാണെന്നതിൽ രണ്ടുപക്ഷമില്ല.

ചെറുകഥകളെക്കൊണ്ടുംപലവക ഉപന്യാസങ്ങൾകൊണ്ടും നല്ലൊരുഗദ്യകാരനാണെന്നുപേരെടുത്തുകഴിഞ്ഞിട്ടുള്ള ശ്രീമാൻ കുഞ്ഞിരാമമേനോനാണു് ഇതിന്റെഗ്രന്ഥകൎത്താവെന്നുകൂടിഓൎത്തപ്പോൾഞങ്ങൾക്കു് ഈ പുസ്തകം വായിക്കാൻ എന്തെന്നില്ലാത്ത കൌതുകവും ക്ഷമക്കേടും തോന്നി. എന്നാൽ ഭാഷാശുദ്ധി മുതലായ കാവ്യഗുണങ്ങളിൽ ഗ്രന്ഥകൎത്താവിന്റെ ശ്രദ്ധ വേണ്ടതുപോലെ പതിഞ്ഞിട്ടില്ലെന്നുകാ

ണന്നതു് ഞങ്ങൾക്ക് ഇച്ഛാഭംഗത്തിനിടയാക്കിട്ടുണ്ടെന്നു് പറയാതെ നിവൃത്തിയില്ല. ചരിത്രാംശങ്ങളെ ആസ്പദമാക്കിയെഴുതിയ കഥാപുസ്തകങ്ങൾ മലയാളത്തിൽ നന്നെ ചുരുക്കമായിരിക്കെ, ഒരു മാർഗ്ഗദശിയുടെ മാതിരി പരിശ്രമിച്ചിരിക്കുന്ന ഗ്രന്ഥകൎത്താവിനെ ഞങ്ങൾ ആക്ഷേപിക്കുന്നില്ല. അദ്ദേഹത്തിൻെറ നോട്ടക്കുറവിനെയാണു് ഞങ്ങൾ പഴിക്കുന്നതു്. അററ കുററങ്ങൾ രണ്ടാംപതിപ്പിൽ പരിഹരിക്കുമെന്നു് വിശ്വസിക്കുന്നു.

കഥാസംഭവങ്ങൾ ചിത്രരൂപത്തിൽ വിശദീകരിച്ചതു് ഒരു നല്ല പരിഷ്കാരമായിട്ടുണ്ടു്. ഗ്രന്ഥത്തിൻെറ കെട്ടും മട്ടും, അതു് 'മംഗളോദയ"ത്തിൽനിന്നു് പുറപ്പെട്ടതാണെന്നു് വിളിച്ചുപറയുന്നുമുണ്ടു്.

---

# വിജ്ഞാനസൌധം.

കൊക്കക്കീടങ്ങൾ:—രോഗങ്ങൾ മിക്കതും അണുക്കളായ ജന്തുക്കളുടെ ആക്രമണംകൊണ്ടുണ്ടാവുന്നതെന്നു് ശാസ്ത്രജ്ഞന്മാൎക്കു മനസ്സിലായിട്ടു കാലം വളരെയായിട്ടില്ല. കൊക്കക്കീടങ്ങൾ (Hook Worms) മനുഷ്യരുടെ ആന്ത്രത്തിൽ തങ്ങളുടെ ദേഹത്തിലുള്ള ഒരു കൊളുത്തുകൊണ്ടു്, കൊളുത്തിപ്പിടിച്ചു അട്ടയെപ്പോലെ രക്തംകുടിച്ചു കാലക്ഷേപം ചെയ്യുന്ന ദ്രോഹികളാണു്. ഉഷ്ണമേഖലയിലാണു് ഇവ ധാരാളം കാണുന്നതു്. ഇവ പൂൎണ്ണവലിപ്പം എത്തുമ്പോൾ അരഇഞ്ച് നീളവും ഒരു സൂചിയോളം വണ്ണവും ഉണ്ടാകും. രക്താകുടിച്ചു വീൎക്കുംമുമ്പെ ഇവയുടെ നിറം വെണ്ണീർപോലെയാണു്. മനുഷ്യരുടെ രക്തം വലിച്ചുകുടിക്കുന്നതോടുകൂടി ഇവ രക്തത്തിൽ ഒരുതരം വിഷം കലൎത്തുകകൂടിചെയ്യുന്നു.

ഇവ അനേകായിരം ആളുകളെ ഓരോ സുഖക്കേടുകൾക്കു വശംവദരാക്കുതിന്നുപുറമെ അനവധി ജനങ്ങൾക്ക് അകാലമരണംകൂടി വരുത്തുന്നു. ചോരകുടിച്ചുകൊണ്ടിരിക്കുന്ന നിലയിൽതന്നെ ഓരോ കീടം ദിവസംപ്രതി അനേകായിരം മുട്ടയിടുകയും ആ മുട്ടകൾ പുരിഷത്തിൽകൂടെ പുറത്തുപോകയും ചെയ്യുന്നു. പുറത്തെത്തിയാൽ മുട്ട വിരിയുകയും കണ്ണുകൊണ്ടു കാണാൻ പാടില്ലാത്തവിധം ചെറിയ ആ കീടങ്ങൾ മനുഷ്യശരീരത്തിൽ കടന്നുകൂടുവാൻ അവസരവും പാൎത്തുനിൽക്കുകയും ചെയ്യുന്നു. ആരെങ്കിലും ഒരു കീടത്തെ ചവിട്ടിയാൽ അതു ദേഹത്തിൽ പററിക്കൂടുകയും ക്രമേണ രക്തത്തിൽ പ്രവേശിക്കയും ആ വഴിയായി ഹൃദയത്തിലും ശ്വാസകോശത്തിലും ക്രമേണ ആന്ത്രത്തിൽ മുഴുവനും വ്യാപിക്കയും ചെയ്യുന്നു. ആന്ത്രത്തിൽ എത്തിയ ഉടനെ ഒരു

അദൃഷ്ടശക്തിയുടെ പ്രേരണയാലെന്നപോലെ ഇവ ഒരേടത്ത് കൊള്ളുത്തിനിന്നു രക്തപാനത്തിന്ന് തുടങ്ങുന്നു. കുട്ടികളെയാണ് ബാധിച്ചതെങ്കിൽ ഒന്നാമത് കുട്ടിയുടെ വളൎച്ച നിന്നുപോകുന്നു. രണ്ടാമത് ബുദ്ധി മന്ദിച്ചുപോകുന്നു. ഈ കീടത്താൽ ബാധിതനായ ഒരു കുട്ടി ക്ഷണം മരിക്കാതെ ജീവിച്ചിരിക്കുന്നുവെങ്കിൽതന്നേ അവൻ ജീവച്ഛവമെന്ന നിലയിലായിരിക്കും. അവൻ മരിക്കുന്നതാണ് നല്ലതെന്നു തോന്നിപ്പോകും. ആന്ത്രത്തിൽനിന്നു കൊക്കക്കീടത്തെ തീരെ പുറത്താക്കുവാൻ ഇതുവരെ യാതൊരുമരുന്നും കണ്ടുപിടിച്ചിട്ടില്ല. ഈരപ്പൊടിപോലെ ഒരു കൊക്കക്കീടപ്പൊടിയും ക്രമേണ ആരെങ്കിലും കണ്ടുപിടിക്കുമായിരിക്കും. മുതിര ഭക്ഷിക്കുന്നതുകൊണ്ടു ഈ കീടത്തിൻെറ വീൎയ്യം കുറഞ്ഞു പോകുന്നുണ്ടെന്ന് ചില അനുഭവസ്ഥന്മാർ പറഞ്ഞുകേട്ടിട്ടുണ്ട്.

"ബില്ലിവെക്കിൻ":—ഇത് ഒരുമാതിരി ഗുളികയാണ്. ഇതു കണ്ടുപിടിച്ചത് ആരാണെന്നു നിശ്ചയമില്ലെങ്കിലും, ഈ ഗുളിക ജനങ്ങൾക്കു വളരെ ഉപയോഗമായിത്തീൎന്നിട്ടുണ്ടെന്നു തീൎച്ചതന്നെ. തുടരേയായി മൂന്നുദിവസം, രാവിലെ ഓരോ ഗുളികവിതം കഴിക്കുന്നതായാൽ, ഒരു കൊല്ലത്തേക്കു അവന്നു വിഷൂചികയൊ, വിഷജ്വരമൊ, രക്താതിസാരമൊ ഉണ്ടാകയില്ലെന്ന് തെളിഞ്ഞിരിക്കുന്നു. ഈ ഗുളിക ഗവൎമ്മേണ്ടിൻെറ ഔഷധശാലകളിൽ ഉപയോഗിപ്പാൻ കല്പനയായിരിക്കുന്നുവത്രെ.

ഭൂമിയിൽവെച്ചു വലിയകപ്പൽ—യാത്രക്കാരുടെ സുഖത്തിന്നുവേണ്ടി ഉണ്ടാക്കിയ കപ്പലുകളിൽവെച്ചു ഏററവും വലുത് ഒന്നാമത്തെ യാത്രയിൽതന്നെനശിച്ചുപോയ "ടൈട്ടാനിക്ക്" എന്ന കപ്പലായിരുന്നു. പ്രസിദ്ധനായ സ്ടെഡ്ഡും ഏകദേശം 1500 ആളുകളും തന്മൂലം നശിച്ചുപോയിരുന്നത് പലരും ഓൎക്കാനിടയുള്ളതാണ്. ഇപ്പോൾ ഇംഗ്ലാണ്ടിൽ ഉണ്ടാക്കിവരുന്ന ഒരു കപ്പലിന്ന് ആയിരം അടി ദീൎഘം ഉണ്ടായിരിക്കുമത്രെ. ആയിരം അടി എന്നുവെച്ചാൽ ഏകദേശം ഒന്നര ഫർലോങ്ങാണെന്നറിയുമ്പോൾ അതിൻെറ വലിപ്പം ഏകദേശം ഊഹിക്കാവുന്നതാണ്. ഇത് ഉണ്ടാക്കിത്തീൎക്കുവാൻ മൂന്നുകൊല്ലം ചുരുങ്ങാതെ വേണ്ടിവരും. ചെലവ് സുമാറ് ഏഴപതുലക്ഷം പവനാണത്രെ.

വിഷമുള്ള പുഷ്പം:—ഇയ്യിടെ മദിരാശിയിൽ ഒരു പുഷ്പം തിന്നിട്ട് ഒരുവയസ്സുപ്രായമായ ഒരു പെൺകുട്ടി മരിച്ചുപോയത്രെ. പുഷ്പം മഞ്ഞനിറത്തിൽ ഒന്നായിരുൻപോലും. നമ്മുടെ മേത്തോന്നി(Gloriosa Superba)യുടെ പൂവിൻെറ നിറം മഞ്ഞയും ചുകപ്പുമാണ്. ഇത് എത്രയോ വിഷമുള്ള ചെടിയാണതാനും. "താന്തോന്നിക്കും മെത്തോന്നിക്കും മരുന്നില്ലെ"ന്ന് ഒരു പഴഞ്ചൊല്ലുംകൂടി ഉണ്ട്. ഇതുപോലെ

തന്നെ രാത്രി നല്ല സൌരഭ്യമുള്ള ഉമ്മത്തിന്റെ പൂവും, മഞ്ഞപാഞ്ഞ പച്ചനിറത്തിലുള്ള മദനപ്പൂവും തിന്നാൽ അപകടമുണ്ടു്. പണ്ടു് അജരാജാവിന്റെ പത്നിയായ ഇന്ദുമതി മരിച്ചതു് അവളുടെ ദേഹത്തിന്മേൽ ഒരു പുഷ്പം വീണിട്ടായിരുന്നുപോലും. ആ മാതിരി പുഷ്പങ്ങൾ ഇവിടങ്ങളിലൊന്നുമില്ലാത്തതു് സുന്ദരാംഗികളുടെ ഭാഗ്യമെന്നേ പറയേണ്ടതുള്ളൂ.

ഛായാഗ്രഹണം—(Photograph) യന്ത്രമുഖേന ഓരോരുത്തരുടെ ഛായ എടുത്തുവരുന്ന സമ്പ്രദായം നടപ്പായിട്ടു് വളരെകാലമായി. എന്നാലും ഛായ ശരിയായ രൂപത്തിൽ പ്രതിബിംബിച്ചുകാണുന്നതു് പ്രയാസമാണു്. "വദ്ധ്യനെ ത്തന്നെ മവദ്ധ്യനാക്കീടുവൻ വദ്ധ്യനാക്കീടാമവദ്ധ്യനെ വേണ്ടുകിൽ" എന്നു നീതിതല്പരനായ ദശരഥമഹാരാജാവു് തന്റെ പത്നിയോടു് പറഞ്ഞതുപോലെ ഈ കാലത്തു് പടമെടുക്കുന്ന കൂട്ടൎക്കും, വെളുത്തവനെ കറുത്തവനാക്കാനും, കറുപ്പനെ വെളുപ്പനാക്കാനും സുരൂപിയെ കുരൂപിയാക്കാനും കുരൂപിയെ സുരൂപിയാക്കാനും എളുപ്പത്തിൽ സാധിക്കാവുന്നതാണു്. ഒരുവനെ അവന്റെ യഥാൎത്ഥരൂപത്തിൽ കാണേണമെങ്കിൽ പടത്തിൽ ആകൃതിക്കുപുറമെ സ്വതേയുള്ള നിറവും കൂടി കാണേണ്ടതാണു്. അങ്ങിനെ ഒരു യന്ത്രം ഇയ്യിടെ ഒരാൾ കണ്ടുപിടിച്ചിട്ടുണ്ടു് എന്നുകേട്ടു. പദാൎത്ഥങ്ങളെ ഛായമിടാതെ, അതതിന്റെ യഥാൎത്ഥവൎണ്ണത്തിൽ ചിത്രത്തിൽ കാണുന്നതു് ഒരു അത്ഭുതകരമായ ഏൎപ്പാടുതന്നെയായിരിക്കും. പക്ഷികളെയും പുഷ്പങ്ങളെയും എന്നുവേണ്ട എല്ലാസാധനങ്ങളേയും ഛായയിൽ യഥാൎത്ഥവൎണ്ണത്തിൽ കാണുന്നതു് നമ്മുടെ അറിവിന്നുകൂടി ഉപയുക്തമായ ഒരു സംഗതിയായിരിക്കും എന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

നാഗം—ഇയ്യിടെ തിരുവിതാംകൂറിൽനിന്നു് ഒരു നാഗം മൂന്നുമാസംമുമ്പേ തന്നെ ദ്രോഹിച്ച ഒരുവനെ കണ്ടുപിടിച്ചു്, അവന്റെ വീടുവരെ, അവനെ കടിക്കാൻവേണ്ടി പിന്നാലെ ഓടിയെന്നു കേൾക്കുന്നു. പാമ്പിന്റെ "കട്ടപ്പ"പോലെ എന്നുപണ്ടുള്ളവർ പറഞ്ഞതു് ഒരു സമയം യഥാൎത്ഥമായിരിക്കുമൊ. സൂൎയ്യനെപ്പറ്റിയും കുംഭസംഭവമുനിയെപ്പറ്റിയും, കാമദേവനെപ്പറ്റിയും പറഞ്ഞതുപോലെ ഉപകരണങ്ങൾ യാതൊന്നും ഇല്ലാതെ പല കാൎയ്യങ്ങളും നിൎവ്വഹിച്ചുപോരുവാനുള്ള ശക്തി നാഗങ്ങൾക്കുണ്ടെന്നു തോന്നുന്നു.

കാലേയില്ല കരങ്ങളില്ല ചിറകില്ലപ്പക്ഷിമീനങ്ങളെ-
പ്പോലെ നാഗപതേ! നിനക്കു; മതിനെന്തോടുന്നു ചാടുന്നു നീ
നീളേമാമരമേറിടുന്നു നിവരുന്നാടുന്നു നീന്തുന്നു വ-
മ്പാലേമേലെ പറന്നിടുന്നു പുളയുന്നെന്തൊന്നു വയ്യാത്തതോ?

ഇതിൽ പറകുന്നു എന്ന ഒരു കാര്യം, ജനങ്ങളുടെ ഇടയിൽ ഉള്ള ഒരു വിശ്വാസം പറഞ്ഞതല്ലാതെ എനിക്കു വിശ്വാസമൊ ബോദ്ധ്യമൊ ആയ സംഗതിയല്ല. എന്നാൽ പാമ്പിന്ന് വയ്യുന്ന മററൊരു വലിയകാര്യം വിട്ടുപോയിരിക്കുന്നു. അത് ചെവിയില്ലാതേ നല്ലവണ്ണം കേൾപ്പാൻ സാധിക്കുന്ന ഗുണമാണ്. ചെവിയുടെ തുള പാമ്പിൻെറ ശിരസ്സിന്മേൽ ഒരേടത്തും കാണുന്നില്ല. പാമ്പിന്നു കേൾപ്പാനുള്ള ശക്തി വളരെ തികഞ്ഞുകാണുന്നുണ്ടുതാനും. ചെറിയപക്ഷികളുടെ കരച്ചിൽ കേട്ടാൽ പാമ്പ് അവിടെ എത്തിച്ചേരാതെ ഇരിക്കില്ല. പാമ്പാട്ടികൾ തങ്ങളുടെ പ്രത്യേകതരം നാഗസ്വരം വിളിക്കുന്നത് പാമ്പുകേൾക്കുന്നുണ്ടെന്ന് അതിൻെറ ചേഷ്ടകൾകൊണ്ട് മനസ്സിലാക്കാം.

"മൂയ്യൂർക്കുങ്കനുണ്ടപ്പുറത്ത്

പാമ്പിൻചെകിടാണെനാങ്ങളക്ക്" എന്ന് തച്ചോളിപ്പാട്ടിലും കാണുന്നു. സംസ്കൃതത്തിൽ അക്ഷികർണ്ണൻ എന്ന ഒരു പേരും പാമ്പിന്നുണ്ട്. ഒരുസമയം അക്ഷി പാമ്പിന്ന് കർണ്ണത്തിൻെറ ഭാരവും വഹിക്കുന്നുണ്ടോ എന്ന് ആരറിഞ്ഞു? പാമ്പിൻെറ കണ്ണിന്നു ഇമയില്ല. കണ്ണ് എപ്പോഴും തുറന്നുകൊണ്ടുതന്നെ ഇരിക്കും. ഇമകൊണ്ട് കണ്ണ് മൂടിയെങ്കിൽ ചെവിയടഞ്ഞുപോകുമല്ലോ എന്നുവെച്ചിട്ടായിരിക്കുമോ പാമ്പിൻെറ കണ്ണിന്ന് ഇമയില്ലാത്തത്. എന്തായാലും പാമ്പ് ഒരു സാമാന്യക്കാരനല്ല.

<u>ലേഖനങ്ങളുടെ വില:</u>—ലോകത്തിൽ പണ്ടും ഇന്നും വളരെ ആളുകൾ ലേഖനങ്ങൾ എഴുതി പ്രതിഫലം വാങ്ങീട്ടുണ്ടെങ്കിലും, എല്ലാരിലുംവെച്ച് ഏററവും അധികം പണം സമ്പാദിച്ച ആൾ ഇംഗ്ലണ്ടിലെ പ്രസിദ്ധമന്ത്രിയായിരുന്ന ലോയഡ്ജോർജ്ജ് എന്ന മഹാനാണ്. അദ്ദേഹം ലേഖനദ്വാരാ ഒരു ലക്ഷത്തിരുപത്തയ്യായിരം പവൻ സമ്പാദിച്ചുകഴിഞ്ഞു. മേലാൽ അദ്ദേഹം ലേഖനം എഴുതുന്ന പ്രവൃത്തി വിട്ടു, രാഷ്ട്രീയമായി സ്വതന്ത്രകക്ഷികളുടെ ഔന്നത്യത്തിന്ന് ശ്രമിക്കുകയാണത്രെ ചെയ്യുന്നത്. ഇങ്ങിനെയുള്ള കൂട്ടരാണ് യഥാൎത്ഥരാജ്യഭക്തന്മാർ.

<u>കഴുകിവെടിപ്പാക്കൽ:</u>—സ്ഫടികപ്പാത്രങ്ങൾ മനുഷ്യർ ഉപയോഗിച്ചുതുടങ്ങീട്ട് വളരെ കൊല്ലമായി. എന്നാലും അത് വളരെ വേഗതയോടെ കഴുകി വെടിപ്പാക്കാനുള്ള ഒരു യന്ത്രം ഇയ്യിടെ ഒരു ഇംഗ്ലീഷ്കാരനാണ് കണ്ടുപിടിച്ചത്. വെള്ളംകൊണ്ടു കഴുകി തുടച്ചു, വിഷാണുക്കളെ നീക്കംചെയ്തു, ഉണക്കി, മിനുസപ്പെടുത്തി, ഓരോ സ്ഫടികപ്പാത്രമായി നമുക്കു തരുന്ന യന്ത്രം സ്തുത്യൎഹമായ ഒന്നുതന്നെയാണ്. ഒരൊററ മിനുട്ടുകൊണ്ട് 10 പാത്രങ്ങൾ വെടിപ്പാക്കും. വലിയ ഹോട്ടലുകളിൽ ഈ സൂത്രം വളരെ ഉപയോഗമായിവരാതെ ഇരിക്കില്ല.

UNIVERSITY LI
JUL.
MADRAS

വാഴ:—ഇന്ത്യയിൽ മാത്രം കാണുന്ന ഒരുതരം ഫലവൃക്ഷമാണ് വാഴ എന്നു വിചാരിക്കരുത്. ഈസ്റ്റ് ഇൻഡീസ് എന്ന ദ്വീപുകളിൽ നിന്നാണ് വാഴ ഇന്ത്യയിലേക്ക് പ്രവേശിച്ചത്. ഈജിപ്റ്റ്, ജാപ്പാൻ, കാനറീസ്, നെട്ടാൽ (ആഫ്രിക്ക), ബ്രെസിൽ (തെക്കൻ അമേരിക്ക) മുതലായ ദിക്കുകളിലും വാഴ സമൃദ്ധിയായി വളരുന്നുണ്ട്. വാഴയിൽ പലതരങ്ങളുണ്ടെങ്കിലും മുഖ്യമായത് നേന്ത്രവാഴയാണ്. സാക്ഷാൽ നേന്ത്രവാഴ കേരളത്തിൽ അധികം വളർത്തിവരുന്നതു കാണുന്നില്ല. എന്തുകൊണ്ടെന്നാൽ അതിൻെറ കായ വളരെ ചെറുതാണ്. ഇവിടങ്ങളിൽ നട്ടുണ്ടാക്കുന്നത് നനനേന്ത്രയും ആററുനേന്ത്രയും മാത്രമാണ്. വാഴകൊണ്ടുള്ള ആദായം ചില്ലറയല്ല. ഒരു ഏക്കർ സ്ഥലത്ത് ഉണ്ടാകുന്ന ഫലം കോതമ്പത്തേക്കാൾ 136 ഇരട്ടിയും നെല്ലിനേക്കാൾ 44 ഇരട്ടിയും ആണത്രെ. വാഴയുടെ കായ മാത്രമല്ല, അതിൻെറ ക്രമ്പും ഉണ്ണിക്കാമ്പും കണ്ടയും (കിഴങ്ങ്) ആഹാരസാധനങ്ങളായിത്തീരുന്നു. വാഴപ്പോള പിഴിഞ്ഞു കിട്ടുന്ന നീർ കുടിക്കുന്നത് പന്നഗവിഷത്തിന്നു കൈകണ്ട മരുന്നാണെന്നു പരിശോധിച്ചവർ പറയുന്നു.

സസ്യങ്ങളുടെ ആത്മരക്ഷ:—"സർവ്വത്തേയുമുപേക്ഷിച്ചു ആത്മാവെ രക്ഷിക്കേണം" എന്ന വിദ്വാനായ വിദുരർ ഒരേടത്തു പറഞ്ഞതായി ഓർമ്മ തോന്നുന്നുണ്ട്. ജന്തുക്കളെപ്പോലെതന്നെ സസ്യങ്ങളും ആത്മരക്ഷക്ക് പല പൊടിക്കൈകളും പ്രയോഗിച്ചുവരുന്നുണ്ട്. നോക്കേണ്ടപോലെ നോക്കാഞ്ഞിട്ടാണ് അതൊന്നും നമ്മൾ കാണാതിരിക്കുന്നത്. സസ്യങ്ങൾ മിക്കതും സസ്യഭുക്കുകളായ ജന്തുക്കളുടെ ആഹാരപദാർത്ഥങ്ങളായിരിക്കകൊണ്ട്, മോചനമാർഗ്ഗങ്ങളൊന്നും കാണാത്തപക്ഷം ഇവ ക്രമേണ നിശ്ശേഷം ഒടുങ്ങിപ്പോകുന്നതാണ്. അതുകൊണ്ടു ജന്തുക്കളെ അകററുവാൻവേണ്ടുന്ന കോപ്പുകളൊക്കെ പലപല സസ്യങ്ങളിലും കാണുന്നുണ്ട്. ചില സസ്യങ്ങളുടെ ഇലകളിന്മേൽ, മുള്ളുകളും സൂചികളും ചെറിയ മുൾപ്പടപ്പുകളും, തൊട്ടാൽ ചൊറിയുന്ന രോമങ്ങളും കാണുന്നുണ്ട്. കൈത, കള്ളി(coactus), ചുണ്ട, വഴുതിന മുതലായ ചെടികളുടെ ഇലയിൽ മുള്ളുകളുള്ളതുകൊണ്ട് ഇലതിന്നുന്ന ജന്തുക്കളൊന്നും ഇതിൻെറനേരെ വരുന്നില്ല. മുള്ളൊക്കെ നീക്കംചെയ്തു ഈ ചെടികളുടെ ഇല ആടുകൾക്കിട്ടുകൊടുത്താൽ അത്യാർത്തിയോടെ അവ അതൊക്കെ തിന്നുതീർക്കുന്നത് കാണുമ്പോൾ, മുള്ള് അവക്കുണ്ടാക്കികൊടുക്കുന്ന രക്ഷ ചില്ലറയല്ലെന്നു മനസ്സിലാകും. സംഭാരപ്പുല്ലിൻെറ ഇല, പരുപരുത്തതാകകൊണ്ടും അതിൻെറ നീർ വളരെ രൂക്ഷമായതുകൊണ്ടും ജന്തുക്കൾ ആ തരം പുല്ല് തൊടാൻ വരുന്നില്ല. കൊടിത്തൂവയുടേയും നായക്കുരണയുടേയും ഇലകളിന്മേൽ കാണുന്ന രോമങ്ങൾ വിഷവാഹികളും കടച്ചലുണ്ടാക്കുന്നവയും ആയിരിക്കകൊണ്ട് മൃഗങ്ങളു

ടെ ഹിംസയിൽനിന്ന് അവക്കും മോചനം സിദ്ധിക്കുന്നു. സകലഭാഗത്തും മുള്ളുകളുള്ള ഞെരിഞ്ഞിലിന്റെ കായകളും ആ ചെടിക്കു ഒരു രക്ഷയായി നില്ക്കുന്നുണ്ട്. ചില ചെടികളുടെ ചെറിയ തണ്ടിന്മേൽ വലിയ മുള്ളുകളുണ്ട്. കാര എന്ന ചെടിയാണ് ഇതിന്ന് ഉത്തമദൃഷ്ടാന്തം. പനിനീർച്ചെടിയുടെ കൊമ്പും ഈ തരത്തിൽപെട്ടതാണ്. ചില വള്ളികളിന്മേൽ ചൂണ്ടൽപോലെയുള്ള മുള്ളുകളുണ്ട്. മൂത്ത ചില പഴങ്ങളിന്മേലും വിലിയ മുള്ളുകൾ എറിച്ചു നില്ക്കുന്നതുകാണാം. മുള്ളൻചക്കയും പുളിഞ്ചക്കയും മററും ഈ തരത്തിൽപെട്ടതാണ്. ചില സസ്യങ്ങളുടെ മിനുത്ത ഇലകളുടെ ഉള്ളിലും, മേൽഭാഗം മൃദുവായി തോന്നുന്ന തണ്ടുകളുടെ ഉള്ളിലും ഉറപ്പുള്ള നേരിയ നാരുകൾ ഉള്ളതുകൊണ്ട് അവയെ എല്ലാ ജന്തുക്കളും ഒഴിച്ചുവിട്ടുകളയുന്നു. ആടുകൾക്കും പശുക്കൾക്കും ഇക്കൂട്ടരെ ചവച്ചു മെതിപ്പാൻ സാധിക്കുകയില്ല. ചില മരങ്ങൾ രുചിയുള്ള തങ്ങളുടെ തോൽ കാന്ന തിന്നുപോകാതിരിപ്പാൻ തടിയിന്മേൽഅനേകം മുള്ളുകൾവഹിക്കുന്നു. മുരിക്കാണ് ഇതിന്ന് എല്ലാവരും അറിയുന്ന ഒരു ഉദാഹരണം. നാരകത്തിന്റെ ശാഖകളും ഈ വിദ്യ വേണ്ടെന്നുവെച്ചിട്ടില്ല. തങ്ങളെ തിന്നാൻവരുന്ന ജന്തുക്കൾക്കു വിഷമായൊ, ഛർദ്ദിപ്രദമായൊ അറപ്പായൊ ഉള്ള ചില പദാൎത്ഥങ്ങളുടെ ശേഖരണംകൊണ്ടു വളരെ സസ്യങ്ങൾ രക്ഷപ്പെട്ടുപോരുന്നു. വിഷംകൊണ്ടു ഉമ്മവും മെത്തോന്നിയും, ഛർദ്ദിപ്രദമായതുകൊണ്ട് പീനാറിയും, അറപ്പുകൊണ്ടു ശവക്കുവയും താന്താങ്ങളെ ആപത്തുകളിൽനിന്ന് പുലത്തുന്നു.

വല്ലപ്രകാരത്തിലും തുളയൊ മുറിയൊ ഏററാൽ, തടിയിൽനിന്ന് അതുവഴിയായി ഒഴുകിവീഴുന്ന പശയുള്ള പാലിന്റെയോ മററു ദ്രാവകത്തിന്റെയൊ ചാട്ടംകൊണ്ടു പ്രാണികളെ അകററുന്ന സസ്യങ്ങളും ഉണ്ടു്. പാല (കുങ്കവം അല്ലെങ്കിൽ അലറി) റബ്ബർ, പയൻ മുതലായ മരങ്ങൾ ഈതരത്തിൽ പെട്ടവയാണ്. ഈദ്രാവകം ഉണക്കംതട്ടുമ്പോൾ ഉറച്ചുപോയിട്ട്, ആവക മുറികൾക്കു ഒരു രക്ഷയുള്ള മൂടായും നിന്നുപോരുന്നു. ഇങ്ങിനെ സ്വരക്ഷക്കുവേണ്ടി ഒരു മരത്തിന്മേൽനിന്ന് ഒഴുകിവരുന്ന ഒരുതരം ദ്രാവകം മാത്രമാണ് ജനങ്ങൾക്കു എത്രയോ ഉപകാരപ്രദമായ റബ്ബർ എന്ന സാധനം. യാതൊരു പ്രാണിയും റബ്ബർമരം തുളക്കാൻ ചെല്ലുകയില്ല. ഒഴുകിവരുന്ന പശയിൽപെട്ട് അത് സംശയമില്ലാതെ ഒട്ടങ്ങിപ്പോകുന്നതാണ്.

വിഷവാഹികളായ ചില ക്രന്തകൾക്കു (ക്രമിൻ) തിളങ്ങുന്ന വർണ്ണങ്ങൾ കാണും. ജന്തുക്കളുടെ വീക്ഷണവിഷയമാകുവാൻതക്കവണ്ണം എത്രതന്നെ മുഴച്ചുനിന്നാലുംകൂടി തങ്ങളെ തൊടാൻ ആരും വരില്ലെ

ന്ന ധൈര്യത്തിന്മേലായിരിക്കും ഇവ ഈ മാതിരി വൎണ്ണാഡംബരങ്ങളിൽ ബദ്ധകഞ്ചുകികളായി മനസ്സുവെക്കുന്നതു്. ഇതു് ഒരു നല്ല തരമാണെന്നവിചാരിച്ചു, വിഷം കേവലം ഇല്ലാത്ത മറെറാരുതരം കൃമിൽ, വിഷകൃമിലിൻെറ വൎണ്ണാഡംബരം പകൎത്തിട്ടുത്തു്, ബാക്കി ജന്തുക്കളുടെ കണ്ണിൽ പൊടിയിട്ടുകളയുന്നുണ്ടു്. ചില മരങ്ങൾക്കു ആഹ്ലാദകരമായ സൌരഭ്യം ദത്തമായിട്ടുണ്ടു്. ചന്ദനം, കപ്പൂരം, അഗരു, ലവണ്ടർ, തുളസി മുതലായ മരങ്ങൾ വളരെ സുരഭികളാണു്. ഇവയുടെ ഗന്ധം നമുക്കു ഹൃദ്യമായിത്തോന്നുമെങ്കിലും മരം കേട്ടവരുത്താൻ വരുന്ന പ്രാണികൾക്കു അസഹ്യമാണു്. കറാമ്പ്, കറപ്പ്, ഏലം, കപ്പൂരമല്ലിക, മദനച്ചെടി മുതലായ സസ്യങ്ങളും താന്താങ്ങളെ പുലൎത്തിപ്പോരുന്നതു് ഈ മാതിരി ഓരോ ഗന്ധംകൊണ്ടാണു്.

# അന്യസഹജീവികൾ.

## ഒരു തീട്ടൂരം.

കൊല്ലവഷം 897-ൽ (ക്രൈസ്തവാ 1721) തൃശ്ശിവപേരൂരിൽ തീപ്പെട്ട ശക്തൻ രാമവൎമ്മ മഹാരാജാവു 885 മേടമാസം 20-ാംനു- ബെററവിയായിലെ ഡച്ചു ജനറാൾക്കയച്ച ഈ തീട്ടൂരം ഇതുവരെ പ്രസിദ്ധപ്പെടുത്തിയിട്ടില്ലാത്ത ഒന്നാകുന്നു. പാലിയം ഈട്ടുവെപ്പിലുള്ള പഴയ ഗ്രന്ഥവരികളിൽ ഒന്നിൽനിന്നു കിട്ടിയ ഈ രേഖ സാഹിത്യപരവും ചരിത്രപരവുമായ ഒരു പ്രധാനരിക്കാട്ടാകുന്നു. ഏകദേശം നൂറേറടുകളോളമുള്ള ഒരു താളിയോലഗ്രന്ഥത്തിൻെറ ഇടയിൽ ദ്രവിച്ചുതുടങ്ങിയ പന്ത്രണ്ടു ഓലകളിൽനിന്നു പകൎത്തിയെടുത്തിട്ടുള്ള ഈ തീട്ടൂരത്തിൽ ചില സ്ഖലിതങ്ങളെല്ലാം വന്നുപോയിട്ടില്ലെന്നില്ല. ഈ ഗ്രന്ഥത്തിൻെറ മറെറ ഓലകളിൽ പലെ നാൾവഴികളും, അക്കാലത്തു കൊച്ചി കോവിലകത്തു നടത്തിയ ചില കണ്ടെഴുത്തുകളുടെ കണക്കുകളും ആകുന്നു കുറിച്ചിട്ടുള്ളതു്. പ്രകൃതത്തിലുള്ള തീട്ടൂരം അക്കാലത്തെ കോവിലകം രായസക്കാരിൽ ഒരാളായ പവ്വത്തിൽ ഇട്ടി അമ്പാടി എഴുതിയിട്ടുള്ളതാകുന്നു. പള്ളി, പന്തി, പവ്വത്തി എന്നീ തറവാട്ടുകാരായിരുന്നു അന്നത്തെ കോവിലകം രായസക്കാരും മേനവന്മാരും. ഒരിക്കൽ തിരുവിതാംകൂറുകാരുമായുണ്ടായ യുദ്ധത്തിൽ തടവിലകപ്പെട്ടു സ്വന്തം ജീവനെ ബലികഴിച്ച പള്ളിയിൽ ഇട്ടിക്കേളമേനവനെ കൊച്ചിരാജ്യക്കാർ ഇന്നും അനുസ്മരിക്കുന്നുണ്ടാവും.

ഈ തീട്ടൂരത്തിൻെറ കത്താവായ രാമവൎമ്മ മഹാരാജാവു "വലിയ സൂത്രക്കാരനും ഉൾപ്പോരുള്ളവനു"മായിരുന്നുവെന്നു ഡച്ചുകാർ അസൂയപ്പെട്ടിരുന്നു. സാമൂതിരിയുമായി പതിനാറു വഷത്തോളം നടത്തിയ യുദ്ധത്തിൽ കൊച്ചിരാജ്യത്തിൻെറ നന്മയെമാത്രം ലാക്കാക്കി ഡ

ച്ചുകാരെ പറഞ്ഞു ചാടിച്ചതുകൊണ്ടുള്ള ദ്വേഷ്യം ഇവൎക്കു കുറെ കാലത്തേക്കുണ്ടായിരുന്നു. എങ്കിലും ഇദ്ദേഹത്തിന്നു ഡച്ചുകാരെക്കൊണ്ടുണ്ടായിട്ടുള്ള സഹായം കുറച്ചൊന്നുമല്ല. സാമൂതിരിയായുണ്ടായ യുദ്ധത്തിലും, അക്കാലത്തു തന്നോടു കയ്യേററംചെയ്ത നാട്ടുകാരിൽ പ്രമാണികളായവരെ കീഴടക്കിയ കാൎയ്യത്തിലും, രാമവൎമ്മരാജാവിനെ ഡച്ചുകാർ നല്ലവണ്ണം അനുകൂലിച്ചിരുന്നു. ലന്തക്കാരുടെ സഹായത്തോടുകൂടിത്തന്നെ സാമൂതിരിയുമായി സന്ധിചെയ്ത ഉടനെയാണ് പ്രസ്തുത തീട്ടൂരം എഴുതിയതു്. എന്നാൽ ഈ സഖ്യം അധികകാലത്തേക്കു നിലനിന്നില്ല് "നെടിയിരുപ്പിന്നു ഉള്ളിലുള്ള അഹംഭാവം നിലച്ചിട്ടില്ലെന്നും, എല്ലാ അവസ്ഥകൊണ്ടും ചേററുവാഴിക്കലെ കോട്ടവഴിപോലെ ഉറപ്പിക്കുന്നതു കുമ്പഞ്ഞിക്കും നമുക്കും നല്ലതാണെന്നും" തീട്ടൂരത്തിൽ പറഞ്ഞിരിക്കുന്നതു നാലുകൊല്ലം കഴിയുന്നതിന്നുമുമ്പു വാസ്തവമായിപരിണമിച്ചു.

ബുദ്ധിമാനായ രാജാവ് തൻെറ പിൻവാഴ്ചക്കാരായ അനന്തിരവന്മാരുടെ ബലഹീനതയേയും അവർ മൂലം തൻെറ കാലശേഷം രാജ്യത്തിന്നു നേരിട്ടേക്കാവുന്ന ദോഷത്തേയും കുറിച്ചു ഡച്ചു ജനറാളോട് ആവലാധിപ്പെടുന്ന തീട്ടൂരത്തിലെ ആ ഭാഗം കൊച്ചിരാജ്യചരിത്രത്തിൽ ഏററവും പ്രധാനമായിട്ടുള്ളതാണ്. ഇദ്ദേഹത്തിൻെറ കാലത്തു് ചാഴിയൂർ വടക്കെപ്പാട്ടുനിന്നു രണ്ടു പുരുഷന്മാരേയും ഒരു സ്ത്രീയേയും ദത്തുവെക്കയും, പെരുമ്പടപ്പു മൂപ്പുസ്ഥാനം കൊച്ചിരാജവംശത്തിലേക്കു മാത്രമാക്കിത്തീൎക്കയും ചെയ്തു. തീട്ടൂരമെഴുതിയ കാലത്തു് ഈ ദത്തിനെസ്സംബന്ധിച്ചു പല ആലോചനകളും നടന്നുവന്നിരുന്നുവെന്നും, അക്കാലത്തു് രാജാവ് ലന്തക്കാരുടെ സഹായത്തെ ഏറെക്കുറെ ആവശ്യപ്പെട്ടിരുന്നുവെന്നും ഉള്ളതിന്നുപുറമെ,വെട്ടത്തുനിന്നൊ, ഐത്രൂരുനിന്നൊ, പടിഞ്ഞാററിയേടത്തുനിന്നൊ ദത്തുകൊള്ളുന്ന കാൎയ്യത്തിൽ തമ്പുരാൻ തീരെ അനുകൂലിച്ചില്ലെന്നും കാണാവുന്നതാണ്. ഈ ദത്തിനെ സംബന്ധിച്ചു കൊച്ചി സ്റ്റേററുമാനുവലിൽ ഒന്നും സൂചിപ്പിച്ചിട്ടില്ലെങ്കിലും തൃപ്പൂണിത്തുറ ഗ്രന്ഥവരിയിൽ വിശദമായി പറഞ്ഞുകാണുന്നുണ്ടു്.

കൊച്ചിരാജവംശാവലിയെ സംബന്ധിച്ച ചില പുതിയ സംഗതികൾ കൂടി ഈ തീട്ടൂരത്തിൽനിന്നു നമുക്കു മനസ്സിലാക്കാം. ക്രൈസ്തവം 1689-ൽ ചാഴിയൂർ താവഴിയിൽനിന്നും ആറു പുരുഷന്മാരേയും നാലു സ്ത്രീകളേയും ദത്തുവെച്ചതിൽ മൂന്നാമനായിരുന്നു നമ്മുടെ രാമവൎമ്മ രാജാവെന്നും, ഇദ്ദേഹത്തിൻെറ അനന്തിരവനായിട്ടു "ഇവിടെക്കു കല്പിച്ചതിൽ ഇനി മൂവ്വർ ഉണ്ടു്," എന്നും കാണുന്നുണ്ടു്. കൊച്ചിസ്റ്റേററുമാനുവലിൽ ഈ രാമവൎമ്മരാജാവിനെ, ദത്തുവെച്ചതിൽ ആദ്യത്തെ ആളായിട്ടാണ് ഗണിച്ചുകാണുന്നതു്. ഇദ്ദേഹം ക്രൈസ്തവം 1698-മുതൽ 1722വരെ രാജ്യഭാരം ചെയ്തുവെന്നും അതിൽ പറഞ്ഞുകാണുന്നുണ്ടു്. എന്നാൽ തൃപ്പൂണിത്തുറ ഗ്രന്ഥവരികളും ഈ തീട്ടൂരവും പരി

ശോധിക്കുമ്പോൾ കണ്ടുകിട്ടുന്ന രാജവംശാവലി കുറെ ഭേദപ്പെട്ടിട്ടാണ്. ഇനിയും ശരിയായ ലക്ഷ്യങ്ങളുടെ ആവിർഭാവത്തിൽ താഴെ ചേർക്കുന്ന വംശാവലി ഭേദപ്പെടുത്തേണ്ടതായി വരുമായിരിക്കും. റാണി ഗംഗാധര ലക്ഷ്മിയുടെ കാലം 1656മുതൽ 1663വരെയാണ് എന്നിവിടെ ചേർത്തിട്ടുണ്ടെങ്കിലും,1658മുതൽ 1663വരെ വെട്ടത്തു രാജാക്കന്മാരുടെ കീഴിൽ തന്നെയായിരുന്നു കൊച്ചിരാജ്യം എന്നു വിചാരിക്കണം.

"യോഗക്ഷേമം"

## "വിക്കു മാററാൻ."

ഈയിടെ ഒരു പാശ്ചാത്യാദ്ധ്യാപകൻ കുട്ടികളുടേയും മററും വിക്കുമാററാൻ എത്രയും ലഘുവും സുഗമവുമായ ഒരു വഴി കണ്ടുപിടിച്ചിരിക്കുന്നു. ഈ പ്രയോഗത്തിൻെറ അടിസ്ഥാനതത്വം മാനസികമാണ്. വിക്കുകാരൻ തൻെറ വിക്കിനെപ്പററി എത്രമാത്രം ശ്രദ്ധിക്കുന്നുവോ അത്രയ്ക്കു വിക്കു അധികമാകുകയാണ് ചെയ്യുന്നതെന്നും പലക്കും മനസ്സിലായിരിക്കുമല്ലോ. നേരേ മറിച്ചുള്ള മാർഗ്ഗം പ്രയോഗിച്ചാൽ വിക്കുകുറയുമെന്നുള്ള ഊഹത്തോടുകൂടിയാണ്, ഈ പുതിയ സൂത്രം പരീക്ഷിച്ചുനോക്കിയത്. സംസാരിക്കുന്നസമയത്തു, വേറെ ഏതെങ്കിലും ലഘുവായ ഒരു കായികപ്രവൃത്തിയിൽ കൂടെ മനസ്സിനെ തിരിച്ചാൽ വിക്കു കുറയുകയും, കുറച്ചുദിവസംകൊണ്ടു പൂർണ്ണമായി ഭേദപ്പെടുകയും ചെയ്യുമെന്നു പല വിക്കന്മാരുടെ വിഷയത്തിലും ഈ വിദ്യ പ്രയോഗിച്ചുനോക്കിയതിൽ തെളിഞ്ഞിരിക്കുന്നു. സംസാരിക്കാൻ ഭാവിക്കുമ്പോൾ ഉപ്പുകുററി പൊക്കാതെ ഏതെങ്കിലും ഒരു കാലിൻെറ മുൻപടം പൊക്കിക്കൊണ്ടു സംസാരിക്കണം എന്നുള്ളതാണ് വിക്കിനെ ജയിക്കാനുള്ള പ്രയോഗം. ഇത്ര ലഘുവായ ഒരു സൂത്രംകൊണ്ടു പലപ്പോഴും പരിഭ്രമജനകമായിരിക്കുന്ന വിക്കിനെ ജയിക്കാമെന്നു പറഞ്ഞാൽ പലക്കും വിശ്വസിക്കാൻ പ്രയാസമായിരിക്കാം. എന്നാൽ കുറച്ചുദിവസം പരീക്ഷിച്ചുനോക്കിയാൽ ഈ അവിശ്വാസം താനേ നീങ്ങിപ്പോകുന്നതാണ്

(പൌരൻ)

# കേരള സാഹിത്യപരിഷത്ത്.

## ലഘുപത്രിക. 1

പരിഷത്തിൻെറ ദ്വിതീയസമ്മേളനം 2-ാംതീർപ്പിലെ അഭിപ്രായമനുസരിച്ചു, ഇരുപത്തിയഞ്ചിൽ ഇരുപതുപേർ നിർവ്വാഹകസംഘത്തിൽ അംഗസ്ഥാനം സ്വീകരിച്ചിരിക്കുന്നു. 3-ാംതീർപ്പിലെ നിർദ്ദേശപ്രകാരം നിയമനിർമ്മാതൃസംഘം തെയാർചെയ്ത നിയമാവലി, 110 മിഥുനം 12-ാംനു-യിലെ അറിയിപ്പുപ്രകാരം, മിഥുനം 25-ാംനു- ഞായറാഴ്ച പകൽ 2മണിക്കു തൃശ്ശിവപേരൂർ വിവേകോദയം ഹൈസ്കൂളിൽ വെച്ചുകൂടിയ നിർവ്വാഹകസംഘത്തിൽ ഹാജരാക്കുകയും, പരിശോധി

ഭേദഗതികളോടുകൂടി സ്ഥിരപ്പെടുത്തുകയുംചെയ്തു. മഹാമഹിമശ്രീ രാമവമ്മ അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ടു (അദ്ധ്യക്ഷൻ), ബ്രഹ്മശ്രീ പുന്നശ്ശേരി നമ്പി നീലകണ്ഠശമ്മ, രാജശ്രീ കെ. സി. വീരരായൻ രാജാ, ശ്രീമാൻ പി. വി. കൃഷ്ണവാരിയർ, ശ്രീമതി തോട്ടക്കാട്ടു മാധവി അമ്മ, ശ്രീമാൻ പാലിയത്തു അനുജൻ അച്ചൻ, (കാര്യദശി) എന്നീ ആറംഗങ്ങൾ യോഗത്തിൽ ഹാജരുണ്ടായിരുന്നു. തല്ക്കാലത്തേക്കു കാര്യദശിയായ ശ്രീമാൻ അനുജൻ അച്ചൻ അവർകളെത്തന്നെ സംഘത്തിൻെറ ഖജാൻജിയായി നിയമിച്ചിരിക്കുന്നു. സ്ഥിരപ്പെടുത്തിയ നിയമാവലി ഇതോടുകൂടി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

നിയമാവലിയുടെ പ്രസിദ്ധീകരണംകൊണ്ടു പരിഷത്തിൻെറ ആകൃതി കുറിക്കുക മാത്രമേ ആകുന്നുള്ളു. പരിഷത്തിലെ അംഗങ്ങളായി പാലകസദസ്യരും വിശിഷ്ടസദസ്യരും ആജീവനസദസ്യരും സാധാരണസദസ്യരും ചേൎന്ന ശരീരവും, വരിപിരിഞ്ഞു ജീവനം ഉണ്ടാകേണ്ടതായിട്ടാണിരിക്കുന്നതു്. ആയതിന്നു കേരളക്ഷേമകാംക്ഷികളുടേയും, ഭാഷാപണ്ഡിതന്മാരുടേയും, ഭാഷാഭിമാനികളുടേയും, ഭാഷാപ്രണയികളുടേയും സഹായസഹകരണങ്ങൾ ഒഴിച്ചുകൂടാത്തതാകുന്നു. പരിഷത്തിൻെറ സകല ശ്രേയസ്സും അംഗങ്ങളുടെ സംഖ്യയേയും, ധനത്തിൻെറ സ്ഥിതിയേയും അപേക്ഷിച്ചാണു് നില്ക്കുന്നതു്. ഓരോ വകുപ്പിലും ചേരുവാനാഗ്രഹിക്കുന്ന സദസ്യർ, അവരവരുടെ അപേക്ഷകളും അടക്കേണ്ട അവകാശങ്ങളും, ശ്രീമാൻ പാലിയത്തു് അനുജൻ അച്ചൻ—കാര്യദശി—തൃശ്ശിവപേരൂർ, എന്ന മേൽവിലാസത്തിൽ അയക്കേണ്ടതാകുന്നു.

പിരിയുന്ന സംഖ്യകൾ പിടിപ്പതും ഉറപ്പുള്ള ബാങ്കിൽ അടക്കുന്നതും, നിയമാവലി 7-ാംവകുപ്പു (ജ) എന്ന ഖണ്ഡത്തിലെ നിശ്ചയമനുസരിച്ചു നടക്കുന്നതും ആകുന്നു.

സാഹിത്യപരിഷത് കാര്യാലയം, തൃശ്ശിവപേരൂർ. 25—11—1103. } രാമവമ്മ (ഒപ്പ്). അദ്ധ്യക്ഷൻ.

# നിയമാവലി.

### 1. പേരു്.

ഈ പരിഷത്തിൻെറ പേരു് "കേരള സാഹിത്യപരിഷത്തു്" എന്നായിരിക്കണം.

### 2. ഉദ്ദേശം.

ഈ പരിഷത്തിൻെറ ഉദ്ദേശം ഭാഷയ്ക്കു സൎവ്വതോമുഖമായ അഭിവൃദ്ധി സമ്പാദിക്കുകയാകുന്നു.

### 3. ഉദ്ദേശസാദ്ധ്യത്തിനുള്ള മാൎഗ്ഗങ്ങൾ.

പരിഷത്തിൻെറ ഉദ്ദേശസാദ്ധ്യത്തിന്നായി താഴെ ചേൎക്കുന്നതും അതാതുസമയം യുക്തമെന്നു തോന്നുന്നതുമായ മാൎഗ്ഗങ്ങളെ അവലംബിക്കാവുന്നതാകുന്നു.

(ക) ഗവേഷണം:—കേവലഭാഷാചരിത്രം, ഭാഷാസാഹിത്യചരിത്രം, നിഘണ്ടു (സാമാന്യശബ്ദനിഘണ്ടു, സാങ്കേതികശബ്ദനിഘണ്ടു), വ്യാകരണം, ദേശചരിത്രം, കലാചരിത്രം മുതലായ വിഷയങ്ങളിൽ ഗവേഷണം നടത്തുക.

(ഖ) സംഭരണം:—(i) പഴയ ഗ്രന്ഥങ്ങൾ, പഴയ രേഖകൾ, പ്രസിദ്ധംചെയ്ത പുസ്തകങ്ങൾ മുതലായവ അടങ്ങിയ ഒരു ഗ്രന്ഥശാല ഏൎപ്പെടുത്തുക.

(ii) ഭാഷാചരിത്രം മുതലായ ചരിത്രങ്ങൾ ഉണ്ടാക്കുവാൻ സഹായിക്കുന്നവയായ വസ്തുക്കൾ അടങ്ങിയ ഒരു പ്രദൎശനശാല സ്ഥാപിക്കുക.

(ഗ) നിൎമ്മാണം:—കല്പിതങ്ങളും വിവൎത്തിതങ്ങളും അനുകൃതങ്ങളും ആയ ഗ്രന്ഥങ്ങളുടെ നിൎമ്മാണം.

സൂചനം:—ഇതിൽ ശാസ്ത്രഗ്രന്ഥങ്ങൾക്കു പ്രാധാന്യം കൊടുക്കേണ്ടതാകുന്നു.

(ഘ) പ്രസാധനം:—ഇതുവരെ പ്രസിദ്ധപ്പെടുത്തീട്ടുള്ളതും പുതുതായി പ്രസിദ്ധംചെയ്യുന്നതും ആയ ഗ്രന്ഥങ്ങളെ പാഠശുദ്ധിവരുത്തി നന്നാക്കി പ്രസാധനംചെയ്യുക.

(ങ) മുദ്രണം:—ഭാഷാവ്യാകരണനിയമങ്ങൾക്കും ഭാഷാസാഹിത്യനിയമങ്ങൾക്കും വിരോധംകൂടാതെ മുദ്രണത്തിനുവേണ്ടുന്ന വ്യവസ്ഥകൾ ചെയ്യുക.

(ച) വിമൎശനം:—ശരിയായ രീതിയിൽ ഗ്രന്ഥങ്ങളെ വിമൎശിച്ചു കാണിക്കുക.

(ഛ) പ്രവൎത്തനം:—വൎത്തമാനപത്രങ്ങൾ, മാസികകൾ മുതലായവ ഉത്തമരീതിയിൽ നടത്തുക.

(ജ) പ്രചാരണം:—ഗ്രന്ഥശാല, കലാശാല, പാഠശാല, പ്രസംഗം, പ്രദൎശനം, ലഘുപത്രിക എന്നീ മാൎഗ്ഗങ്ങളിൽകൂടി കേരളത്തിൽ എല്ലാ ദേശങ്ങളിലും ഭാഷാസാഹിത്യത്തിന്ന് പ്രചാരംവരുത്തുക.

### 4. സാമാന്യഘടന.

(ക) പരിഷത്തിലെ അംഗങ്ങൾ,

(1) പാലകസദസ്യർ, (2) ആജീവനസദസ്യർ,

(3) വിശിഷ്ടസദസ്യർ, (4) സാധാരണസദസ്യർ,

ഇങ്ങനെ നാലു തരത്തിലായിരിക്കും.

(ഖ) 250 കയോ തത്തുല്യമായ മററുവിധത്തിലുള്ള സംഭാവനയോ കൊടുക്കുന്നവർ 'പാലകസദസ്യ'രായിരിക്കുന്നാണ്.

(ഗ) സാഹിത്യക്ഷേത്രത്തിൽ ലബ്ധപ്രതിഷ്ഠരായിരിക്കണം 'വിശിഷ്ടസദസ്യർ'

(i) ഇവരുടെ സംഖ്യ പ്രത്യേകകാരണങ്ങളാലല്ലാതെ ഒമ്പതിൽ കവിയാവുന്നതല്ല.

(ii) വിശിഷ്ടസദസ്യൎക്ക സാധാരണ സദസ്യരുടെ അധികാരങ്ങളെല്ലാം ഉണ്ടായിരിക്കുന്നതാകുന്നു. എന്നാൽ ഇവർ വരിപ്പണം കൊടുക്കുവാൻ ബാദ്ധ്യതപ്പെട്ടവരല്ല.

(ഘ) പരിഷത്തിനുവേണ്ടി 100ക ഒരു കൊല്ലത്തിനിടക്കു സംഭാവനചെയ്യുന്നവരായിരിക്കും 'ആജീവനസദസ്യർ'.

(ങ) സാധാരണ സദസ്യർ ആണ്ടിൽ 4ക. വീതം പരിഷത്തിന് വരിപ്പണം കൊടുക്കേണ്ടതാകുന്നു.

(i) ഇവർ അംഗമായി ചേരുമ്പോൾ എട്ടണ വീതം അവകാശം അടക്കേണ്ടതാകുന്നു.

(ii) ചേരുന്നകൊല്ലത്തിലടക്കേണ്ട വരിസംഖ്യ ചേൎന്ന തീയതിമുതൽ മൂന്നുമാസത്തിനുള്ളിലും, കൊല്ലംതോറുമുള്ള വരിസംഖ്യ കൊല്ലത്തെ ആദ്യത്തെ മൂന്നുമാസത്തിന്നകവും കൊടുത്തുതീക്കേണ്ടതാകുന്നു. വൎഷപാദത്തിൽ എന്നുചേൎന്നാലും ആ വൎഷപാദത്തിൻെറ ആദ്യംമുതൽ ക്രമപ്രകാരമുള്ള വരിസംഖ്യ അടക്കേണ്ടതാകുന്നു.

(ച) മേല്പറഞ്ഞ നാലുതരം സദസ്യരേയും പരിഷത്തിൽ ചേൎക്കുവാനുള്ള അധികാരം നിൎവ്വാഹകസംഘത്തിന്നാകുന്നു.

(ഛ) പരിഷത്തിൻെറ കൊല്ലം മേടത്തോട്ട മേടമായിരിക്കുന്നതാകുന്നു.

5. സദസ്യരുടെ അവകാശങ്ങളും അധികാരങ്ങളും.

(ക) സാഹിത്യപരിഷത്തിൽനിന്നു നടത്തുന്ന മാസിക എല്ലാസ്സദസ്യൎക്കും വിലകൂടാതെ കിട്ടുന്നതാകുന്നു.

(ഖ) പരിഷത്തിൽനിന്നു പ്രസിദ്ധപ്പെടുത്തുന്ന എല്ലാപ്പുസ്തകങ്ങളുടേയും ഓരോപ്രതി മൂന്നിൽ രണ്ടംശം വിലക്കു ഇവൎക്ക കിട്ടുന്നതാകുന്നു.

(ഗ) പരിഷത്തുവക ഗ്രന്ഥശാലയിൽ ശേഖരിക്കുന്ന പുസ്തകങ്ങൾ മുതലായവ ശാലാദ്ധ്യക്ഷൻെറ അനുവാദത്തോടുകൂടി അവിടെവെച്ചു വായിക്കാവുന്നതാണ്.

(ഘ) പരിഷത്തിൻെറ കാൎയ്യവിചാരയോഗങ്ങളിൽ പരിഷത്തിലെ അംഗങ്ങൾക്കു മാത്രം സമ്മതിദാനത്തിന്നധികാരമുള്ളതാകുന്നു.

6. കാൎയ്യനിൎവ്വഹണം.

(ക) പരിഷത്തിൻെറ കാൎയ്യങ്ങൾ നിൎവ്വഹിക്കുന്നതിന്നു ഒരദ്ധ്യക്ഷനും, രണ്ടു കാൎയ്യദൎശികളും ഒരു ഖജാൻജിയും ഉൾപ്പടെ 25-ൽ അധികമാവാതെ അംഗങ്ങൾഅടങ്ങിയ ഒരുസംഘം ഉണ്ടായിരിക്കേണ്ടതാകുന്നു.

(ഖ) ഈ സംഘാംഗങ്ങളെ കൊല്ലംതോറും വാൎഷികയോഗത്തിൽ വെച്ചു തിരഞ്ഞെടുക്കേണ്ടതാകുന്നു.

(ഗ) സംഘാംഗങ്ങളിൽ ഒഴിവുവന്നാൽ ആ സ്ഥാനത്തേക്കു ആളെ നിയമിക്കുവാൻ സംഘത്തിന്നു അധികാരമുള്ളതാകുന്നു.

(ഘ) സംഘത്തിൻെറ തലസ്ഥാനം തൽക്കാലം തൃശ്ശിവപേരൂർ ആയിരിക്കുന്നതാണ്.

7. കാര്യനിർവ്വാഹകസംഘത്തിൻെറ അധികാരം.

(ക) പരിഷത്തിൻെറ ആയവ്യയം തുടങ്ങിയ എല്ലാകാര്യങ്ങളും സാധാരണയായി കാര്യനിർവ്വാഹകസംഘം നിർവ്വഹിക്കേണ്ടതാകുന്നു.

(ഖ) അടുത്തകൊല്ലത്തേക്കുള്ള വരവുചിലവുകളുടെ ഉദ്ദേശക്കണക്ക് പരിഷത്തിൻെറ വാർഷികയോഗത്തിൽ ഹാജരാക്കി അനുവദിപ്പിക്കേണ്ടതാകുന്നു.

(ഗ) പരിഷത്തിൻെറ ആജ്ഞയെ നിർവ്വഹിക്കുവാൻ ആവശ്യംപോലെ ഏതെങ്കിലും ശമ്പളക്കാരെ വെക്കുവാനും പിരിക്കുവാനും നിർവാഹകസംഘാദ്ധ്യക്ഷന്നധികാരമുള്ളതാകുന്നു. എന്നാൽ തസ്തിക നിശ്ചയിക്കുന്നതു നിർവ്വാഹകസംഘത്തിൻെറ അധികാരത്തിൽ പെട്ടതായിരിക്കും.

(ഘ) പ്രത്യേകമായ ഏതെങ്കിലും കാര്യനിർവ്വഹണത്തിന് ഉപസംഘങ്ങളെ സ്ഥാപിക്കാവുന്നതാകുന്നു.

(ങ) ആവശ്യമുള്ളപ്പോഴോ, പത്തിൽ കുറയാതെ നിർവാഹകസംഘാംഗങ്ങൾ രേഖാമൂലം ആവശ്യമപ്പെട്ടാലൊ അദ്ധ്യക്ഷൻെറ നിർദ്ദേശപ്രകാരം കാര്യദർശി നിർവ്വാഹകസംഘം വിളിച്ചുകൂട്ടേണ്ടതാകുന്നു.

(ച) കാര്യാലോചനവിഷയത്തിൽ തുല്യപക്ഷമാകുമ്പോൾ അദ്ധ്യക്ഷപക്ഷം ബലപ്പെടുന്നതാകുന്നു,

(ഛ) കാര്യനിർവാഹകസംഘത്തിലെ യോഗങ്ങളിൽ സംഘാദ്ധ്യക്ഷൻ സഭാനാഥനായിരിക്കുന്നതും, അദ്ധ്യക്ഷന്നു സൌകര്യമില്ലാത്തപക്ഷം സംഘാംഗങ്ങളിൽ ഒരാളെ തൽക്കാലത്തേക്കു നിശ്ചയിക്കുവാൻ സംഘത്തിന്നു അധികാരമുള്ളതും ആകുന്നു.

(ജ) എന്തെങ്കിലും വിശേഷകാര്യം അടിയന്തരമായി പ്രവർത്തിക്കേണ്ടതായിവന്നാൽ 50ക. വരെ ചിലവുചെയ്യുവാൻ അദ്ധ്യക്ഷന്നു അധികാരമുള്ളതും, അങ്ങനെ ചെയ്യുന്ന ചിലവ് അടുത്ത കാര്യനിർവഹണസംഘത്തിൽ ബോദ്ധ്യപ്പെടുത്തി അനുവദിപ്പിക്കേണ്ടതുമാകുന്നു.

(ഝ) വേണ്ടിവന്നാൽ ഏതെങ്കിലും കാര്യങ്ങൾ എഴുത്തുമൂലം അംഗങ്ങളെ അറിയിച്ചു നിർവഹിക്കാവുന്നതാകുന്നു. എന്നാൽ പകുതിയിലധികം അംഗങ്ങളുടെയെങ്കിലും അഭിപ്രായം യോജിച്ചിരിക്കണം.

8, നിർവാഹകസംഘത്തിൻെറ ചുമതല.

(ക) സംഘത്തിൻെറ ഓരോ യോഗത്തിലും ചുരുങ്ങിയത് അഞ്ചു അംഗങ്ങളെങ്കിലും ഹാജരുണ്ടായിരിക്കണം.

(ഖ) യോഗം കൂടുന്നതിന് കുറഞ്ഞതു പത്തുദിവസംമുമ്പ് അംഗങ്ങൾക്ക് അറിവ് കൊടുക്കേണ്ടതാകുന്നു.

(ഗ) നിർവ്വാഹകസംഘത്തിലെ നടവടികൾ കാര്യദർശി രേഖപ്പെടുത്തി അദ്ധ്യക്ഷനെക്കൊണ്ടു അടയാളം വെപ്പിക്കേണ്ടതും, അടുത്തയോഗത്തിൽ ഹാജരാക്കേണ്ടതും ആകുന്നു.

(ഘ) പരിഷത്തുസംബന്ധമായ പണമിടപാടുകളും കണക്കുകളും സംബന്ധിച്ച ചുമതലകൾക്കു ഖജാൻജി ഉത്തരവാദിയാകുന്നു.

൯. വാർഷികയോഗം.

(ക) പരിഷത്തിന്റെ വാർഷികയോഗം കൊല്ലംതോറും നിർവ്വാഹകസംഘത്തിന്റെ യുക്തംപോലെ കാലവും ദേശവും നിശ്ചയിച്ചു നടത്തേണ്ടതാകുന്നു.

(ഖ) വാർഷികയോഗത്തിലേയ്ക്കുള്ള അദ്ധ്യക്ഷനായി സദസ്യന്മാരിൽനിന്നു ഒരാളെ നിർവ്വാഹകസംഘത്തിന്നു തിരഞ്ഞെടുക്കാവുന്നതാകുന്നു.

10. പ്രാദേശികസംഘം.

(ക) പരിഷത്തിലെ സദസ്യർക്കു കേരളത്തിൽ എവിടെയെങ്കിലും പ്രാദേശികസംഘങ്ങൾ സ്ഥാപിക്കാവുന്നതാകുന്നു.

(ഖ) പരിഷത്തിലെ സദസ്യർക്കല്ലാതെ പ്രാദേശികസംഘങ്ങളിൽ അംഗങ്ങളായിരിക്കുവാൻ പാടുള്ളതല്ല. എന്നാൽ ഇരുപത്തിയഞ്ചിൽ കുറയാതെ അംഗങ്ങൾ അതിൽ ഉണ്ടായിരിക്കേണ്ടതാകുന്നു.

(ഗ) പ്രാദേശികസംഘങ്ങൾ പരിഷത്തിന്റെ ഉദ്ദേശമനുസരിച്ചു നടക്കേണ്ടതാകുന്നു.

(ഘ) എന്നാൽ അതാതുപ്രദേശങ്ങൾക്കു പ്രത്യേകമായ നടവടികൾ വല്ലതും വേണ്ടിവരുന്നതായാൽ പരിഷത്തിന്റെ സാമാന്യനിയമങ്ങൾക്കും ഉദ്ദേശങ്ങൾക്കും വിരോധംകൂടാതെ അപ്രകാരമുള്ള നടവടികൾ പ്രാദേശികസംഘങ്ങൾക്കു സ്വതന്ത്രമായി നടത്തുവാൻ അധികാരമുള്ളതാകുന്നു.

(ങ) പ്രാദേശികസംഘങ്ങൾ അവരവരുടെ സങ്കേതത്തിന്നകത്തുള്ള സദസ്യരുടെ വരിസംഖ്യ പിരിച്ച് അതിൽ നൂററുക്കു എഴുപത്തഞ്ചു കണ്ടു പ്രധാനസംഘത്തിലേക്കു അയച്ചുകൊടുക്കേണ്ടതും ബാക്കി അതാതുസംഘത്തിലെ ചിലവിലേക്കു ഉപയോഗിക്കാവുന്നതുമാകുന്നു.

11. പ്രത്യേകനിബന്ധന.

ആവശ്യം വേണ്ടിവരുന്ന ഘട്ടങ്ങളിലൊഴികെ പരിഷത്തിനെ സംബന്ധിച്ചിട്ടുള്ള കാര്യങ്ങളിൽ ഒന്നിലും മലയാളഭാഷയല്ലാതെ വേറെ ഒരു ഭാഷയും ഉപയോഗിക്കാവുന്നതല്ല.

കേരളസാഹിത്യപരിഷത്ത് കാര്യാലയം, തൃശ്ശിവപേരൂർ, 25—11—1103 } രാമവർമ്മ (ഒപ്പ്) അദ്ധ്യക്ഷൻ.